

# സത്യദൂതൻ

2021 ഫെബ്രുവരി | ലക്കം 02

വില ₹ 30

## ഹദ്റത്ത് ഉസ്മാൻ (റ): പ്രാഥസ്മരണീയരായ സഹാബിമാരിലൊരാൾ

## അമേരിക്ക ബൈഡനു കീഴിൽ

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




### Quran

Read the Holy Quran in easy Yassarnal Quran Font




### Conditions of Bai'at

A pocket reference of Shara't-e-Bai'at in 7 languages



### Sermons

Huzoor's Friday Sermons In 15 languages




### MTA

Watch MTA Live, view Schedule and much more



### Ahmadiyya News

Stay up to date with the Latest jama'at news

View these apps at alislam.org/apps or scan the QR code below





The Sathyadoothan Monthly

لا الٰہ الا اللہ محمد رسول اللہ

# സത്യദൂതൻ

2021 ഫെബ്രുവരി
ഹി.ശ.1401- തബ്‌ലീഗ്
1442 ജ. ആഖിർ - റജബ്
പുസ്തകം 93 ലക്കം 2
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം





**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ സംഗ്രഹം
**ഹദ്റത്ത് ഉസ്മാൻ (റ): പ്രാഥസ്മരണീയരായ സഹാബിമാരിലൊരാൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2021 ജനുവരി 22-ാം തീയതി യുകെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**10**
**മൗലാനാ മുഹമ്മദ് ഉമർ സാഹിബുമായുള്ള അഭിമുഖം**

**16**
ഭാഗം - 2
**സ്വപ്നങ്ങളുടെ അത്ഭുത നിഗൂഢ ലോകം**
മൗലാന ദോസ്ത് മുഹമ്മദ് ഷാഹിദ്

**20**
**നിരീശ്വരവാദം വിചാരണ ചെയ്യപ്പെടുന്നു - 3**
സബാഹത്ത് അലി രജ്പുത്

**23**
**അമേരിക്ക: ആഭ്യന്തര യുദ്ധത്തിന്റെ വക്കിൽ**
പി എം സലീം

**25**
ജോർദാൻ ഒരു ചരിത്ര ഭൂമി - 2
**ചാവുകടൽ**
എ. ക്യു. മഹ്ദി

**29**
ഭാഗം - 14
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**36**
കുറിപ്പുകൾ
**അമേരിക്ക ബൈഡനു കീഴിൽ**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



മനുഷ്യ വംശത്തിന്റെ നന്മക്കായി എഴുന്നേൽപ്പിക്കപ്പെട്ട ഏറ്റവും ഉത്തമ സമുദായമാകുന്നു നിങ്ങൾ. നിങ്ങൾ നല്ല കാര്യങ്ങൾ നിർദേശിക്കുകയും ചീത്തകാര്യങ്ങൾ നിരോധിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. ഗ്രന്ഥാനുസാരികൾ വിശ്വസിച്ചിരുന്നെങ്കിൽ അവർക്കത് ഗുണകരമായേനെ. (3:111)



## നബിവചനം

നിങ്ങളുടെ ഏറ്റവും നല്ല നേതാക്കാന്മാർ നിങ്ങളെ സ്നേഹിക്കുകയും നിങ്ങൾ അവരെ സ്നേഹിക്കുകയും ചെയ്യുന്നവരാണ്. ഏറ്റവും മോശപ്പെട്ട നിങ്ങളുടെ നേതാക്കന്മാർ നിങ്ങൾ വെറുക്കുകയും ചെയ്യുന്നുവരും. അവർ നിങ്ങളെ വെറുക്കുകയും ചെയ്യുന്നവരുമായിരിക്കും. അവരെ നിങ്ങൾ ശപിക്കുകയും അവർ നിങ്ങളെ ശപിക്കുകയും ചെയ്യും. (മുസ്‌ലിം)

## വാഗ്ദത്ത മസീഹിന്റെ വചനം

**പരജനകാംഷ**

ഏകദൈവത്തിൽ വിശ്വസിക്കുക എന്നത് പോലെ തന്നെ സമസൃഷ്ടികളോട് അനുകമ്പയോടും സഹിഷ്ണുതാഭാവത്തോടും കൂടി വർത്തിക്കുക എന്നതും നമ്മുടെ മതത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു ഉപദേശമാകുന്നു. അതിനാൽ അത്യാവശ്യവും ഗുണകരവുമായ ഒരു കാര്യത്തിന്ന് വേണ്ടി അത്ര ആവശ്യമില്ലാത്തതിനെ ഉപേക്ഷിക്കുക എന്നത് മതനിരോധമല്ല. മതധർമ്മം എന്നാൽ ദൈവം നിരോധിച്ച സംഗതികളിൽ നിന്നെല്ലാം ഒഴിഞ്ഞുമാറി നിൽക്കുകയും അവന്റെ സകല സൃഷ്ടികൾക്കും നന്മയും ഉപകാരവും ചെയ്യുകയും എല്ലാവരോടും അനുകമ്പ കാണിക്കുകയും ലോകത്ത് വന്ന സകല പ്രവാചകന്മാരും അതത് കാലത്ത് മനുഷ്യരെ നന്നാക്കി തീർക്കുന്നതിന്ന് ഏൽപ്പിക്കപ്പെട്ട ദിവ്യദൂതന്മാരും പരിഷ്ക്കർത്താക്കളുമാണെന്ന് വിശ്വസിക്കുകയും അവരുടെ ഇടയിൽ വ്യത്യാസം കൽപ്പിക്കാതിരി ക്കുകയും എല്ലാമനുഷ്യരോടും ദയാപൂർവ്വം പെരുമാറുകയും ചെയ്യുക എന്നതാകുന്നു. (പൈഗാമെ സുൽഹ്)



എഡിറ്റോറിയൽ

# മധ്യമ സമുദായത്തിന്റെ ഇസ്‌ലാമിക പുനരുജ്ജീവനം


**'അപ്രകാരം നിങ്ങളെ നാം ഒരു മധ്യമ സമുദായം (ഉമ്മത്തൻ വസത്തൻ) ആക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് മേൽ സാക്ഷ്യം വഹിക്കാനും ഈ പ്രവാചകൻ നിങ്ങളുടെ മേൽ സാക്ഷ്യം വഹിക്കുന്നതിനും വേണ്ടി.' (2:143)**

രാഷ്ട്രീയമായും മതപരമായും അസഹിഷ്ണുതയോടുകൂടിയ ആത്യന്തിക വാദത്തെയാണ് തീവ്രവാദം എന്ന് പദം കൊണ്ട് വിവക്ഷിക്കുന്നത്. മുസ്‌ലിം ലോകം ഇത്തരത്തിലുള്ള നിലപാടുകൾ കൊണ്ട് കുപ്രസിദ്ധമാണ്. ബഹുഭൂരിപക്ഷം മുസ്‌ലിം സമൂഹത്തിന്റെ മേലും ഈ അപകീർത്തി മുദ്രിതമാണ്. ശക്തിയിലും അധികാരത്തിലും സംഹാരാത്മകമായ ഭരണത്തിലുമാണ് ഇവർ വിശ്വാസമർപ്പിച്ചിരിക്കുന്നത്. ഇരുപതാം നൂറ്റാണ്ട് ഹിംസയിലും വിപ്ലവത്തിലും അധിഷ്ഠിതമായ പല രാഷ്ട്രീയ ഭൗതിക പ്രത്യയശാസ്ത്രങ്ങളുടെയും പരീക്ഷണ വേദിയാണ്. ആ പരാജയപ്പെട്ട ഭൗതിക പ്രത്യയശാസ്ത്രങ്ങൾ മതരാഷ്ട്രവാദമായും രാഷ്ട്രീയ ഇസ്‌ലാമായും പലരും സന്ദർഭം പോലെ ഇസ്‌ലാമിന്റെ പേരിൽ എടുത്തുപയോഗിക്കുന്നു. ആ വകയിൽ എന്തെങ്കിലും പുരുജ്ജീവനമാണ് അവർ പ്രതീക്ഷിക്കുന്നത്. ഇസ്‌ലാമിന്റെ ഹൃദയാവർജ്ജകമായ നിസ്സർഗ്ഗ സൗന്ദര്യം ഇവരെ സ്വാധീനിച്ചിട്ടില്ല. റസൂൽ തിരുമേനി (സ)യുടെ വിനയത്തിന്റേയും കാരുണ്യത്തിന്റേയും സഹനത്തിന്റെയും സമർപ്പണത്തിന്റേയും ജീവിതമാതൃക അവരെ ആകർഷിച്ചിട്ടില്ല. ഇസ്‌ലാമിന്റെ ആത്മീയ സാന്ദ്രമായ ധാർമികാധ്യാപനങ്ങളോ ദിവ്യാത്മാക്കളുടെ ജീവിതമോ അവരിൽ ചലനം സൃഷ്ടിക്കാറില്ല. പ്രാർത്ഥനയിലൂടെ പ്രപഞ്ചനാഥന്റെ മുമ്പിൽ അവർ തങ്ങളുടെ ഹൃദയ വിലാപങ്ങളാൽ പ്രണിപതിക്കാറില്ല. റഹ്മാനായ റബ്ബിന്റെ മുമ്പിൽ ഇസ്തിഗ്ഫാറിന്റെയും തൗബയുടെയും അർത്ഥനകൾ അവർ സമർപ്പിക്കാറില്ല. ജീവിത പരീക്ഷണങ്ങളിൽ ആത്മ നിയന്ത്രണത്തിന്റെ ഇസ്‌ലാമിക കീഴ്‌വഴക്കങ്ങൾ അവർ പാലിക്കാറില്ല. ഇക്കൂട്ടരുടെ മനോഗതിയും സംസ്ക്കാരവും മറ്റൊന്നാണ്. ഐഹിക ലോകത്തിലെ വിഭവങ്ങളും അധികാരങ്ങളും മതത്തിന്റെ പേരിൽ അവർക്ക് ക്ഷിപ്രസാദ്ധ്യമാകണം. അതുകൊണ്ടാണ് വാൾതലപ്പുകളിലും ആയുധങ്ങളിലും പേശീബലത്തിലും അവർ അഭയം തേടുന്നത്. അതിന്നാണ് അവർ മസീഹിനെ കാത്തിരിക്കുന്നത്.

ഖുർആൻ പറയുന്നു: ***'പറയുക, ഗ്രന്ഥാനുസാരികളേ നിങ്ങളുടെ മതകാര്യങ്ങളിൽ നിങ്ങൾ അന്യായമായ നിലയിൽ അതിരുകവിയരുത്. മുമ്പ് വഴികേടിലായായിപ്പോയ ഒരു ജനതയുടെ സേച്ഛകളെ നിങ്ങൾ പിൻപറ്റുകയുമരുത്.'(5:77)***

ഉത്കൃഷ്ട സമുദായം, മധ്യമ സമുദായം എന്നീ അഭിധാനങ്ങളിൽ വാഴ്ത്തപ്പെട്ട മുസ്‌ലിം സമൂഹത്തിന്റെ സ്ഥിതി ഇന്നെന്താണ്?. ഭൗതിക പ്രലോഭനങ്ങളിൽ അവർ ജീർണ്ണിതമായിരിക്കുന്നു!! സമുദായത്തിന്റെ ആത്മീയവും സാംസ്കാരികവുമായ പുനരുജ്ജീവനം സംഘടനകൾക്കും പ്രസ്ഥാനങ്ങൾക്കും സാദ്ധ്യമല്ല. അത് അല്ലാഹുവിന്റെ സമ്പ്രദായവുമല്ല. അല്ലാഹു പണ്ട്കാലങ്ങളിൽ ചെയ്തത് പോലെ അവന്റെ വാഗ്ദാന പ്രകാരമുള്ള ഒരു ഇമാമുസ്സമാനെ അയച്ച്കൊണ്ടാണ് അത് നിർവ്വഹിക്കുക. അപ്രകാരം ആഗതനായ മഹാത്മാവാണ് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ). അദ്ദേഹം പറയുന്നു:

ഇപ്പോൾ അവശേഷിക്കുന്ന ചോദ്യം ഇതാണ്. സകലമാന മുസ്‌ലിംകളും യോഗി വര്യന്മാരും (സാഹിദ്മാർ) സ്വപ്നദർശികളും ദിവ്യഭാഷണം ലഭിക്കുന്നവരും(മുൽഹം) എല്ലാവരും ആരെ പിന്തുടരാൻ നിർബന്ധിക്കപ്പെട്ടിരിക്കുന്നുവോ ആ ഇമാമുസ്സമാൻ ആരാണ്? ഞാൻ ഈ അവസരത്തിൽ നിർഭയം പ്രഖ്യാപിക്കുന്നു. ദൈവാനുഗ്രഹത്താലും അവന്റെ വരപ്രസാദത്താലും ആ ഇമാമുസ്സസമാൻ ഞാൻ തന്നെയാകുന്നു. എന്നിൽ ആ എല്ലാ അടയാളങ്ങളും എല്ലാ നിബന്ധനകളും ദൈവം ഒരുമിച്ചു കൂട്ടിയിരിക്കുന്നു. ഈ നൂറ്റാണ്ടിന്റെ തലക്കൽ അവൻ എന്നെ നിയമിക്കുകയും ചെയ്തിരിക്കുന്നു. (സറൂറത്തുൽ ഇമാം)



ഹദ്റത്ത് അഹ്മദ് (അ)

# ഞാൻ ദൈവനിയുക്തനായ മസീഹാണ്

ഓ മുസ്‌ലിംകളെ ഓർത്തുകൊള്ളുക അല്ലാഹു എന്നിലൂടെ നിങ്ങൾക്ക് ഒരു സുവാർത്ത അറിയിച്ചിരിക്കയാണ്. ഞാൻ എന്റെ സന്ദേശം എത്തിച്ചിരിക്കു ന്നു. അത് ശ്രവിക്കുന്നതും ശ്രവിക്കാതിരിക്കുന്നതും നിങ്ങളുടെ ഇഷ്ടം. ഹദ്റത്ത് ഈസാ നബി (അ) മരിച്ചു പോയിരിക്കുന്നു എന്നത് തികച്ചും സത്യമാണ്. വാഗ്ദാനം ചെയ്യപ്പെട്ട ആൾ ഞാനാണെന്ന് അല്ലാഹുവിന്റെ പേരിൽ ഞാൻ ആണയിട്ട് പറയുകയാണ്. ഇസ്‌ലാമിന്റെ ജീവിതം ഈസാ നബി (അ) ന്റെ മരണത്തിലാണ് ഉള്ളതെന്നത് ഒരു ഉറച്ച സത്യമാണ്.

.......... ഇനി ചിന്തിച്ചാലും! വാദിയായ ഞാൻ ദജ്ജാലാണെന്നും കള്ളവാദിയാണെന്നും മുദ്രകുത്തപ്പെടുകയുണ്ടായി. എന്നിട്ടും വ്യാജവാദിയായ എനിക്കായി ഇത്രയധികം അടയാളങ്ങൾ പൂർത്തിയാക്കപ്പെടുക എന്നത് അത്ഭുതകരം തന്നെ. ഞാനല്ലാതെ മറ്റൊരാളാണ് വരേണ്ടതെങ്കിൽ പിന്നെ അയാൾക്ക് എന്തടയാളമാണ് അവശേഷിക്കുക. അൽപ്പമെങ്കിലും നീതി കാണിക്കൂ. അല്ലാഹുവിനെ ഭയപ്പെടുക. അല്ലാഹു ഏതെങ്കിലും വ്യാജവാദിയെ ഇവ്വിധം സഹായിക്കാറുണ്ടോ? എനിക്കെതിരായി വന്നവരെല്ലാം പരാജിതരായി എന്ന കാര്യം അത്ഭുതമല്ലേ? ഏതെല്ലാം ആപത്തുകളിലും അപകടങ്ങളിലുമാണ് എന്റെ എതിരാളികൾ എന്നെ ചാടിക്കാൻ ശ്രമിച്ചത്. അവയിൽ നിന്നെല്ലാം അലാഹു സുരക്ഷിതനായും ഉദ്ദേശ സാഫല്യം ലഭിച്ചവനായും രക്ഷപ്പെടുത്തി. വ്യാജന്മാരോട് അല്ലാഹു ഇങ്ങിനെയാണോ പെരുമാറുക എന്ന് സത്യം ചെയ്ത് ആരെങ്കിലും പറയട്ടെ.

എന്നെ എതിർത്തു കൊണ്ടിരിക്കുന്ന ഉലമാക്കന്മാർക്ക് എന്തു പറ്റിയെന്ന് ഞാൻ പരിതാപപ്പെടുകയാണ്. അവർ വിശുദ്ധ ഖുർആനും ഹദീസുകളും എന്തുകൊണ്ട് സശ്രദ്ധം പാരായണം ചെയ്യുന്നില്ല. ഇതിന്ന് മുമ്പ് കഴിഞ്ഞുപോയ മഹാത്മാക്കളെല്ലാം തന്നെ വാഗ്ദത്ത മസീഹിന്റെ ആഗമനം പതിനാലാം നൂറ്റാണ്ടിലാണെന്ന് പറഞ്ഞുകൊണ്ടിരുന്ന കാര്യം അവർ അറിയുന്നില്ലേ? എല്ലാ ദിവ്യ ദർശകരുടെ ദർശനങ്ങളും ഇവിടം വന്നെത്തി നിൽക്കുന്നു. വാഗ്ദത്ത മസീഹിന്റെ ആഗമനം ഹിജ്റ പതിനാലാം നൂറ്റാണ്ടിനപ്പുറം പോകില്ല എന്ന് ഹിജ്ജുൽ കിറാമ എന്ന ഗ്രന്ഥം വ്യക്തമായി രേഖപ്പെടുത്തുന്നു. വന്യമൃഗങ്ങൾകൂടി അഭയം തേടിയ നൂറ്റാണ്ടാണ് പതിമൂന്നാം നൂറ്റാണ്ടെന്നും പതിനാലാം നൂറ്റാണ്ട് അനുഗൃഹീത നൂറ്റാണ്ടാണെന്നും ഇവർ തന്നെ മിംബറുകളിൽ കയറിനിന്നു കൊണ്ട് പ്രസംഗിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ എന്താണ് ഉണ്ടായത്? പതിനാലാം നൂറ്റാണ്ടിലെ ഇമാമിന് പകരം വന്നത് ഒരു വ്യാജവാദിയാണ്.!! എന്ന് മാത്രമല്ല, അയാളെ പിന്താങ്ങിക്കൊണ്ട് ആയിരക്കണക്കിന്ന് ലക്ഷക്കണക്കിന്ന് അടയാളങ്ങൾ പ്രത്യക്ഷപ്പെട്ടു കൊണ്ടിരിക്കുന്നു. അല്ലാഹു ഒരോ രംഗത്തും എതിർപ്പിലും അദ്ദേഹത്തെ സഹായിച്ചു. കൊണ്ടിരിക്കുന്നു. ഈ കാര്യത്തെക്കുറിച്ച് അൽപ്പം ചിന്തിച്ച് മറുപടി പറയുക. വായ കൊണ്ട് എന്തെങ്കിലും പറയുക എന്നത് എളുപ്പമാണ്. അല്ലാഹുവിനെ ഭയന്ന് കൊണ്ട് സംസാരിക്കുക എന്നത് പ്രയാസകരമാണ്..

ഇത് കൂടാതെ ഒരുകാര്യം കൂടി ശ്രദ്ധേയമാണ്. അല്ലാഹു ഒരു വ്യാജവാദിക്കും കറ്റ് കെട്ടുകാരന്നും ഹദ്റത്ത് റസൂൽ തിരുമേനി(സ)ക്ക് ലഭിച്ചയത്ര കാലയളവ് നൽകുകയില്ല. എനിക്ക് ഇപ്പോൾ 67 വയസ്സായി. എന്റെ നിയോഗിത കാലഘട്ടം 23 വർഷത്തിലധികമായി. ഞാൻ യഥാർത്ഥത്തിൽ ഒരു വ്യാജ വാദിയായിരുന്നെങ്കിൽ അല്ലാഹു ഈ പ്രസ്ഥാനത്തെ ഇത്രയധികം നീട്ടി ക്കൊണ്ടു പോകുമായിരുന്നില്ല.

(ലുധിയാനാ പ്രഭാഷണം) *വിവ: മുഹമ്മദ് ഉമർ*

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2021 ജനുവരി 22–ാം തീയതി യുകെ ഇസ്ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

# ഹദ്റത്ത് ഉസ്മാൻ (റ): പ്രാഥസ്മരണീയരായ സഹാബിമാരിലൊരാൾ




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഇന്ന് ഞാൻ ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ(റ)ന്റെ അനുസ്മരണം ആരംഭിക്കുന്നതാണ്. ഹദ്റത്ത് ഉസ്മാനെ സംബന്ധിച്ച് ഓർക്കേണ്ട ഒന്നാമത്തെ കാര്യം, ഇദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ല. പക്ഷേ അദ്ദേഹത്തെ തിരുനബി(സ) ബദ്ർ യുദ്ധത്തിലെ സമരാർജിത സ്വത്തിൽ ഭാഗഭാക്കാക്കി. ബദ്ർ യുദ്ധത്തിൽ പങ്കെടുത്തവരായി പ്രഖ്യാപിച്ച 8 സൗഭാഗ്യവാന്മാരായ സ്വഹാബാക്കളിൽ അദ്ദേഹവും ഉൾപ്പെടുന്നു.

അദ്ദേഹത്തിന്റെ വംശാവലി, ഹദ്റത്ത് ഉസ്മാൻബിൻ അഫ്ഫാൻ ബിൻ അബ്ദുൽ മനാഫ് ബിൻ കുസയ്യിബ് ബിൻ ഖിലാബ് എന്നാകുന്നു. ഈ തരത്തിൽ അദ്ദേഹത്തിന്റെ വംശാവലി, തിരുനബി(സ)ന്റെ വംശാവലിയുമായി അഞ്ചാമത്തെ പരമ്പരയിൽ അബ്ദുൽ മനാഫുമായി ചേരുന്നുണ്ട്. ഹദ്റത്ത് ഉസ്മാന്റെ മാതാമഹി, തിരുനബി(സ)ന്റെ പിതാവ് ഹദ്റത്ത് അബ്ദുല്ലാഹിന്റെ സ്വന്തം സഹോദരി ആയിരുന്നു. ഹദ്റത്ത് ഉസ്മാന്റെ മാതാവ് അർവാഹ് ബിൻത് ഖുറയ്ള് ഹുദയ്ബിയാ സന്ധിക്കു ശേഷം ഇസ്ലാം സ്വീകരിച്ചിരുന്നു. അങ്ങനെ മക്കയിൽ നിന്ന് ഹിജ്റത്ത് ചെയ്ത് മദീനയിൽ വന്ന് തന്റെ മകൻ ഉസ്മാന്റെ ഖിലാഫത്ത് കാലത്ത് മരണമടയും വരേയും മദീനയിൽ തന്നെ താമസിച്ചു. ഹദ്റത്ത് ഉസ്മാന്റെ പിതാവ് ജാഹിലിയ്യാ കാലത്ത് തന്നെ മരണപ്പെട്ടിരുന്നു. തിരുനബി(സ) തന്റെ മകൾ ഹദ്റത്ത് റുഖയ്യയുമായി ഉസ്മാന്റെ വിവാഹം നടത്തിയിരുന്നു. അവർ ബദ്ർ യുദ്ധ സമയത്ത് വഫാത്തായപ്പോൾ നബി(സ) തന്റെ രണ്ടാമത്തെ മകൾ ഹദ്റത്ത് റുഖയ്യയുടെ സഹോദരി ഉമ്മു കുൽസൂമിന്റെ വിവാഹം ഹദ്റത്ത് ഉസ്മാനുമായി നടത്തി. അതുകൊണ്ട് അദ്ദേഹം ദുന്നൂറയ്ൻ എന്ന് വിളിക്കപ്പെടാൻ തുടങ്ങി.

ഹദ്റത്ത് ഉസ്മാൻ, ഗജവർഷത്തിനു 6 വർഷങ്ങൾക്ക് ശേഷം മക്കയിൽ ഭൂജാതനായി. അദ്ദേഹം തിരുനബി(സ)നേക്കാളും ഏകദേശം അഞ്ചു വർഷം ഇളയതായിരുന്നു. അദ്ദേഹം ഇസ്ലാം സ്വീകരിച്ചതിനെ സംബന്ധിച്ച് അങ്ങനെ പറയപ്പെടുന്നു; ഒരിക്കൽ ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാനും ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലാ

ഹ്‌യും തിരുനബി(സ)ന്റെ സവിധത്തിൽ ഹാജരായി. തിരുനബി(സ) അവർക്ക് രണ്ട് പേർക്കും മുന്നിൽ ഇസ്‌ലാമിന്റെ സന്ദേശം സമർപ്പിച്ചു. അവർക്ക് വിശുദ്ധ ഖുർആൻ ഓതി കേൾപ്പിക്കുകയും ഇസ്‌ലാമിന്റെ കർത്തവ്യങ്ങളെ പറ്റി ബോധ്യപ്പെടുത്തുകയും ചെയ്തു. അല്ലാഹുവിൽ നിന്ന് ലഭ്യമാകാനുള്ള ബഹുമാനാദരവുകളെ പറ്റി വാഗ്ദാനം ചെയ്തു. അതിൽ ഹദ്‌റത്ത് ഉസ്‌മാനും ഹദ്‌റത്ത് ത്വൽഹയും വിശ്വസിക്കുകയും അദ്ദേഹത്തെ സാക്ഷ്യപ്പെടുത്തുകയും ചെയ്തു. ഹദ്‌റത്ത് ഉസ്‌മാൻ, റസൂലുല്ലാഹ്(സ) ദാറുൽ അർഖമിൽ പ്രവേശിക്കുന്നതിന് മുമ്പേ, ആദ്യ കാലത്ത് ഇസ്‌ലാം സ്വീകരിച്ചവരിൽ പെടുന്നു.

ഇസ്‌ലാം സ്വീകരിച്ച ശേഷം അദ്ദേഹത്തിന് മേൽ അക്രമവും ഉണ്ടായി. മൂസാ ബിൻ മുഹമ്മദ് തന്റെ പിതാവിൽനിന്ന് നിവേദനം ചെയ്യുന്നു: ഹദ്‌റത്ത് ഉസ്‌മാൻ ബിൻ അഫ്ഫാൻ, ഇസ്‌ലാം സ്വീകരിച്ചപ്പോൾ അദ്ദേഹത്തിന്റെ പിതൃവ്യൻ ഹക്കം ബിൻ അബ്ദുൽ ആസ് ബിൻ ഉമയ്യ അദ്ദേഹത്തെ കയറു കൊണ്ട് ബന്ധനസ്ഥനാക്കി. എന്നിട്ട് പറഞ്ഞു: നീ നിന്റെ പൂർവ്വപിതാക്കളുടെ മതത്തെ ഒഴിവാക്കി പുതിയ മതം സ്വീകരിച്ചിരിക്കുന്നു. അല്ലാഹുവാണ! നീ നിന്റെ പുതിയ മതം ഉപേക്ഷിക്കാത്തിടത്തോളം ഞാൻ ഒരിക്കലും നിന്റെ കെട്ട് അഴിച്ചു തരുന്നതല്ല. അപ്പോൾ ഉസ്‌മാൻ പറഞ്ഞു: അല്ലാഹുവാണെ! ഞാൻ അത് ഒരിക്കലും ഉപേക്ഷിക്കുകയോ, അതിൽ നിന്ന് അകലുകയോ ചെയ്യുന്നതല്ല. ഹക്കം, അദ്ദേഹത്തിന്റെ ദീനിലുള്ള സ്ഥൈര്യം കണ്ടപ്പോൾ അദ്ദേഹത്തെ വിട്ടയക്കാൻ നിർബന്ധിതനായി.

ഹദ്‌റത്ത് ഉസ്‌മാൻ ബിൻ അഫ്ഫാൻ മക്കയിൽ വച്ചുതന്നെ ഹദ്‌റത്ത് റുഖയ്യയെ വിവാഹം കഴിക്കുകയും അവരെയും കൂട്ടി ഹബ്ശയിലേക്ക് ഹിജ്‌റത്ത് പോവുകയുമുണ്ടായി. ഹദ്‌റത്ത് റുഖയ്യയും ഹദ്‌റത്ത് ഉസ്‌മാനും സൗന്ദര്യത്തിൽ അനുപമരായിരുന്നു. അതുകൊണ്ടു തന്നെ ഏറ്റവും സൗന്ദര്യമുള്ള ഇണകളെ ആരെങ്കിലും കണ്ടിട്ടുണ്ടെങ്കിൽ അത് ഹദ്‌റത്ത് റുഖയ്യയും അവളുടെ ഭർത്താവ് ഹദ്‌റത്ത് ഉസ്‌മാനുമാകുന്നു എന്ന് പറയപ്പെടുന്നു.

അബ്ദുർ റഹ്‌മാൻ ബിൻ ഉസ്‌മാൻ ഖർശിയിൽ നിന്ന് നിവേദനം; തിരുമേനി(സ) തന്റെ മകളുടെ വീട്ടിൽ ആഗതരായി, അപ്പോൾ അവർ ഹദ്‌റത്ത് ഉസ്‌മാന്റെ തല കഴുകി കൊടുക്കുകയായിരുന്നു. തിരുനബി(സ) പറഞ്ഞു: മകളേ! അബു അബ്ദുല്ലാഹിനോട് നല്ല നിലയിൽ വർത്തിക്കുക. തീർച്ചയായും അദ്ദേഹം, എന്റെ സ്വഹാബാക്കളിൽ സൽസ്വഭാവത്തിൽ ഞാനുമായി ഏറ്റവുമധികം സാദൃശ്യമുള്ള ആളാകുന്നു.

സഹാബാക്കൾക്ക് മേലുണ്ടായിരുന്ന പരീക്ഷണങ്ങളും അക്രമങ്ങളും രൂക്ഷമായപ്പോൾ തിരുനബി(സ) സഹാബാക്കളോട് പറഞ്ഞു: നിങ്ങൾ ഹബ്ശയിലേക്ക് പോകുക. അവിടെ ഒരു രാജാവുണ്ട്. അദ്ദേഹത്തിന്റെ നാട്ടിൽ ആരോടും അക്രമം ചെയ്യപ്പെടില്ല. അത് സത്യത്തിന്റെ ഭൂമിയാകുന്നു. അങ്ങനെ അല്ലാഹു ഇപ്പോൾ അനുഭവിക്കുന്ന പരീക്ഷണത്തിൽ നിന്ന് നിങ്ങൾക്ക് സ്വാതന്ത്ര്യം നൽകുന്നതാണ്. തുടർന്ന് റസൂലുല്ലാഹ്(സ)ന്റെ സ്വഹാബാക്കൾ ഹബ്ശയുടെ മണ്ണിലേക്ക് യാത്ര തിരിച്ചു. ഇത് ഇസ്‌ലാമിൽ ഉണ്ടായ ആദ്യത്തെ ഹിജ്‌റത്ത് (പാലായനം) ആകുന്നു. ഹബ്ശയിലേക്ക് പാലായനം ചെയ്ത സ്വഹാബാക്കളിൽ ഹദ്‌റത്ത് ഉസ്‌മാൻ തന്റെ ഭാര്യ ഹദ്‌റത്ത് റുഖയ്യ ബിൻത്ത് റസൂലുല്ലാഹ്(സ)നോടൊപ്പം ഭാഗഭാക്കായിരുന്നു.

ഹദ്‌റത്ത് സഅദ് നിവേദനം ചെയ്യുന്നു: ഹദ്‌റത്ത് ഉസ്‌മാൻ ബിൻ അഫ്ഫാൻ ഹബ്ശയിലേക്ക് ഹിജ്‌റത്ത് ചെയ്യാൻ ആഗ്രഹിച്ചപ്പോൾ തിരുനബി(സ) അദ്ദേഹത്തോട് പറഞ്ഞു: റുഖയ്യയേയും കൂടെ കൊണ്ടുപോകുക. അത് നിങ്ങൾ രണ്ടു പേർക്കും ആത്മവിശ്വാസം നൽകും എന്ന് ഞാൻ കരുതുന്നു. തിരുനബി(സ) പറഞ്ഞു: അബൂബക്കർ! ഹദ്‌റത്ത് ലൂത്തിനും ഹദ്‌റത്ത് ഇബ്‌റാഹീമിനും ശേഷം ഇവർ രണ്ടുപേരുമാണ് ആദ്യമായി ഹിജ്‌റത്ത് ചെയ്യുന്നവർ.

ഹബ്ശയിൽ നിന്ന് അവർ തിരിച്ചെത്തിയ സംഭവവും വിവരിക്കപ്പെട്ടിട്ടുണ്ട്. ചില സ്വഹാബാക്കൾക്ക് ഖുറൈശികൾ ഇസ്‌ലാം സ്വീകരിച്ചുവെന്ന തെറ്റായ വാർത്ത കിട്ടിയപ്പോൾ അവർ സ്വന്തം നാട്ടിൽ തിരിച്ചെത്തി. അതിൽ ഹദ്‌റത്ത് ഉസ്‌മാനും വന്നു. ഇവിടെ വന്നപ്പോൾ വാർത്ത വ്യാജമാണെന്ന് മനസ്സിലാകുകയും തുടർന്ന് ചില സ്വഹാബാക്കൾ വീണ്ടും ഹബ്ശയിലേക്ക് തന്നെ തിരിക്കുകയും ചെയ്തു. എന്നാൽ ഹദ്‌റത്ത് ഉസ്‌മാൻ മക്കയിൽ തന്നെ തങ്ങി. അങ്ങനെ മദീനയിലേക്ക് ഹിജ്‌റത്തിനുള്ള അവസരം വരികയും റസൂലുല്ലാഹ്(സ) എല്ലാ സ്വഹാബാക്കളോടും മദീനയിലേക്ക് ഹിജ്‌റത്തിന് നിർദ്ദേശിക്കുകയും ചെയ്തു. അപ്പോൾ ഹദ്‌റത്ത് ഉസ്‌മാൻ തന്റെ കുടുംബത്തോടൊപ്പം മദീനയിലേക്ക് പുറപ്പെട്ടു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഹദ്‌റത്ത് ഉസ്‌മാന്റെ മദീനയിലേക്കുള്ള ഹിജ്‌റത്തും സാഹോദര്യബന്ധമുണ്ടാക്കിയതും സംബന്ധിച്ച വിവരണം ഇപ്രകാരമാകുന്നു:

ഹദ്‌റത്ത് ഉസ്‌മാൻ മക്കയിൽ നിന്ന് മദീനയിലേക്ക് ഹിജ്‌റത്ത് ചെയ്തപ്പോൾ റസൂലുല്ലാഹ്(സ), ഹദ്‌റത്ത് ഉസ്‌മാനും ഹദ്‌റത്ത് അബ്ദുർ റഹ്‌മാൻ ബിൻ ഔഫും തമ്മിലാണ് സാഹോദര്യ ബന്ധം ഉണ്ടാക്കിയത്. മറ്റൊരു നിവേദനമനുസരിച്ച് ഹദ്‌റത്ത് ഉസ്‌മാനുമായി തിരുനബി(സ) സ്വയം സാഹോദര്യബന്ധം ഉണ്ടാക്കിയെന്ന് കാണാം. ത്വബഖാത്തുൽ കുബ്‌റയിൽ പറയുന്നു: ഹദ്‌റത്ത് ഉസ്‌മാൻ ബിൻ

അഫ്ഫാനെ ശത്രുക്കൾ വളഞ്ഞപ്പോൾ അദ്ദേഹം ഉയരമുള്ള ആ കെട്ടിടത്തിന്റെ ജനാലയിലൂടെ തല പുറത്തേക്കിട്ടു ജനങ്ങളോട് ചോദിച്ചു: നിങ്ങൾക്കിടയിൽ ത്വൽഹ ഉണ്ടോ? അവർ പറഞ്ഞു: അതേ ഉണ്ട്. അദ്ദേഹം പറഞ്ഞു: ഞാൻ താങ്കളോട് അല്ലാഹു സാക്ഷിയാക്കിക്കൊണ്ട് ചോദിക്കുകയാണ്. തിരുനബി(സ) മുഹാജിരിംകളും അൻസ്വാറുകളും തമ്മിൽ സാഹോദര്യബന്ധമുണ്ടാക്കിയപ്പോൾ തിരുനബി(സ) തന്നോടൊപ്പം ഞാനുമായിട്ടാണ് സാഹോദര്യ ബന്ധം ഉണ്ടാക്കിയതെന്ന്, താങ്കൾക്ക് അറിവില്ലേ? അപ്പോൾ ഹദ്റത്ത് ത്വൽഹ പറഞ്ഞു: വല്ലാഹി! അത് ശരിയാണ്.

ഹദ്റത്ത് ഉസ്മാനുമായി നടന്ന ഹദ്റത്ത് ഉമ്മു കുൽസൂമിന്റെ വിവാഹത്തെ സംബന്ധിച്ച വിവരണം ഇപ്രകാരമാകുന്നു: റസൂലുല്ലാഹ്(സ) ഹദ്റത്ത് റുഖയ്യയുടെ വഫാത്തിന് ശേഷം ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാനുമായി തന്റെ മകൾ ഹദ്റത്ത് ഉമ്മു കുൽസൂമിന്റെ വിവാഹം നടത്തിക്കൊടുത്തു. ഹദ്റത്ത് അബൂഹുറൈറ നിവേദനം ചെയ്യുന്നു; തിരുനബി(സ) ഹദ്റത്ത് ഉസ്മാനെ മസ്ജിദിന്റെ കവാടത്തിൽ കണ്ടുമുട്ടി. അപ്പോൾ പറഞ്ഞു: ഉസ്മാൻ! ഇത് ജിബ്രീൽ ആകുന്നു. അല്ലാഹു ഉമ്മു കുൽസൂമിന്റെ നിക്കാഹ് റുഖയ്യയുടെ അത്ര തന്നെ മഹ്ർ നിശ്ചയിച്ചു കൊണ്ട് നിങ്ങളുടെ സൽപെരുമാറ്റത്തിൽ നിങ്ങളുമായി നടത്തി എന്ന് എനിക്ക് അറിയിപ്പ് തന്നിരിക്കുന്നു.

ഹദ്റത്ത് ആയിശ നിവേദനം ചെയ്യുന്നു: റസൂലുല്ലാഹ്! ഉമ്മു കുൽസൂമിന്റെ വിവാഹം ഹദ്റത്ത് ഉസ്മാനുമായി ചെയ്തപ്പോൾ, തിരുനബി(സ) ഉമ്മു അയ്മനോട് പറഞ്ഞു: എന്റെ മകൾ ഉമ്മു കുൽസൂമിനെ തയ്യാറാക്കി ഉസ്മാന്റെ അടുക്കൽ എത്തിക്കുക. അവർക്ക് മുന്നിൽ ദഫ് മുട്ടുകയും ചെയ്യുക. അവർ അങ്ങനെ തന്നെ ചെയ്തു. റസൂലുല്ലാഹ്(സ) മൂന്നു ദിവസത്തിനു ശേഷം ഹദ്റത്ത് ഉമ്മു കുൽസുമിന്റെ അടുക്കൽ പോയി ചോദിച്ചു; മോളേ! നിങ്ങളുടെ ഭർത്താവ് എങ്ങനെയുണ്ട്? ഉമ്മു കുൽസും പറഞ്ഞു: അദ്ദേഹം ഉത്തമനായ ഭർത്താവാകുന്നു. ഹദ്റത്ത് ഉമ്മു കുൽസൂം ഹദ്റത്ത് ഉസ്മാന്റെ അടുക്കൽ ഹിജ്റി 9 വരെ ജീവിച്ചു. തുടർന്ന് അവർ രോഗിണിയാകുകയും മരണപ്പെടുകയുമുണ്ടായി. തിരുനബി(സ) അവരുടെ ജനാസ നമസ്കരിപ്പിക്കുകയും ഖബറിനരികിൽ കണ്ണീർ വാർത്തുകൊണ്ട് ഇരിക്കുന്നതായും കണ്ടു.

മറ്റൊരു നിവേദനത്തിൽ പറയുന്നു: തിരുനബി(സ), ഹദ്റത്ത് ഉമ്മു കുൽസൂം വഫാത്തായപ്പോൾ പറഞ്ഞു: എനിക്ക് മൂന്നാമത് ഒരു മകൾ ഉണ്ടായിരുന്നെങ്കിൽ ഞാൻ അവളുടെ വിവാഹവും ഉസ്മാനുമായി നടത്തുമായിരുന്നു.

ഹദ്റത്ത് ഇബ്നു അബ്ബാസ് നിവേദനം ചെയ്യുന്നു: റസൂലുല്ലാഹ്(സ) ഒരു സ്ഥലത്ത് കൂടി കടന്നു പോവുകയായിരുന്നു. അപ്പോൾ ഹദ്റത്ത് ഉസ്മാൻ അവിടെയിരുന്ന് തിരുനബി(സ)ന്റെ മകൾ ഉമ്മു കുൽസൂമിന്റെ വഫാത്തിൽ കരഞ്ഞു കൊണ്ടിരിക്കുന്നത് കാണാനിടയായി. റസൂലു ല്ലാഹ്(സ) ചോദിച്ചു: ഉസ്മാൻ! നിങ്ങൾ എന്തിനാണ് കരയുന്നത്? ഹദ്റത്ത് ഉസ്മാൻ പറഞ്ഞു: യാ റസൂലല്ലാഹ്! അങ്ങുമായുള്ള എന്റെ ജാമാതാവ് എന്ന ബന്ധം ഇല്ലാതായതിനാലാണ് ഞാൻ കരയുന്നത്. രണ്ട് പെൺമക്കളും മരണപ്പെട്ടിരിക്കുന്നു. തിരുനബി(സ) പറഞ്ഞു: കരയാതിരിക്കൂ! എന്റെ ജീവൻ ആരുടെ കയ്യിലാണോ അവനാണെ സത്യം! എന്റെ 100 പെൺമക്കൾ ഉണ്ടായിരിക്കുകയും അവരിൽ ഓരോരുത്തരുമായി മരണപെടുകയാണെങ്കിൽ ഒന്നിനു ശേഷം മറ്റൊന്നായി ഞാൻ നിനക്ക് തന്നെ വിവാഹം ചെയ്തു തരുമായിരുന്നു. അങ്ങനെ നൂറ് പെൺമക്കളിൽ ആരും തന്നെ ബാക്കിയാകാതിരുന്നാലും ശരി.

ഹുസൂർ തിരുമനസ്സ് പറയുന്നു: ബാക്കി ഇൻശാഅല്ലാഹ്, പിന്നീട് വിവരിക്കുന്നതാണ്. ഞാൻ എല്ലാ ജുമുഅക്കും ആഹ്വാനം ചെയ്യുകയും ഓർമ്മപ്പെടുത്തുകയും ചെയ്തു വന്നിരുന്നതു പോലെ പാകിസ്ഥാനിലെ ജനങ്ങൾക്ക് വേണ്ടിയും അഹ്മദികൾക്ക് വേണ്ടിയും ദുആ ചെയ്തുകൊണ്ടിരിക്കുക. എതിരാളികൾ കരുതുന്നത് അവർ നമ്മുടെ പ്രവർത്തന വലയം ചുരുക്കുകയാണെന്നാണ്. എന്നാൽ ഒരു ഉന്നത അസ്തിത്വം അല്ലാഹുവിന്റേതുണ്ടെന്ന് അവർ അറിയുന്നില്ല. അവന്റെ വിധിയും ചലിക്കുന്നുണ്ട്. അവന്റെ വലയം അവർക്ക് മേൽ ചെറുതായി വരുന്നുണ്ട്. അത് ഇടുങ്ങിക്കഴിഞ്ഞാൽ പിന്നെ അതിൽ നിന്ന് ഓടി രക്ഷപ്പെടാൻ ആർക്കും കഴിയില്ല. അല്ലാഹു ഇവർക്ക് ബുദ്ധി നൽകുമാറാകട്ടെ. ഇവർ ഇനിയെങ്കിലും ബുദ്ധി പ്രയോഗിക്കുകയും നീതി പ്രവർത്തിക്കുകയും അനാവശ്യ അക്രമവും മർദ്ദനവും ഒഴിവാക്കുകയും ചെയ്യട്ടെ. അതേപോലെ അൽജീരിയയിലെ ജനങ്ങൾക്കു വേണ്ടിയും ദുആ ചെയ്യുക. അവരുടെ വിശ്വാസം നിലനില്ക്കുമാറാകട്ടെ. അതേപോലെ മറ്റു ചില സ്ഥലങ്ങളിലും അഹ്മദികൾക്ക് വളരെയേറെ എതിർപ്പുകൾ ഉണ്ട്. അല്ലാഹു എല്ലാ സ്ഥലത്തും എല്ലാ നിലയ്ക്കും അഹ്മദികളെ സുരക്ഷിതരാക്കുമാറാകട്ടെ.

ശേഷം ഹുസൂർ തിരുമനസ്സ് മുൻ നാസിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ്യാ ആയിരുന്ന മൗലാന സുൽത്വാൻ മഹ്മൂദ് അൻവർ സാഹിബ് റബ്വ, മുൻ നാസിർ ഇസ്‌ലാഹ് ഇർശാദ് മർക്കസിയ്യാ ഖാദിയാൻ ആയിരുന്ന ബഹുമാന്യ മൗലവി മുഹമ്മദ് ഉമർ സാഹിബ്, അതുപോലെ മറ്റ് ചില മർഹൂമീംകളുടെ സ്വഭാവ മഹിമകൾ വിവരിക്കുകയും ജനാസ നമസ്കാരം നിർവഹിക്കുമെന്ന് വിളംബരം ചെയ്യുകയും ചെയ്തു.

# മൗലാനാ മുഹമ്മദ് ഉമർ സാഹിബുമായുള്ള അഭിമുഖം

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്, ഭാരതിന്റെ നാസിർ ഇസ്‌ലാഹോ ഇർശാദ് ആയി നിയമിതനായ മൗലാനാ മുഹമ്മദ് ഉമർ സാഹിബുമായി 'സത്യദൂതൻ' എഡിറ്റർ നടത്തിയ അഭിമുഖം. ബഹുഭാഷാപണ്ഡിതനും ഖുർആൻ ഭാഷ്യാകാരനും അധ്യാപകനും എഴുത്തുകാരനും ദീർഘകാലം അഹ്മദിയ്യാ മിഷനറിയുമായി പ്രവർത്തിച്ച മൗലാനാ സാഹിബ് ഫലസ്തീൻ, ശ്രീലങ്ക മുതലായ വിദേശ രാജ്യങ്ങളിലും അഹ്മദിയ്യാ മിഷണറിയായി പ്രവർത്തിക്കുകയും നിരവധി വിദേശ രാജ്യങ്ങൾ സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. പരിണിത പ്രജ്ഞനും ത്യാഗധനനുമായ മൗലാനാ സാഹിബ് തന്റെ വൈയക്തികവും മതപരവും സാമൂഹികവുമായ അനുഭവങ്ങളും വീക്ഷണങ്ങളും അഭിമുഖത്തിൽ വിവരിക്കുന്നു. 2007 ജൂൺ ലക്കം സത്യദൂതനിൽ പ്രദ്ധീകരിച്ച ലേഖനം പുനപ്രസിദ്ധീകരിക്കുന്നു.

**ചോദ്യം:** ***കേരളത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഈറ്റില്ലമായ കണ്ണൂരിലാണല്ലോ അങ്ങയുടെ ജനനം. അങ്ങയുടെ കുടുംബ പശ്ചാത്തലവും കുട്ടിക്കാലവും വിവരിക്കാമോ?***

**ഉത്തരം:** കേരളത്തിൽ അഹ്മദിയ്യത്ത് സ്വീകരിച്ച ഒരു കുടുംബത്തിന്റെ മൂന്നാം തലമുറയിലാണ് ഞാൻ ജനിച്ചത്. എന്റെ മാതൃപിതാവിനാണ് ആദ്യമായി അഹ്മദിയ്യത്ത് സ്വീകരിക്കുവാനുള്ള ഭാഗ്യം ലഭിച്ചത്. 1924 ൽ ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) ലണ്ടനിലുള്ള യാത്രമദ്ധ്യേ ബോംബെയിൽ ചില ദിവസങ്ങൾ തങ്ങുകയുണ്ടായി. അപ്പോഴാണ് അദ്ദേഹം ഹുസൂർ തിരുമനസ്സിന്റെ കൈയ്യിൽ നേരിട്ട് ബൈഅത്ത് ചെയ്തത്.

1934 ഏപ്രിൽ 25 നാണ് ഞാൻ ജനിച്ചത്. ബോംബെയിൽ വ്യാപാരിയായിരുന്നു എന്റെ പിതാവ് ഇബ്റാഹിം. മാതാവ് ഹലീമ. എന്റെ മൂത്തമ്മയുടെ മകൻ സൈനുൽ ആബ്ദീൻ സാഹിബും ചെറിയ അമ്മാവൻ പി. മുഹമ്മദ് സാഹിബും ഇന്തോ പാക്ക് വിഭജനാവസരത്തിൽ ഖാദിയാന്റെ സംരക്ഷണാർഥം ചില മാസങ്ങൾ അവിടെ ചിലവഴിക്കുവാനുള്ള ഭാഗ്യം ലഭിക്കുകയുണ്ടായി. ഇതൊക്കെയാണ് എന്റെ അഹ്മദിയ്യാ പാരമ്പര്യവും പശ്ചാത്തലവും. എന്റെ ഭാര്യയുടെ പേര് അമത്തുൽ ഹഫീസ്. നാല് പെൺമക്കളാണ്. അമത്തുൽ വഹീദ്, അമത്തുൽ റശീദ്, അമത്തുൽ ബുശ്റ, അമത്തുൽ നയീം. നാല് പേരും വിവാഹിതരാണ്.

**ചോദ്യം:** ***താങ്കളുടെ ബാല്യകാലത്ത് കേരളത്തിലെ അഹ്മദിയ്യത്തിന്റെ അവസ്ഥയെന്തായിരുന്നു?***

**ഉത്തരം:** ആറ് പതിറ്റാണ്ടുകൾക്ക് മുമ്പ് എന്റെ കുട്ടിക്കാലത്തുള്ള കേരളത്തിലെ മുസ്‌ലിം സാമൂഹികാവസ്ഥ അങ്ങേയറ്റം യാഥാസ്ഥികരായിരുന്നു. അതിന് നടുവിലായിരുന്നു അഹ്മദിയ്യാ ജമാഅത്ത് കഴിഞ്ഞുവന്നത്. മുസ്‌ലിം സമൂഹത്തിന്റെ ഒറ്റപ്പെടുത്തലും ബഹിഷ്കരണവും കാരണം മുഖ്യധാരയിൽ അകന്നുമാറിക്കൊണ്ടായിരുന്നു അഹ്മദിയ്യാ ജമാഅത്ത് നിലകൊണ്ടിരുന്നത്. ഇന്നും സ്ഥിതി മാറിയിട്ടില്ല. എങ്കിലും കേരളത്തിലെ മുസ്‌ലിം ധൈഷണിക ലോകത്ത് സ്വാധീനങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന അനിഷേധ്യമായൊരു ശക്തിയായി നിൽക്കാൻ അഹ്മദിയ്യത്തിന് കഴിഞ്ഞു. സാത്വികതയിൽ ഉയർന്നവരും ത്യാഗികളും പ്രതിഭാശാലികളുമായ അഹ്മദീ പണ്ഡിതന്മാരെക്കൊണ്ട് സമ്പന്നമായിരുന്നു അക്കാലം. എന്റെ ബാല്യകാലത്ത് അഹ്മദികൾ സാമ്പത്തികമായി വളരെ അവശനിലയിലായിരുന്നു. ജീവിതത്തിന്റെ എളിമയിലും ലാളിത്യത്തിലും കടുത്ത പ്രതികൂലാവസ്ഥയിലും അവർ പുലർത്തിയ ഉജ്ജ്വല ജീവിത മാതൃകയാണ് പിൽക്കാലത്ത് കേരളത്തിലെ

അഹ്മദിയ്യത്തിന്റെ വളർച്ചക്ക് സഹായകമായതെന്ന് ഞാൻ കരുതുന്നു. കഷ്ടപാടിന്റെയും അരിഷ്ടതയുടേയും അക്കാലത്ത് അഹ്മദികൾ തമ്മിലുള്ള സ്നേഹം എനിക്ക് മറക്കാൻ കഴിയാത്ത ഒരു ഗൃഹാതുര സ്മരണയാണ്.

**ചോദ്യം:** ***താങ്കളുടെ വിദ്യാർഥി ജീവിതം വിവരിക്കാമോ?***

**ഉത്തരം:** അഹ്മദിയായ കാരണത്താൽ എവിടെയും അസ്പർശ്യതയുടെ അലിഖിത നിയമം എന്റെ ബാല്യകാല ജീവിതത്തെ ചൂഴ്ന്നുനിന്നിരുന്നു. അങ്ങനെ ഒരുതരം ഏകാന്തത എന്റെ ബാല്യകാലത്തെ വലയം ചെയ്ത് നിന്നിരുന്നു. ചുരുക്കം ആത്മ സുഹൃത്തുക്കളേ എനിക്കുണ്ടായിരുന്നുള്ളു. വിദ്യാർഥിയായിരിക്കുമ്പോൾ പലപ്പോഴും അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ചുള്ള വിവാദപ്പോരുകൾ എന്റെ സഹപാഠികളുമായി നടത്തേണ്ടി വന്നിട്ടുണ്ട്. കണ്ണൂർ സിറ്റിയിലും ചൊവ്വാ ഹൈസ്കൂളിലുമാണ് ഞാൻ പഠിച്ചത്. അവിടെ വെച്ച് എസ്.എസ്.എൽ.സി പൂർത്തിയാക്കാൻ എനിക്ക് സാധിച്ചില്ല. പിന്നീട് ഖാദിയാനിൽ ചെന്ന് ഓണേഴ്സ് ഇൻ അറബിക്ക് ഡിഗ്രിയോടൊപ്പമാണ് എസ്.എസ്.എൽ.സി പ്രൈവറ്റായി എഴുതി പാസ്സായത്. വിദ്യാർഥി ജീവിതകാലത്തെ സാഹിത്യപ്രവർത്തനങ്ങളെപറ്റി ഞാനോർക്കുന്നു. 'മുനവ്വറുൽ ഇസ്‌ലാം സാഹിത്യസമാജം' എന്ന പേരിൽ ഒരു പ്രസംഗ പരിശീലന ക്ലാസ്സ് ഞങ്ങൾ നടത്തിയിരുന്നു. എല്ലാ വെള്ളിയാഴ്ചയും അസറിന് ശേഷം മുസ്‌ലിം സ്റ്റുഡൻസ് ഫെഡറേഷന്റെ ഹാളിൽ ഈ സാഹിത്യസമ്മേളനം കൂടുമായിരുന്നു. 'വിജ്ഞാന കിരണം' എന്ന പേരിൽ ഒരു കയ്യെഴുത്ത് മാസികയും ഞങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ഈ സമാജത്തിന്റെ പ്രസിഡണ്ട് ഒരു വിദ്യാർഥി നേതാവായിരുന്ന ഇ. മുസ്തഫ സാഹിബും വൈസ് പ്രസിഡന്റ് ഈ വിനീതനും ജനറൽ സെക്രട്ടറി ഇപ്പോഴത്തെ കേന്ദ്ര വിദേശകാര്യ സഹമന്ത്രി ഇ. അഹ്മദ് സാഹിബുമായിരുന്നു. ജ. എൻ അബ്ദുറഹീം സാഹിബിന്റെ സജീവ സാന്നിദ്ധ്യവും സമാജത്തിനുണ്ടായിരുന്നു.

**ചോദ്യം:** ***അങ്ങ് മതപഠനം തിരഞ്ഞെടുക്കാനുണ്ടായ പ്രത്യേക കാരണം?***

**ഉത്തരം:** 1954 ൽ എന്റെ അമ്മാവന്റെ കൂടെ കൽക്കത്തയിൽ ജോലിയാവശ്യാർഥം പോയിരുന്നപ്പോൾ അവിടുത്തെ മുബല്ലിഗ് മൗലാനാ മുഹമ്മദ് സലീം സാഹിബിന്റെ സാമീപ്യം എന്നെ വല്ലാതെ ആകർഷിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ പ്രഭാവിതനായ ഞാൻ ഒരു മുബല്ലിഗായിത്തീരണമെന്ന് നിശ്ചയിച്ചുറച്ചു. ഇതായിരുന്നു എന്റെ പ്രചോദനം. 1954 ലെ ജൽസാ സാലാനയിൽ മൗലാനാ സാഹിബിനോടൊപ്പം ഞാൻ ഖാദിയാനിലേക്ക് തിരിച്ചു.

**ചോദ്യം:** ***വിഭജനത്തിന്റെ തൊട്ടടുത്ത വർഷങ്ങളിലാണ് അതിർത്തി പ്രദേശമായ പഞ്ചാബിലെ ഖാദിയാനിൽ താങ്കൾ എത്തുന്നത്. അക്കാലത്തെ ഖാദിയാനിലെ വിദ്യാർഥി ജീവിതം ഒന്ന് വിവരിക്കാമോ?***

**ഉത്തരം:** വിഭജനത്തിന്റെ മുറിവുകൾ ഉണങ്ങി ഖാദിയാനും പരിസര പ്രദേശങ്ങളും പുതിയൊരു ജീവിതത്തിലേക്ക് പ്രയാണമാരംഭിച്ച കാലത്താണ് ഞാൻ അവിടെ വിദ്യാർഥിയായെത്തുന്നത്. വിഭജനത്തിന് ശേഷം 1953 ലാണ് മദ്രറസ്സാ അഹ്മദിയ്യാ പുനഃസ്ഥാപിതമായത്. തൊട്ടടുത്ത വർഷത്തിലാണ് ഞാനവിടെ എത്തുന്നത്. എനിക്കാണെങ്കിൽ ഉർദു തീരെ വശമില്ലായിരുന്നു. അത് കാരണം മദ്റസ്സാ പ്രവേശനത്തിന് വളരെ പ്രയാസപ്പെടേണ്ടിവന്നു. എന്റെ കൂടെ ഒരു ഒറീസക്കാരനും ഹൈദറാബാദുകാരനും മാത്രമായിരുന്നു സഹപാഠികളായുണ്ടായിരുന്നത്. മദ്റസ്സാ അഹ്മദിയ്യായിൽ വിദ്യാർഥികൾക്ക് താമസിക്കുവാൻ പ്രത്യേക ബോർഡിംഗ് ഹൗസ് ഉണ്ടായിരുന്നു. അന്ന് അവിടത്തെ സൗകര്യങ്ങൾ വളരെ പരിമിതമായിരുന്നു. ഒരു ഹാളിൽ ഓരോ കട്ടിലും അലമാരയുമായിരുന്നു ഓരോ വിദ്യാർഥിക്കും നല്കപ്പെട്ടിരുന്നത്. വറുതിയുടേയും അരിഷ്ടതയുടെയും മദ്ധ്യേ അക്കാലത്തെ വിദ്യാർഥി ജീവിതം ഇന്നത്തേതിനെ അപേക്ഷിച്ച് ഊഹിക്കാൻ പോലും പറ്റാത്ത വിധം പ്രയാസമേറിയതായിരുന്നു. രാവിലെയും വൈകുന്നേരവും ഈരണ്ടു റൊട്ടിയും അല്പം ദാലുമായിരുന്നു ഭക്ഷണം ഉച്ചക്ക് മുഴുപ്പട്ടിണിയും.

അക്കാലത്തുണ്ടായ രസകരമായ ഒരനുഭവം ഞാനോർക്കുന്നു. അഹ്മദിയ്യാ ജമാഅത്ത് തികച്ചും ഒരു ആത്മീയ ജമാഅത്താണ്. രാഷ്ട്രീയമായി അതിന് പ്രത്യേകിച്ച് യാതൊരു താല്പര്യവുമില്ല. വിശ്വാസ സ്വാതന്ത്ര്യമനുവദിക്കുന്ന ഭരണകൂടത്തോട് അങ്ങേയറ്റത്തെ കൂറും വിശ്വസ്തതയും പുലർത്തും എന്നതാണ് അഹ്മദിയ്യത്തിന്റെ നയം. വിഭജനം കഴിഞ്ഞതിന് ശേഷം കേന്ദ്രസംസ്ഥാന ജില്ലാ ഭരണകൂടങ്ങളുടെ രഹസ്യപ്പോലീസുകാർ അതിർത്തി പ്രദേശത്തെ ഖാദിയാനെയും അവരുടെ സൂക്ഷ്മ നിരീക്ഷണത്തിന് വിധേയമാക്കിയിരുന്നു. ഖാദിയാനിലേക്ക് വരുന്ന ഓരോരുത്തരുടെയും തപാൽ ഉരുപ്പടിയും അവർ പരിശോധിച്ചു. ഒരിക്കൽ പാകിസ്ഥാനിലെ ഒരു ഇന്തോനേഷ്യൻ സുഹൃത്തിന് ഞാനയച്ച കത്തിൽ I have received your PC എന്നെഴുതിയിരുന്നു. കത്ത് പോസ്റ്റ് ചെയ്ത പിറ്റേന്ന് രണ്ട് സി.ഐ.ഡി ഉദ്യോഗസ്ഥന്മാർ എന്നെ തിരക്കി ബോർഡിംഗ് ഹൗസിൽ വന്നു. പി.സി. എന്ന കോഡ് വേർഡിന്റെ ഉദ്ദേശമെന്താണെന്ന് ആരാഞ്ഞു. താങ്കൾക്ക് ലഭിച്ച ആ പി.സി. എവിടെ എന്നു ചോദിച്ചു. പോസ്റ്റ് കാർഡിന്റെ ചുരുക്കെഴുത്താണ് പി.സി. എന്ന് ഞാനവരെ അറിയിച്ചു. അവർക്ക് എന്റെ സുഹൃത്ത് അയച്ച ആ കത്ത് കാണിച്ചുകൊടുക്കുകയും

ചെയ്തു. ഒരിക്കൽ അപരിചിതനായ സിക്കുകാരൻ വഴിയിൽ വെച്ച് എന്നെ കണ്ടു. നിങ്ങൾ കണ്ണൂർ സ്വദേശിയാണല്ലോ. പിതാവിന്റെ പേര് ഇന്നതാണല്ലോ. മദ്റസ്സാ അഹ്മദിയ്യായിൽ ഭാഷപരിചയമില്ലാത്തത് കൊണ്ട് വിഷമമുണ്ടോ എന്നെല്ലാം ചോദിക്കുകയുണ്ടായി. തീരെ അപരിചിതനായ ഒരന്യനാട്ടുകാരനിൽ നിന്ന് എന്റെ വ്യക്തിപരമായ സൂക്ഷ്മവിവരങ്ങളെ പറ്റിയുള്ള അന്വേഷണങ്ങൾ കേട്ട ഞാൻ അത്ഭുതപരതന്ത്രനായി നിന്ന് പോയി. പിന്നീടാണ് ഞാനറിഞ്ഞത് അയാളൊരു രഹസ്യപ്പോലീസുകാരനാണെന്ന്.

**ചോദ്യം:** ***അങ്ങ് ഖാദിയാനിലെത്തിയപ്പോൾ അവിടെ മസീഹ് മൗഊദിന്റെ (ഹദ്റത് അഹ്മദ് (അ)) സഹാബിമാരും ദർവേശുകളും ഉണ്ടായിരുന്നുവല്ലോ. അവരെ പറ്റിയും അവരുമായുള്ള അനുഭവങ്ങളെക്കുറിച്ചും ചുരുക്കി വിവരിക്കാമോ?***

**ഉത്തരം:** ഞാൻ ഖാദിയാനിൽ പോയപ്പോൾ ഒരു സ്വർഗീയ കാലഘട്ടത്തിലെ തിരുശേഷിപ്പുകൾപ്പോലെ മാലാഖന്മാരെപ്പോലെ പരിശുദ്ധരായ മഹാത്മാക്കൾ ഖാദിയാനിലുണ്ടായിരുന്നു. വാഗ്ദത്ത മഹ്ദിയുടെ സാന്നിദ്ധ്യമനുഭവിച്ച സഹാബിവര്യന്മാരുടെ ദർശനവും അവരുമായുള്ള ഇടപെടലുകളും എളിയവനായ എന്റെ ജീവിതത്തിലെ ഏറ്റവും അമൂല്യമായ ഒരനുഭവമായി ഞാൻ കരുതുന്നു. അവിസ്മരണീയനായ മൗലാന അബ്ദുറഹ്മാൻ സാഹിബ്, അമീർ, ജമാഅത്ത് ഖാദിയാൻ, ഹദ്റത് ഭായി അബ്ദുർ റഹ്മാൻ സാഹിബ് ഖാദിയാൻ എന്നിവരുടെ അനുഗൃഹീത കരസ്പർശനങ്ങളും സ്നേഹമൊഴികളും കൊണ്ടും ഞാൻ പലപ്പോഴും ധന്യനായിട്ടുണ്ട്. ഖാദിയാന്റെ അമീറായിരുന്ന മൗലാനാ അബ്ദുറഹ്മാൻ സാഹിബ് വളരെ പ്രൗഢിയും, ഗൗരവ പ്രകൃതിയുമുള്ള ഒരനുഗൃഹീത വ്യക്തിത്വമായിരുന്നു. മദ്രസ്സയിലെ



മൗലാനാ മുഹമ്മദ് ഉമർ സാഹിബിനോടൊപ്പം മൗലാനാ അബ്ദുല്ലാ സാഹിബ് എച്ച്.എയും സിദ്ദീഖ് അമീർ അലി സാഹിബും

കുട്ടികളെ പുത്രനിർവിശേഷം സ്നേഹിച്ചിരുന്നു. ഒരിക്കൽ ഖാദിയാനിലെ ജൽസാ സാലാനയിൽ ഞാൻ പ്രസംഗിച്ചു തീർന്നപ്പോൾ സ്റ്റേജിൽ വെച്ച് തന്നെ എന്നെ ആശ്ലേഷിച്ചു നിറുകയിൽ ചുംബിച്ച രംഗം ഞാനിപ്പോഴും ഓർക്കുന്നു. അന്ന് ഞാൻ ഹൈദരാബാദിൽ മുബല്ലിഗായിരുന്നു. അതുപോലെ വാഗ്ദത്ത മസീഹുമായി വളരെ അടുത്ത സഹാബിയായിരുന്നു ഹദ്റത് ഭായി അബ്ദുറഹ്മാൻ സാഹിബ് ഖാദിയാനി (റ) എന്നെ തന്റെ മകനായി ഗണിച്ച് വാത്സല്യപൂർവം പെരുമാറിയിരുന്നു. ഒരിക്കൽ ഞാൻ മദ്രസ്സ അഹ്മദിയ്യായിലെ ബോർഡിംഗിൽ ഖുർആൻ പാരായണം ചെയ്യുകയായിരുന്നു. ഹദ്റത് ഭായിജി ബോർഡിംഗിന് പുറത്ത് കുറേനേരം നിന്നുകൊണ്ട് എന്റെ ഖുർആൻ പാരായണം ശ്രവിച്ചു കൊണ്ടിരുന്നു. പിന്നീട് ബോർഡിംഗിനകത്ത് വന്നു ആരാണിപ്പോൾ ഖുർആൻ ഓതിയിരിന്നതെന്ന് ചോദിച്ചപ്പോൾ ഞാനാണ് എന്ന് മറുപടി പറഞ്ഞു. അദ്ദേഹം എന്റെ കട്ടിലിൽ ഇരുന്ന് കൊണ്ട് 'എനിക്ക് അബ്ദുൽ മലിക് എന്ന ഒരു മകനുണ്ടായിരുന്നു. അവന്റെ തിലാവത്ത് നിന്റെ തിലാവത്ത് പോലെയുണ്ട്. നീ ദിവസവും രാവിലെ എന്റെ വീട്ടിൽ വന്നു കുറച്ച് നേരം ഖുർആൻ ഓതിക്കേൾപ്പിക്കണം. എന്റെ കണ്ണുകൾക്ക് തീരെ കാഴ്ച്ചയില്ലാത്തതിനാൽ എനിക്ക് ഓതാൻ വിഷമമാണ്' എന്ന് പറഞ്ഞു. അദ്ദേഹവും വന്ദ്യരായ ഭാര്യയും എന്റയടുക്കേ ഇരുന്ന് തിലാവത്ത് ശ്രദ്ധിച്ചുകൊണ്ടിരുന്നു. അതിന്ശേഷം അവർ സ്വയം ചായയും രസ്ക്കും തയ്യാർ ചെയ്തുതന്നിരുന്നു. പലപ്പോഴും അദ്ദേഹം ഹദ്റത് മസീഹ് മൗഊദുമായി(അ) ബന്ധപ്പെട്ട പല സംഭവങ്ങളും വിവരിച്ചുതരാറുണ്ടായിരുന്നു. 1961ൽ ജൽസയിൽ പങ്കെടുക്കാൻ പാകിസ്താനിൽ ഹദ്റത് ഭായിജിയുടെ ആഗ്രഹമനുസരിച്ച് ഞാനും കൂടെ പോയിരുന്നു. ആ യാത്രയിലായിരുന്നു പാകിസ്താനിൽ വെച്ച് അദ്ദേഹത്തിന്റെ വഫാത്തുണ്ടായത്. അപ്രകാരം ഖലീഫത്തുൽ മസീഹ് രണ്ടാമനും മൂന്നാമനുമായി മുലാഖാത്ത് നടത്താൻ എനിക്കായിട്ടുണ്ട്. പാകിസ്താനിലെ റബ്വയിൽ പോയി അവരെ കാണാനും കരംഗ്രഹിച്ച് ചുംബിക്കാനും എനിക്ക് ഭാഗ്യം ലഭിച്ചു.

**ചോദ്യം:** ***കേരളത്തിലെ യശ്ശഃശരീരനായ മുബല്ലിഗ് ഹദ്റത് മൗലാനാ അബ്ദുല്ലാ സാഹിബ് എച്ച്.എ.യുമായുള്ള താങ്കളുടെ ബന്ധം?***

**ഉത്തരം:** ഹദ്റത് മൗലവി സാഹിബ് കേരളത്തിലെ അഹ്മദികളുടെയും അനഹ്മദികളുടെയും ആദരം പിടിച്ചുപറ്റിയ ഒരതുല്യപ്രതിഭാശാലി യായിരുന്നു. തന്റെ സാത്വികജീവിതവും വിജ്ഞാനവൈഭവവും കൊണ്ട് കേരളത്തിലെ മുസ്‌ലിം സമൂഹത്തിന്റെ ശ്രദ്ധാകേന്ദ്രമായി അദ്ദേഹം മാറിയിരുന്നു. എന്റെ ചെറുപ്പകാലം തൊട്ടേ മൗലാനാ സാഹിബുമായി എനിക്ക് ബന്ധപ്പെടുവാൻ സാധിച്ചു. അദ്ദേഹം പുത്രനിർവിശേഷം എന്നെ സ്നേഹിച്ചിരുന്നു. 1954 ൽ ഖാദിയാനിൽ ജൽസയിൽ പങ്കെടുക്കാൻ വന്ന അദ്ദേഹം ഞാൻ മദ്രസ്സയിൽ പഠിക്കാൻ വന്നതാണെന്നറിഞ്ഞപ്പോൾ അതിരറ്റു സന്തോഷിച്ചു. മുബല്ലിഗ് ആവാൻ വേണ്ടി പഠിക്കുന്ന എനിക്ക് അദ്ദേഹം വിലപ്പെട്ട പല ഉപദേശങ്ങളും നല്കി. ഇക്കാലത്തെ ഉലമാക്കന്മാരെക്കുറിച്ച് അവർ തഖ്‌വയില്ലാത്ത തന്ത്രശാലികളും കൗശലക്കാരും 'ബാൽകീ ഖാൽ ഉതാർനെ വാലെ' (മുടിയുടെ തോലുരിക്കുന്നവരും) ആണെന്നും പറഞ്ഞു. ഞാൻ വിദ്യാർഥിയായിരിക്കുമ്പോൾ തന്നെ മൗലാനാ സാഹിബുമായി കത്തിടപാടുകൾ നടത്തി എന്റെ പല സംശയങ്ങളും ദുരീകരിച്ചിരുന്നു.

**ചോദ്യം: ജാമിഅ അഹ്മദിയ്യായിൽ അധ്യാപകനായി അങ്ങ് സേവനമനുഷ്ഠിച്ചിരുന്നുവല്ലോ? എങ്ങനെയായിരുന്നു അധ്യാപക ജീവിതം?**

**ഉത്തരം:** ഞാൻ ഗ്രഹിച്ച വിജ്ഞാനങ്ങൾ പുതിയ തലമുറക്ക് പഠിപ്പിച്ചു കൊടുക്കാൻ അല്ലാഹു അവസരം തന്നത് ഒരു ഭാഗ്യമായി കരുതുന്നു. എന്റെ ശിഷ്യന്മാരിൽ പലരും ദീനിരംഗത്ത് സേവനനിരതരാണ്. പലരും ജമാഅത്തിൽ ഉയർന്ന ഉദ്യോഗങ്ങൾ വഹിക്കുന്നുണ്ട്.

**ചോദ്യം:** ***ഖലീഫത്തുൽ മസീഹ് റാബിഅ് ഹദ്റത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) മായുള്ള താങ്കളുടെ ബന്ധം?***

**ഉത്തരം:** അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ്മായി ഈ വിനീതന് അടുത്ത ബന്ധമുണ്ടായിരുന്നു. 1989 ലും ലണ്ടൻ സന്ദർശിച്ചപ്പോൾ ഈ വിനീതന് ഹുസൂറുമായി മുലാഖാത്ത് ചെയ്യുവാനും പല മാർഗനിർദേശങ്ങളും നേരിട്ട് ലഭിക്കുവാനുള്ള ഭാഗ്യം ലഭിച്ചു. സുദീർഘകാലം ഹുസൂറുമായി കത്തിടപാട് നടത്താനുള്ള സൗഭാഗ്യം ലഭിച്ചു. എന്റെ കത്ത് കിട്ടിയാൽ ഉടനെ മറുപടി അയക്കുവാൻ ഓഫീസിന് താൻ നിർദേശം നല്കിയതായി ഹുസൂർ ഒരു കത്തിൽ വ്യക്തമാക്കുകയുണ്ടായി.

1970 ൽ ഞാൻ തമിഴ്നാട് മുബല്ലിഗ് ഇൻചാർജായി സ്ഥാനം ഏറ്റെടുത്തത് മുതൽ 1990 ൽ കേരളത്തിൽ മുബല്ലിഗ് ഇൻചാർജായി വരുന്നത് വരെ സുദീർഘമായ 20 വർഷക്കാലം കാലത്തിന്റെ ഖലീഫയുടെ ഖുത്ബ പ്രഭഷണം തമിഴിൽ ഭാഷാന്തരം ചെയ്ത് ജമാഅത്തുകളെ കേൾപിച്ചുകൊണ്ടിരുന്നു. അതിന് ശേഷം 1990 മുതൽ 2000 വരെ കേരളത്തിൽ ഹുസൂറിന്റെ ഖുത്ബയിൽ ഓരോ ആഴ്ചയും മലയാളത്തിൽ വിവർത്തനം ചെയ്തു. സ്റ്റേറ്റ് ഖുദ്ദാമുൽ അഹ്മദിയ്യാ കേരളത്തിലെ എല്ലാ ജമാഅത്തുകളിലും എത്തിച്ചുകൊണ്ടിരുന്നു. ഇത് സംബന്ധിച്ച് ഹദ്റത് ഖലീഫത്തുൽ മസീഹ് നാലാമൻ 1991 സപ്തംബർ 6-ാം തിയ്യതി നോർവേയിലെ ഓസ്‌ലോ ജമാഅത്തിൽ 'മസ്ജിദുനൂർ' ൽ ചെയ്ത ഖുത്ബ പ്രഭാഷണത്തിൽ പറയുന്നു;

ചില ജമാഅത്തുകളുണ്ട് അവിടെ ഒരേ ഒരാൾ എല്ലാ ഭാരങ്ങളും തനിച്ച് എടുക്കുകയും തർജ്ജമ ചെയ്തു കൊണ്ട് അധികമായി പ്രചരിപ്പിക്കുകയും ചെയ്യുന്നു. അത്തരം ജമാഅത്തുകളിലെ നിലവാരം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദൈനംദിനം പുരോഗതി പ്രാപ്ച്ചു വരുന്നു. സൗത്ത് ഇന്ത്യയിൽ ഉർദു അറിയാത്ത നമ്മുടെ ജമാഅത്തുകളുണ്ട്. അവിടെ നമ്മുടെ മൗലവി മുഹമ്മദ് ഉമർ സാഹിബ് മുബല്ലിഗിന് അല്ലാഹു ഒരു ഉന്മാദം തന്നെ ഉണ്ടാക്കിയിരിക്കുകയാണ്. ഇവിടെ ശബ്ദം കാതിൽ പതിഞ്ഞതും ഉടനെ അതിന്റെ തർജമ ചെയ്ത് മുഴുവൻ ജമാഅത്തുകളിലും എത്തിക്കുന്നു. അവിടത്തെ ജമാഅത്തുകളിൽ നിന്ന് വരുന്ന കത്തുകളിൽ നിന്നും അവർ നമ്മോടൊപ്പമാണെന്ന് മനസ്സിലാവുന്നു. അവർക്ക് ആഫ്രിക്കയെ പറ്റിയും അമേരിക്കയെ പറ്റിയും ചൈനയെപറ്റിയും ജപ്പാനെ പറ്റിയും ജമാഅത്തിന്റെ എല്ലാ പ്രശ്നങ്ങളെപറ്റിയുമുള്ള അറിവുണ്ട്. അവരുടെ കണ്ണുകളിൽ പ്രകാശമുണ്ട്. എന്നോട് മുഖാമുഖം സംസാരിക്കുന്ന പ്രതീതിയാണുള്ളത്. എന്നാൽ ഖുത്ബകൾ എത്താത്ത സ്ഥലങ്ങളിലെ ചെറുപ്പക്കാരും കുട്ടികളും ജമാഅത്തിൽ നിന്നും വേർപെട്ട നിലയിലാണുള്ളത്. (ഖുത്ബ 06.09.1991)

**ചോദ്യം: ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ താങ്കൾ മിഷനറിയായി സേവനമനുഷ്ഠിച്ചിരുന്നുവല്ലോ, എന്തൊക്കെയായിരുന്നു അനുഭവങ്ങൾ?**

**ഉത്തരം** : ഇന്ത്യയിൽ ആന്ധ്രപ്രദേശ്, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിൽ മുബല്ലിഗായി പ്രവർത്തിക്കാൻ എനിക്ക് അവസരം ലഭിക്കുകയുണ്ടായി. ജമാഅത്തിന്റെ പ്രത്യേകമായ ആത്മീയ സ്പർശമുള്ള സ്നേഹവും സംസ്കരണവും എനിക്ക് എല്ലായിടത്തുനിന്നും ലഭിച്ചിട്ടുണ്ട്. കന്യാകുമാരി മുതൽ കശ്മീർ വരെ വ്യാപിച്ചുകിടക്കുന്ന ജമാഅത്തുകൾ സന്ദർശിക്കാനും അവിടങ്ങളിലെല്ലാം ജമാഅത്തിന്റെ പ്രചാരണ പ്രവർത്തനങ്ങളിൽ എളിയ തോതിൽ ഭാഗാഭാക്കാവാനും എനിക്ക് ഭാഗ്യം ലഭിച്ചു എന്നത് എന്റെ ജീവിതസാഫല്യമായി ഞാൻ കാണുന്നു. അവിടങ്ങളിലെല്ലാമുള്ള അഹ്മദികളുമായി ഗാഢമായ ഹൃദയബന്ധം സ്ഥാപിക്കാനും കഴിഞ്ഞു എന്നത് അല്ലാഹു എനിക്ക് നല്കിയ ഭാഗ്യമാണ്.

**ചോദ്യം:** ***ഫലസ്തീനിൽ അങ്ങ്***

***മിഷനറിയായി പ്രവർത്തിച്ചിരുന്നുവല്ലോ. അവിടുത്തെ അനുഭവം?***

**ഉത്തരം:** 1999 ലാണ് ഞാൻ ഫലസ്തീനിലെ കബാബീറിൽ മുബല്ലിഗായി നിയമിതനായത്. സെമിറ്റിക് മതങ്ങളുടെ ചരിത്രഭൂമിയായ ഫലസ്തീനിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനങ്ങൾ വളരെ സജീവമാണ്. അറബികളെ സംബന്ധിച്ച് എനിക്ക് ചില മുൻധാരണകളുണ്ടായിരുന്നു. അനറബികളോട് വളരെ പുച്ഛവും അവജ്ഞയും കലർന്ന രീതിയിലാണ് അവരുടെ പെരുമാറ്റമെന്നും ഞാൻ കേട്ടിരുന്നു. അതുകൊണ്ട് ഫലസ്തീനിലെ പുതിയ ദൗത്യം എന്നിൽ ഒരുൾഭയം സൃഷ്ടിച്ചു. എങ്കിലും കാലത്തിന്റെ ഖലീഫയുടെ നിയമനത്തിന് ദൈവഹസ്തങ്ങളുടെ പിൻബലമുണ്ടെന്ന വിശ്വാസം എനിക്ക് ആത്മവിശ്വാസം പകർന്നു. ഇസ്റായിൽ സ്റ്റേറ്റിൽപെട്ട ഫലസ്തീൻ തലസ്ഥാനമായ ടെൽ അവീവിൽ വിമാനമിറങ്ങി. പുറത്ത് വന്നപ്പോൾ സ്റ്റേറ്റ് അമീറിന്റെയും ലജ്ന പ്രസിഡണ്ടിന്റെയും നേതൃത്വത്തിൽ ധാരാളം പുരുഷന്മാരും സ്ത്രീകളും ഞങ്ങളെ സ്വീകരിക്കാനെത്തിയിരുന്നു. ആ അറബ് അഹ്മദി സഹോദരന്മാർ എന്റെയും സ്ത്രീകൾ ഭാര്യയുടെയും മുഖത്തും നെറ്റിയിലും ചുംബിച്ചു. ഞങ്ങളെ ഹാർദ്ദമായി സ്വീകരിച്ചു. അഹ്മദി ഹൃദയങ്ങളെ കോർത്തിണക്കിയ ആത്മീയ സൗഭ്രാതൃത്വത്തിന്റെ കണ്ണി എത്ര ശക്തമാണ്! അഹ്മദിയ്യാ ഖിലാഫത്തിന്റെ ബർക്കത്ത് എത്ര അഗാധവും ശക്തവുമാണെന്ന് ഞാൻ അനുഭവിച്ചറിയുകയായിരുന്നു. ടെൽ അവീവിൽ നിന്നും 200 കി.മീ. അകലെ കബാബീറിലാണ് നമ്മുടെ ജമാഅത്തുള്ളത്. അവിടുത്തെ നമ്മുടെ പള്ളി വളരെ ഗംഭീരമാണ്. 2 മണിക്കൂർ യാത്രക്കിടയിൽ എന്റെ എല്ലാ വിവരങ്ങളും അമീർ സാഹിബ് എന്നിൽ നിന്നും ചോദിച്ചറിഞ്ഞു. അവിടുത്തെ നമ്മുടെ പള്ളി വളരെ വിശാലവും പ്രൗഢഗംഭീരവുമാണ്. അഹമദികളുടെ സ്നേഹ പ്രകടനങ്ങൾ എന്റെ ആശങ്കകളെല്ലാം അകറ്റി. അതോടെ ഹൃദയാത്മനാ ഞാൻ അവരിലൊരാളും അവരുടെ മുബല്ലിഗുമായി. അറബിയിലുള്ള എന്റെ ആദ്യത്തെ ഖുതുബ കഴിഞ്ഞപ്പോൾ പള്ളിയിലുള്ളവർ മുബാറക്കാബാദ് പറയുവാൻ അരികിൽ വന്ന് ആശ്ലേഷിച്ചുകൊണ്ട് ജയ്യിദു ജയ്യിദു എന്ന് ഉരുവിടുകയുണ്ടായി. പിന്നീട് ഒരു വർഷക്കാലം അവിടുത്തെ ജമാഅത്തിന്റെ മുബല്ലിഗായി ഞാൻ പ്രവർത്തിച്ചു.

**ചോദ്യം:** ***കേരളത്തിലെ പ്രവർത്തനത്തെ പറ്റി തിരിഞ്ഞു നോക്കുമ്പോൾ എന്തു തോന്നുന്നു?***

**ഉത്തരം:** കേരളത്തിലെ അനഹ്മദി മുസ്‌ലിം സംഘടനാ പ്രവർത്തനങ്ങൾ ശക്തവും സംഘടിതവുമാണ്. ദീനി വിദ്യാഭ്യാസവും ഭൗതിക വിദ്യാഭാസ പ്രവർത്തനങ്ങളും നടത്തുന്നവരാണ് അവർ. അഹ്മദിയ്യത്തിനെ എതിർക്കുന്ന കാര്യത്തിൽ യാതൊരു തത്വദീക്ഷയുമില്ലാതെ കളവിന്റേയും വ്യാജത്തിന്റെ ഏതറ്റംവരെ പോവാനും അവർക്ക് മടിയില്ല. ഈ മുസ്‌ലിം സംഘടനകൾ പരസ്പരം പോരടിക്കുന്നവരാണ്. പ്രബലമായ രണ്ട് മുസ്‌ലിം സംഘടനകൾ പിളർന്ന് കഴിഞ്ഞു. പിളർന്നതിന്ന് ശേഷം തെരുവിലും പള്ളികളിലും പ്രസംഗവേദികളിലും അവരുടെ പടയൊരുക്കങ്ങളും ഏറ്റുമുട്ടലുകളും കാണുമ്പോൾ സമുദായത്തിന്ന് ഇത്തരമൊരു ഗതി വന്നുപെട്ടതിൽ വേദന തോന്നുന്നു. അഹ്മദിയ്യത്തിലൂടെ യഥാർത്ഥ ഇസ്‌ലാമിന്റെ സന്ദേശം അവരിൽ എത്തിക്കേണ്ടത് ജമാഅത്തിന്റെ കടമയാണ്.

കഴിഞ്ഞ 17 വർഷം തഅലിം തർബിയ്യത്ത് തബ്‌ലീഗ് രംഗങ്ങളിൽ എന്നെകൊണ്ടാകുവിധം സേവനം നടത്താൻ എനിക്ക് കഴിഞ്ഞു. എന്റെ ഭാര്യയും കഴിഞ്ഞ 15 വർഷമായി ലജ്ന പ്രസിഡണ്ടായി പ്രവർത്തിച്ചു വരുന്നു. അവരുടെ പ്രവർത്തനങ്ങളിലും സഹായിക്കാൻ എനിക്ക് സാധിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കേരളത്തിലെ അഹ്മദിയ്യാ ജമാഅത്ത് ഇന്ന് അവഗണിക്കാനാകാത്ത ഒരു ശക്തിയായി വളർന്നു കഴിഞ്ഞു. കേരളത്തിൽ എല്ലാ അഹ്മദീ സഹോദരീ സഹോദരന്മാരും എന്നോട് ആത്മാർത്ഥമായി സഹകരിച്ചിട്ടുണ്ട്.

**ചോദ്യം:** ***താങ്കൾ അവസാനമായി പ്രവർത്തിച്ചത് കോഴിക്കോട്ടായിരുന്നല്ലോ? കോഴിക്കോട്ടെ അനുഭവങ്ങൾ?***

**ഉത്തരം:** ഞാൻ ജനിച്ചത് കണ്ണൂരിലാണെങ്കിലും 1954 ൽ എന്റെ 20-ാമത്തെ വയസ്സിൽ സ്വദേശം വിട്ട് ഖാദിയാനിലേക്ക് വരികയും പഠനാനന്തരം ഇന്ത്യയിലെ വിവിധ സ്റ്റേറ്റുകളിൽ പ്രവർത്തിക്കുകയും ചെയ്തു. 1990 ൽ കേരളത്തിൽലേക്ക് മടങ്ങുകയാണ് ചെയ്തത്. പിന്നീട് എന്റെ തട്ടകം കോഴിക്കോട്ടാണ്. അവിടെ ഒരു വീടുവെച്ച് സ്ഥിര താമസക്കാരനായി. കേരളത്തിൽ പ്രവർത്തങ്ങൾ നടത്താൻ കഴിഞ്ഞത് കോഴിക്കോട്ട് നിന്നാണ്. അഹ്മദിയ്യത്തിന്റെ മാത്രമല്ല കേരളത്തിലെ മുസ്‌ലിം തലസ്ഥാനമാണ് കോഴിക്കോട്. സംസ്ഥാനത്തെ മുസ്‌ലിം സംഘടനകളുടെ നാടിമിടിപ്പുകൾ കോഴിക്കോട്ട് നിന്ന് എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയും. ഇവിടെ വളരെ ഊർജ്ജസ്വലമായ ഒരു ജമാഅത്താണ് ഉള്ളത് എല്ലാവരും ഞാനുമായി ആത്മാർത്ഥ്മായും സ്നേഹപൂർണ്ണമായും സഹകരിച്ചിട്ടുണ്ട്. അവർക്കെല്ലാം അല്ലാഹു അതിന്നുള്ള പ്രതിഫലം നൽകുമാറാകട്ടെ.

**ചോദ്യം: കേരളത്തിലെ പൊതു സമൂഹത്തെ പറ്റി അങ്ങയുടെ അഭിപ്രായമെന്താണ്?**

**ഉത്തരം:** ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മലയാളികൾ പ്രബുദ്ധരാണ്. ഒരു പുതിയ ആശയം പെട്ടെന്ന് സ്വീകരിക്കുന്ന പ്രകൃതക്കാരല്ല. പഠിച്ചും പരീക്ഷിച്ചും പരിശോധിച്ചും ഗ്രന്ഥ പരായണം ചെയ്തും. കൂലങ്കുഷമായ യുക്തി വിചിന്തനങ്ങളും

ആശയ സംവാദങ്ങളും നടത്തി ബുദ്ധിപരമായി ബോദ്ധ്യം വന്നതിന്ന് ശേഷംമാണ് അവർ ഒരു ആശയം സ്വീകരിക്കുന്നത്. അഹമദിയത്തിൽ പ്രവേശിക്കുന്നവരിൽ മിക്കവരും ഈ രീതി അവലംബിക്കുന്നവരാണ്. എങ്കിലും ബുദ്ധിയെ മാത്രം അവലംബിക്കുന്നത് എപ്പോഴും അഭികാമ്യമല്ല. ഇശ്ക്ക് (അനുരക്തി) യുടെ ആത്മീയ സ്പർശമില്ലാതെ സത്യം പൂർണ്ണമായും ഗ്രഹിക്കാൻ സാദ്ധ്യമല്ല.

ഹദ്റത്ത് മുസ്ലി മൗഊദ് (റ) പറയുന്നു. **'അഖൽ അന്ധീ ഹൈ അഗർ നയ്യീറെ ഇൽഹാം നഹോ'** 'ദിവ്യവെളിപാടിന്റെ തെളിച്ചമില്ലെങ്കിൽ കേവലം ബുദ്ധി അന്ധമാണ്.' അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചവരിൽ യുക്തിയുടെയും ഭക്തിയുടെയും ഭാവങ്ങൾ പ്രകടമാണ്. ഇത് അനുഗ്രഹീതമായ ഒരു കാര്യം തന്നെയാണ്.

**ചോദ്യം:** ***കേരളത്തിൽ അഹ്മദിയ്യത്തിന്റെ ഭാവി?***

**ഉത്തരം:** കേരളത്തിൽ അഹ്മദിയ്യത്തിന്ന് തീർച്ചയായും ഒരു ശോഭനമായ ഭാവിയുണ്ട്. പ്രബുദ്ധരായ മലയാളി സമൂഹം അഹ്മദിയ്യത്തിനെ നെഞ്ചിലേറ്റുന്ന ഒരു കാലം സമാഗതമാവുമെന്ന് ഞാൻ കരുതുന്നു. പണ്ഡിതന്മാർ നടത്തുന്ന വ്യാജ പ്രചരണങ്ങൾക്ക് അൽപ്പായുസ്സ് മാത്രമേയുള്ളൂ. അവർ സൃഷ്ടിക്കുന്ന അസത്യത്തിന്റെ പുകമറ നീങ്ങിയാൽ യഥാർത്ഥ ഇസ്ലാം അഹ്മദിയ്യത്ത് ആണെന്ന സത്യം തീർച്ചയായും ആളുകൾക്ക് ബോദ്ധ്യമാവും.

**ചോദ്യം: ലോകം മുഴുവൻ മുസ്ലിം തീവ്രവാദം വർദ്ധിച്ചു വരുന്നതായി കാണുന്നു. എന്താണ് ഇതിന്നുള്ള പരിഹാരം?**

**ഉത്തരം:** ശരിയാണ് ലോകം മുഴുവൻ മുസ്ലിം, തീവ്രവാദം വർദ്ധിച്ചിരിക്കുന്നു. ലക്ഷ്യം മാർഗ്ഗത്തെ ന്യായീകരിക്കും എന്ന ചിന്താഗതിയുള്ള ഭൗതിക വിപ്ലവ പ്രസ്ഥാനങ്ങളുടെ സ്വാധീനത്തിൽപ്പെട്ടു കൊണ്ടാണ്. മുസ്ലിംങ്ങൾ തീവ്രവാദ പ്രസ്ഥാനങ്ങളിലേക്ക് ആകൃഷ്ടരാവുന്നത്. ഇസ്ലാമുമായി ഇതിന് യാതൊരു ബന്ധവുമില്ല. സഹനത്തിന്റെയും ആത്മനിയന്ത്രണത്തിന്റെയും ആത്മീയ മാർഗ്ഗമാണ് ഇസ്ലാം ഉപദേശിക്കുന്നത്. ഇസ്ലാമിന്റെ അദ്ധ്യാപനങ്ങളെ പറ്റിയുള്ള അജ്ഞതയും തങ്ങൾ ചെയ്യുന്ന പാതകങ്ങൾക്ക് അല്ലാഹുവിന്റെ മുന്നിൽ മറുപടി പറയേണ്ടിവരും എന്ന ചിന്തയില്ലായ്മയുമാണ് ഇതിന്ന് കാരണം ഇസ്ലാമിനെയും മുസ്ലിംകളേയും നശിപ്പിക്കാൻ കാത്തുനിൽക്കുന്ന ശക്തികളായ പാശ്ചാത്യ ശക്തികൾക്ക് മുസ്ലിംകളെ ആഞ്ഞടിക്കാനുള്ള സന്ദർഭം സൃഷ്ടിച്ചു കൊടുക്കുക മാത്രമാണ് തീവ്രവാദം കൊണ്ടുള്ള നേട്ടം.

**ചോദ്യം:** ***ആഗോള തലത്തിൽ അഹ്മദിയ്യത്തിന്റെ ഭാവി?***

**ഉത്തരം:** അഹ്മദിയത്ത് 185 രാജ്യങ്ങളിൽ സ്ഥാപിതമായിട്ടുണ്ട്. ആഗോളതലത്തിൽ അത് വിജയമുഹൂർത്തത്തിലേക്ക് ഓടിയടുക്കുകയാണ്. എം ടി എ എന്ന ആഗോള മുസ്ലിം സംപ്രേഷണം ഈ ഉദ്യമത്തെ ത്വരിതപ്പെടുത്തിയിട്ടുണ്ട് എം ടി എ യുടെ അറബികൾക്ക് വേണ്ടിയുള്ള മൂന്നാമത്തെ മുഴുസമയ ചാനൽ ഇപ്പോൾ ആരംഭിച്ചിരിക്കുന്നു. തീർച്ചയായും ഇതിന്ന് അറബ് നാടുകളിൽ വമ്പിച്ച ചലനങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. മറ്റു നിരവധി ഭാഷകളിലും എം ടി എ ഇസ്ലാംമത പ്രചാരണം നടത്തിവരുന്നു. ആധുനിക ഡിജിറ്റൽ യുഗത്തിൽ ആഗോള വാർത്താവിനിമയത്തിന്റെ മുഴുവൻ സാദ്ധ്യതയും ഇസ്ലാമിക പ്രചാരണത്തിന്ന് വേണ്ടി ഉപയോഗപ്പെടുത്താൻ ജമാഅത്ത് ഒരുങ്ങിക്കഴിഞ്ഞു. തീർച്ചയായും ലോകത്തിന്റെ നെറുകയിൽ ഇസ്ലാമിന്റെ വെന്നിക്കൊടി പറപ്പിക്കാമെന്ന് ശുഭപ്രതീക്ഷയും അതിനനുസൃതമായ നേതൃത്വവും പ്രവർത്തനവും ഉള്ള ഒരേയൊരു മുസ്ലിം ജമാഅത്ത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ്. ഇത് അല്ലാഹു ഏൽപ്പിച്ചതും റസൂൽ തിരുമേനി (സ) മുഖേന പ്രവചിക്കപ്പെട്ടതുമായ ദൗത്യമാണ്. അത് വിജയിക്കുകതന്നെ ചെയ്യും.

**ചോദ്യം:** ***താങ്കളുടെ ജീവിതത്തിൽ ഏതെങ്കിലും ഒരു അവിസ്മരണീയ സംഭവം?***

**ഉത്തരം:** ഹൈദരാബാദിൽ അഹ്മദിയ്യാ മുസ്ലിം മിഷൻ ഒരു ബഹുനില കെട്ടിടത്തിന്റെ മുകളിലായിരുന്നു പ്രാവർത്തിച്ചിരുന്നത്. അതിന്റെ മൂന്നാമത്തെ നിലയിലായിരുന്നു ഞാൻ കുടുബ സമേതം താമസിച്ചിരുന്നത്. 1967 ജൂലായ് 21–ാം തീയതി പെട്ടെന്ന് കെട്ടിടം പകുതി ഭാഗം പൊളിഞ്ഞു വീണു. തദവസരത്തിൽ ഞാൻ സ്ഥലത്തുണ്ടായിരുന്നില്ല. ഞങ്ങൾ താമസിക്കുന്ന മൂന്നാം നിലയിൽ അപ്പോൾ എന്റെ ഭാര്യയും മൂന്നു മാസം പ്രായമായ കൈകുഞ്ഞും മാത്രമാണുണ്ടായിരുന്നത്. ബിൽഡിംങ്ങ് വീണപ്പോൾ മൂന്നാം നിലയിൽ ഒരു മൂലയിൽ രക്ഷപ്പെടാൻ ഒരു പഴുതുമില്ലാതെ കുഞ്ഞിനെയും പിടിച്ച് അന്ധാളിച്ചു നിൽക്കുകയായിരുന്നു എന്റെ ഭാര്യ. മുന്നിൽ നിലംപൊത്തിയ കെട്ടിടത്തിന്റെ അഗാതമായ കുഴി. പിടിച്ചു നിൽക്കാൻ ഒരു പഴുതുമുണ്ടായിരുന്നില്ല. പെട്ടെന്ന് സ്ഥലത്തെത്തിയ എനിക്ക് ഈ കാഴ്ച്ചകണ്ട് എങ്ങനെ എന്റെ ഭാര്യയേയും കുഞ്ഞിനെയും രക്ഷപ്പെടുത്താനാവും എന്ന കാര്യത്തിൽ ഒന്നും ചെയ്യാനാവാതെ ഞാൻ ഇതികർത്തവ്യാമൂഢനായി നിൽക്കുകയായിരുന്നു. ഭയാനകമായ ഈ അവസ്ഥയിൽ നൂറുക്കണക്കിന്ന് ജനം തടിച്ചു കൂടിയിരുന്നു. ഈ അവസരത്തിൽ ഫയർ സർവ്വീസ് വാഹനം വന്ന് വലിയൊരു ഏണി (സ്റ്റയർകേസ്) എന്റെ ഭാര്യയും കുഞ്ഞും നിൽക്കുന്ന സ്ഥലത്ത് തൊട്ടുതൊട്ടില്ല എന്ന നിലയിൽ വെച്ചു. എന്നാൽ ആർക്കും തന്നെ ഏണി കയറാനുള്ള ധൈര്യം ഉണ്ടായിരുന്നില്ല. അവസാനം പ്രായമുള്ള ഒരു മുസ്ലിം ഫയർ

ശേഷം പേജ് 41 ൽ

ഭാഗം - 2

# സ്വപ്നങ്ങളുടെ അത്ഭുത നിഗൂഢ ലോകം

ഭാവിയുടെ ഗർഭഗൃഹത്തിലുള്ള നിഗൂഢ സംഭവങ്ങളെ പറ്റി സ്വപ്നങ്ങളിലൂടെ മനുഷ്യർക്ക് അദൃശ്യലോകത്ത് നിന്ന് അറിവ് നൽകപ്പെടുന്നു. ആധുനിക കാലത്ത് ഭൗതിക വിജ്ഞാനങ്ങളുടെ പ്രളയത്തിൽ അതിസൂക്ഷ്മമായി മനസ്സിലാക്കേണ്ട ദൈവിക മാനങ്ങളുള്ള ഈ വിജ്ഞാനശാഖ വിസ്മൃതമായിപ്പോവുകയാണുണ്ടായത്. വാഗ്ദത്ത മസീഹിലൂടെ സ്വപ്നവ്യഖ്യാന ജ്ഞാനം വീണ്ടും സജീവമാകുകയാണ്. *വിവ: താരിഖ് അലനല്ലൂർ.*

**മൗലാനാ ദോസ്ത് മുഹമ്മദ് ഷാഹിദ്**

ഹസ്റത്ത് മസീഹ് മൗഊദി (അ)ന്റെ ഖലീഫമാരുടെ കാലത്തും തുടർന്നു പോന്ന ഈ മാർഗ്ഗനിർദേശ രീതി, അഹ്മദിയ്യാ ജമാഅത്തിന്റെ സത്യത ഊട്ടിയുറപ്പിക്കാൻ ഉതകുന്നവയാണ്. അത്തരം ചില സന്ദർഭങ്ങൾ വിശദീകരിക്കാം:

1. അവസാന യാത്രക്കായി ഹദ്റത്ത് മസീഹ് മൗഊദ് (അ) ലാഹോറിലേക്ക് പോകുന്നതിനു മുമ്പായി, അദ്ദേഹത്തിന്റെ അഭിവന്ദ്യ പുത്രിയായ ഹദ്റത്ത് സയ്യിദ നവാബ് മുബാറക്ക ബീഗം സാഹിബ ഒരു സ്വപ്നം കാണുകയുണ്ടായി. അവർ തന്റെ വീടിന്റെ മുകളിലേക്ക് കയറി പോകുന്നതായാണ് സ്വപ്നത്തിൽ കണ്ടത്. ഒരു ഗ്രന്ഥവുമായി അവിടെ ഇരിക്കുന്ന ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബിനെ അവർ കാണുകയുണ്ടായി. അദ്ദേഹം ആ പുസ്തകം തുറന്നു കൊണ്ട് അതിലെ വെളിപാടുകൾ കാണിക്കുകയും, താൻ 'വിശ്വസ്ഥനായ അബൂബക്കർ' എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നുവെന്ന വെളിപാട് അവർക്ക് ചൂണ്ടിക്കാണിച്ചു കൊടുക്കുകയും ചെയ്തു. (സീറത്തുൽ മഹ്ദി, III, പേജ് 27)

2. രണ്ടാം ഖലീഫയായി ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) തിരഞ്ഞെടുക്കപ്പെട്ടതായും, ബൈഅത്ത് ചെയ്യാൻ ആളുകൾ അദ്ദേഹത്തിലേക്ക് പാഞ്ഞെത്തുന്നതായും, ഒന്നാം ഖിലാഫത്തിന്റെ അവസാന സമയത്ത് ഒരു സ്വപ്നത്തിൽ താൻ കാണുകയുണ്ടായി എന്ന് 1942 മാർച്ച് 29 നു ഹദ്റത്ത് മാസ്റ്റർ ഫക്കീറുള്ളാഹ് സാഹിബ് പ്രസ്താവിക്കുകയുണ്ടായി. ഇത് സത്യവും ഭാവിയിൽ പുലർന്നതുമായ ഒരു സ്വപ്നമാണ്. എന്നാൽ, 'എന്ത്കൊണ്ട് താങ്കൾ ബൈഅത്ത് ചെയ്തില്ല?' എന്ന് ഫക്കീറുള്ള സാഹിബിനോട് ചോദിക്കപ്പെട്ടപ്പോൾ, സ്വപ്നദർശനത്തിൽ തനിക്ക് അതിനുള്ള നിർദേശം നൽകപ്പെട്ടിരുന്നില്ല എന്നായിരുന്നു മറുപടി. (അൽ ഫുർഖാൻ , ഏപ്രിൽ, 1942, പേജ് 32)

3. റാവൽപ്പിണ്ടി ജില്ലയിലെ തഹ്സിൽ ഗുജ്ജാർ ഖാനിലെ ബഡാന എന്ന സ്ഥലത്തു വസിച്ചിരുന്ന മുഹമ്മദ് അബ്ദുൽ അസീസ് ഫാറൂഖി എന്നിവർ, 1930 ൽ 'കൗകബ് ദുരി' എന്ന പേരിൽ ഒരു ഗ്രന്ഥം പുറത്തിറക്കുകയുണ്ടായി. അതിലെ അഞ്ചാം പേജിൽ അദ്ദേഹം ഒരു സ്വപ്നത്തെ പറ്റി ഇപ്രകാരം വിവരിക്കുന്നു:' സൂര്യൻ നാല് ചിറകുകളുള്ള ഒരു പറവയായി മാറിയിരിക്കുന്നു. ഒന്നാമത്തെ ചിറകിന്റെ മുൻവശത്തു 'പ്രകാശം' എന്നും, രണ്ടാമത്തെ ചിറകിന്റെ മൂന്നിലൊന്ന് ഭാഗത്തായി 'മഹ്മൂദ്' എന്നും എഴുതപ്പെട്ടിരിക്കുന്നു. മൂന്നാമത്തെ ചിറകിന്റെ ഒത്ത നടുക്ക് 'നാസിറുദ്ദീൻ' എന്നും, നാലാമത്തേതിൽ 'അഹ്ലി ബൈത്ത്' എന്നും എഴുതിയിരിക്കുന്നു. നാല് ചിറകുകൾക്കും കീഴെയായി ഒരു മഞ്ഞ പുതപ്പും ചുവന്ന പുതപ്പും കാണപ്പെട്ടു. ചുവന്നത് താഴേക്ക് പതിക്കുകയും മഞ്ഞ സൂര്യനിലേക്ക് ലയിച്ചു ചേരുകയും ചെയ്തു.'

4. 'ഖലീഫ നാസിറുദ്ദീൻ', 'ഖലീഫ സലാഹുദ്ദീൻ' എന്നീ പദങ്ങൾ പരാമർശിക്കപ്പെട്ട ഒരു സ്വപ്നം, 1942 ൽ ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ദർശിക്കുകയുണ്ടായി. 1944 ലെ 'അൽഫുർഖാനി'ൽ ഇതു പ്രസിദ്ധപ്പെടുത്തുകയും, 'ഖലീഫ സലാഹുദ്ദീൻ' എന്ന പദത്തെ, രണ്ടാം ഖലീഫ വാഗ്ദത്ത പരിഷ്കർത്താവാണെന്ന വാദത്തെ സാധൂകരിക്കാനായി ഉപയോഗിക്കുകയും ചെയ്തു.

തങ്ങളുടെ സ്വപ്നങ്ങളെല്ലാം അക്ഷരാർത്ഥത്തിൽ നിറവേറ്റപ്പെടുന്നു എന്നതിനു പല മഹാത്മാക്കളുടെയും ജീവിതം സാക്ഷിയാണ്.

ഉദാഹരണത്തിന്, തദ്ക്കിറത്തുൽ ഔലിയ എന്ന ഗ്രന്ഥത്തിലെ 48-ാം അദ്ധ്യായത്തിൽ ഇപ്രകാരം പരാമർശിച്ചതായി കാണാം. മദീനയിൽ ആയിരുന്ന ഹദ്റത്ത് അബു അബ്ദുല്ല എന്നിവർ, കുറച്ചു നാളായി പട്ടിണിയായിരുന്നു. വിശപ്പിന്റെയും തളർച്ചയുടെയും അവസരത്തിൽ അദ്ദേഹം നബി (സ) യുടെ മഖ്ബറയിലേക്ക് വരികയും, ഇപ്രകാരം പറയുകയുമുണ്ടായി: 'അല്ലയോ അല്ലാഹുവിന്റെ ദൂതാ, ഞാൻ അങ്ങയുടെ പക്കൽ അങ്ങയുടെ അതിഥിയായി എത്തിയിരിക്കുന്നു.' ഇങ്ങനെ പറഞ്ഞതിന് ശേഷം അദ്ദേഹം ഒരു മൂലയിൽ ചുരുണ്ടു കൂടുകയും, ഉടൻ തന്നെ ഉറക്കത്തിലേക്ക് വഴുതിവീഴുകയും ചെയ്തു. ഹദ്റത്ത് മുഹമ്മദ് നബി (സ), സ്വകരങ്ങളാൽ തനിക്ക് റൊട്ടി നല്കുന്നതായി അദ്ദേഹം സ്വപ്നത്തിൽ കാണുകയുണ്ടായി. അത് പകുതി കഴിച്ചപ്പോഴേക്കും ഉറക്കത്തിൽ നിന്ന് ഉണർന്ന അദ്ദേഹം, ബാക്കി റൊട്ടി തന്റെ കൈയിലുള്ളതായി കാണുകയുണ്ടായി.ചില സ്വപ്നങ്ങളിലെ ദൃശ്യങ്ങൾ ഭയാനകമാണെങ്കിലും അവയുടെ വ്യാഖ്യാനങ്ങൾ മനോഹരവും ആഹ്ലാദജനകവുമായിരിക്കും. അതിനൊരു ഉദാഹരണമാണ്, മഹാനായ ഇമാം അബു ഹനീഫ കാണുകയും ഭയപ്പെട്ടു പോവുകയും ചെയ്ത സ്വപ്നം. നബി (സ) യുടെ അസ്ഥികൾ താൻ പെറുക്കുന്നതായും, അവയിൽ ചിലത് താൻ ഉപേക്ഷിച്ചതായും അദ്ദേഹം കാണുകയുണ്ടായി. ഈ ഭീകരദൃശ്യം അദ്ദേഹത്തിൽ ഞെട്ടൽ ഉളവാക്കുകയും അദ്ദേഹത്തെ ഉണർത്തുകയും ചെയ്തു. അദ്ദേഹം വല്ലാതെ വിറച്ചു പോയിരുന്നു. പ്രശസ്ത സ്വപ്നവ്യാഖ്യാതാവായ ഹദ്റത്ത് ഇബ്നു സിറീന്റെ സുഹൃത്തിനോട് ഈ സ്വപ്നത്തെ പറ്റി ഇമാം വിവരിക്കുകയുണ്ടായി. മുഹമ്മദ് നബി (സ) യുടെ ചര്യകളെപ്പറ്റിയുള്ള അറിവിൽ ഇമാം അബു ഹനീഫ മേന്മ നേടുമെന്നും, കള്ളവും കെട്ടിച്ചമക്കപ്പെട്ടവയുമായ ആചാരങ്ങളെ അദ്ദേഹം തള്ളിക്കളയുമെന്നും, സ്വീകാര്യ യോഗ്യമല്ലാത്ത ഒരു ഹദീസുപോലും അദ്ദേഹത്തിന്റെ ശേഖരത്തിൽ ഉണ്ടാവുകയില്ലെന്നുമുള്ള വ്യാഖ്യാനമാണ് ഈ സ്വപ്നത്തിന് നൽകപ്പെട്ടത്. ഈ വ്യാഖ്യാനം അക്ഷരംപ്രതി പുലരുകയുണ്ടായി. (സഹീറുൽ അസ്ഫിയ: അധ്യായം 18, പേജ് 198, പ്രസാധകർ: മത്ബഅ ഇസ്‌ലാം ലാഹോർ)

സീറത്തുൽ മഹ്ദി ഭാഗം ഒന്നിലെ 109-ാമത്തെ പേജിൽ, ഹദ്റത്ത് മിർസാ ബഷീർ അഹ്മദ് സാഹിബ് ഒരു സംഭവം വിവരിക്കുന്നത് ഇപ്രകരമാണ്:

'ഹദ്റത്ത് മസീഹ് മൗഊദ് (അ) നെതിരായി ഗുരുദാസ്പൂരിൽ ഒരു കേസ് നടന്നു കൊണ്ടിരിക്കുമ്പോൾ സ്വപ്നത്തിൽ താൻ ഇങ്ങനെ ദർശിച്ചതായി എന്റെ അഭിവന്ദ്യ മാതാവ് അരുളുകയുണ്ടായി: 'ഹദ്റത്ത് സാഹിബ് തൂക്കുമരത്തിൽ തൂക്കിലേറ്റപ്പെട്ടിരിക്കുന്നു.' എന്നാൽ, ഞാൻ ഹദ്റത്ത് സാഹിബിനെ ഈ സ്വപ്നം അറിയിച്ചപ്പോൾ അദ്ദേഹം സന്തോഷിക്കുകയും ഈ സ്വപ്നം നല്ല വാർത്ത പ്രദാനം ചെയ്യുന്ന ഒന്നാണെന്നു പ്രസ്താവിക്കുകയും ചെയ്തു. സ്വപ്നത്തിൽ കഴുമരത്തിൽ തൂക്കിലേറ്റപ്പെടുന്നതിനെ, പദവിയിലും സ്വപ്നങ്ങളിലും കൈവരാൻ പോകുന്ന അഭിവൃദ്ധിയായിട്ടാണ് ഹദ്റത്ത് സാഹിബ് എന്നും വ്യാഖ്യാനിച്ചിട്ടുള്ളതെന്ന് ഞങ്ങളുടെ മാതാവ് പല സന്ദർഭങ്ങളിലായി പറഞ്ഞിട്ടുണ്ട്.'

സ്വപ്ന വ്യാഖ്യാനം, സ്വപ്നം കാണുന്ന ആളുടെ നില, പദവി, ഗുണം, പ്രാപ്തി എന്നിവയുമായി നേരിട്ട് ബന്ധപ്പെട്ടു കിടക്കുന്നുവെന്നാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞിരിക്കുന്നത്. (മൽഫൂസാത്ത്, വാല്യം 3, പേജ് 302)

ഇതുമായി ബന്ധപ്പെടുത്താവുന്ന ഒരു രസകരമായ ഉദാഹരണവും അദ്ദേഹം നൽകുകയുണ്ടായി:

ഒരിക്കൽ ഒരാൾ ഇബ്നു സിറീന്റെ പക്കൽ വരികയും, താൻ ചപ്പുചവറുകളുടെ കൂമ്പാരത്തിനു മുകളിൽ നിൽക്കുന്നതായി കണ്ട സ്വപ്നം അദ്ദേഹത്തോട് വിവരിക്കുകയും ചെയ്തു.

അവിശ്വാസിയും പാപിയും അപരാധിയുമായ ഒരാൾ ഇതേ സ്വപ്നവുമായി സമീപിച്ചെങ്കിൽ താൻ വളരെ വ്യത്യസ്തമായ ഒരു വ്യാഖ്യാനമാണ് നൽകുകയെന്ന് ഇബ്നു സിരീൻ പ്രസ്താവിക്കുകയുണ്ടായി. അതിനാൽ തന്നെ, ഈ സ്വപ്നം അയാൾക്ക് ഒട്ടും യോജിക്കുന്നതല്ല എന്നും അദ്ദേഹം വ്യക്തമാക്കുകയുണ്ടായി. എന്നിരുന്നാലും, നിങ്ങൾ മാലിന്യക്കൂമ്പരത്തിനു മുകളിൽ നിൽക്കുന്നത് കൊണ്ട് നിങ്ങളുടെ ഗുണമഹിമകൾ എല്ലാവർക്കും വ്യക്തമായി ദൃശ്യമായിരിക്കുന്നു എന്നതാണ് അർത്ഥമാക്കുന്നത്. കാരണം, നഗ്നനായ ഒരാൾ പൊതുസമൂഹത്തിന് മുൻപിൽ ഒന്നും മറച്ചുവെക്കുന്നില്ല. നിങ്ങൾ ധർമ്മിഷ്ഠനും നീതിമാനുമാണെന്നത് എല്ലാവർക്കും സുപരിചിതമായ ഒരു കാര്യമാണ് എന്നാണ് ഈ സ്വപ്നം കൊണ്ടു അർത്ഥമാക്കുന്നത്. എന്നാൽ, ക്രൂരനും പാപിയുമായ ഒരു വ്യക്തിക്ക് നൽകുന്ന വ്യാഖ്യാനം തീർത്തും വ്യത്യസ്തമായിരിക്കും. (അൽ ബദർ, വാല്യം 1, പേജ് 11)തഅബീറു റോയാ അസ്സഗീർ ലെ ഇബ്നു സിരീൻ' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പരാമർശിക്കപ്പെട്ടതായി കാണാം:

ഒരിക്കൽ ഒരു വ്യക്തി ഇബ്നു സിരീന്റെ പക്കൽ വരികയും, താൻ ബാങ്ക് വിളിക്കുന്നതായി സ്വപ്നം കാണുകയുമുണ്ടായി എന്ന് പറയുകയും ചെയ്തു. അയാളുടെ രണ്ട് കൈകളും ഛേദിക്കപ്പെടുമെന്നാണ് ആ സ്വപ്നത്തെ വ്യാഖ്യാനിച്ചു കൊണ്ടു ഇബ്നു സിരീൻ പറഞ്ഞത്. അയാൾ തിരിച്ചു പോകുന്നതിനു മുൻപായി മറ്റൊരാൾ അവിടേക്ക് വരികയും ഇതേ സ്വപ്നത്തിന്റെ വ്യാഖ്യാനം ആരായുകയും ചെയ്തു.എന്നാൽ, ഹജ്ജ് ചെയ്യാനുള്ള ഭാഗ്യം അദ്ദേഹത്തിനു ലഭിക്കുമെന്ന രീതിയിലാണ് ഇബ്നു സിരീൻ അതിനെ വ്യാഖ്യാനിക്കുകയുണ്ടായത്. ഇവർ രണ്ടുപേരും പോയി കഴിഞ്ഞപ്പോൾ, ഒരേ സ്വപ്നത്തിന് രണ്ട് വ്യത്യസ്ത

വ്യാഖ്യാനം നൽകാനുണ്ടായ കാരണം ആ മഹാത്മാവിനോട് അദ്ദേഹത്തിന്റെ അനുയായികൾ ചോദിച്ചു. ആദ്യ വ്യക്തിയുടെ നെറ്റിയിൽ നോക്കിയപ്പോൾ തന്നെ അയാൾ ഒരു ദുഷ്ടനാണെന്ന് തനിക്ക് മനസിലായതായി അദ്ദേഹം മറുപടി പറഞ്ഞു. അതിനാൽ, 'പിന്നെ ഒരാൾ വിളിച്ചു പറഞ്ഞു: 'ഹേ! യാത്രാസംഘമേ! നിങ്ങൾ മോഷ്ടാക്കൾ തന്നെയാണ്' എന്ന ഖുർആൻ വചനത്തെ ആധാരമാക്കിയാണ് ഞാൻ അയാളുടെ സ്വപ്നത്തെ വ്യാഖ്യാനിക്കുകയുണ്ടായത്. എന്നാൽ, രണ്ടാമത്തെ വ്യക്തിയുടെ നെറ്റിത്തടങ്ങൾ ശ്രേഷ്ഠതയുടെ അടയാളങ്ങൾ കാണിക്കുന്നവയായിരുന്നു. അതിനാൽ, 'ഹജ്ജിനെക്കുറിച്ച് ജനങ്ങളിൽ വിളംബരം ചെയ്യുക' എന്ന ഖുർആനിക വചനത്തെയാണ് ഞാൻ ആധാരമാക്കിയത്.

ഇത് രണ്ടും ആ മഹാത്മാവിന്റെ പ്രവചനം പോലെത്തന്നെ സംഭവിക്കുകയുണ്ടായി. (തഅബീറു റോയാ അസ്സഗീർ, മുഹമ്മദ് ഇബ്നു സിരീൻ, രണ്ടാം പതിപ്പ്, പേജ് 9)

ചിലസമയങ്ങളിൽ, സ്വപ്നത്തിൽ കാണുന്ന വ്യക്തിയും ആ സ്വപ്നത്താൽ ബാധിക്കപ്പെടുന്ന വ്യക്തിയും രണ്ടായിരിക്കും. ഇത്തരം സ്വപ്നങ്ങൾ പ്രവാചകന്മാർക്ക് അടിക്കടി ഉണ്ടാകുമായിരുന്നു. അവയിൽ ചിലത് അവരുടെ ജീവിത കാലയളവിൽ തന്നെ പുലരുമ്പോൾ മറ്റു ചില സ്വപ്നങ്ങൾ തങ്ങളുടെ പിന്തുടർച്ചക്കാരുടെയും അനുയായികളുടെയും കാലഘട്ടത്തിലാണ് പുലരുക. താഴെ തന്നിരിക്കുന്ന ഉദാഹരണങ്ങൾ അതിന് കൂടുതൽ വ്യക്തത വരുത്തുന്നതാണ്.

1. 1905 സെപ്റ്റംബർ 7 നു ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി: 'ഒരിക്കൽ ഒരാൾ എന്റെ പേര് എഴുതുന്നതായി ഞാൻ സ്വപ്നത്തിൽ ദർശിച്ചു. പേരിന്റെ ആദ്യഭാഗം അറബിയിലും രണ്ടാം ഭാഗം ഇംഗ്ലീഷിലുമാണ് അയാൾ എഴുതുകയുണ്ടായത്. പ്രവാചകന്മാർക്കെല്ലാം സ്വന്തം നാട് വിട്ടു മറ്റൊരിടത്തേക്ക് പലായനം ചെയ്യേണ്ടതായി വരാറുണ്ട്. ചില സ്വപ്നങ്ങൾ തങ്ങളുടെ ജീവിത കാലയളവിൽ പൂർത്തീകരിക്കപ്പെടുമ്പോൾ, മറ്റു ചിലത് തങ്ങളുടെ മക്കളിലൂടെയോ അനുയായികളിലൂടെയോ ആണ് പുലരുന്നത്. ഉദാഹരണത്തിന്, സീസറിന്റെയും കിസ്റയുടെയും താക്കോലുകൾ തനിക്ക് കൈമാറ്റം ചെയ്യപ്പെടുന്നതായി ഒരു സ്വപ്നത്തിൽ ഹദ്റത്ത് മുഹമ്മദ് നബി (സ) ദർശിക്കുകയുണ്ടായി. എന്നാൽ ഈ രാജാക്കന്മാരുടെ പ്രദേശങ്ങളിൽ ഇസ്ലാമിന്റെ പക്കൽ വന്നത് ഖലീഫ ഉമറിന്റെ കാലത്തായിരുന്നു.' (ബദർ 07091905) വാഗ്ദത്ത പരിഷ്കർത്താവിന്റെ കാലത്ത് അഹ്മദികൾക്ക് പാകിസ്താനിലേക്ക് പലായനം ചെയ്യേണ്ടി വന്നതും അവിടെത്തന്നെ തുടരേണ്ടി വന്നതും ഈ സ്വപ്നത്തിന്റെ പുലർച്ചയെന്നോണമാണ്.

2. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുകയുണ്ടായി: 'ആകാശത്തു നിന്ന് ഒരു കിരീടം ഇറക്കപ്പെട്ടതായി എന്റെ പിതാവ് സ്വപ്നത്തിൽ കാണുകയുണ്ടായി. അത് മിർസാ ഗുലാം ഖാദിറിന്റെ (വാഗ്ദത്ത മസീഹിന്റെ മൂത്ത സഹോദരൻ) തലയിൽ വെക്കാനുള്ളതെന്നാണ് പറയപ്പെട്ടതെങ്കിലും, ശരിയായ രീതിയിൽ വ്യാഖ്യാനിക്കുമ്പോൾ അത് എനിക്കുള്ളതാണെന്നാണ് വ്യക്തമാകുന്നത്. സ്വപ്നത്തിൽ കണ്ട വ്യക്തിയും, യഥാർത്ഥത്തിൽ അടയാളം നൽകപ്പെട്ട വ്യക്തിയും രണ്ടുപേരാകുന്നത് പതിവാണ്. 'ഗുലാം ഖാദിർ' എന്നതിന്റെ അർഥം സർവശക്തന്റെ അടിമ എന്നാണെന്ന കാര്യവും ശ്രദ്ധേയമാണ്. അതിനാൽ തന്നെ സർവശക്തന്റെ യഥാർത്ഥ അടിമയാണെന്ന് സ്വയം തെളിയിച്ച വ്യക്തിക്കുള്ളതാണ് ഈ സ്വപ്നം. ഇപ്രകാരത്തിലുള്ള അനവധി സ്വപ്നങ്ങൾ ഞാൻ അന്ന് കാണാറുണ്ടായിരുന്നതു കൊണ്ട്, അവരുടെ ഈ വ്യാഖ്യാനം ശരിയല്ലയെന്ന ബോധ്യം എനിക്കുണ്ടായിരുന്നു. ആ സ്വപ്നം യഥാർത്ഥത്തിൽ എനിക്ക് അനുകൂലമായിരുന്നു. എല്ലാ ഓരോ വ്യക്തിക്കും, സർവശക്തന്റെ അടിമയാകേണ്ട ഒരു ഘട്ടം വരുമെന്ന് സയ്യദ് അബ്ദുൽ ഖാദർ ഗീലാനി എഴുതിയിരിക്കുന്നു.' (മൽഫൂസാത്ത്, വാല്യം 9, പേജ് 202)

ദൈവത്തിന്റെ കോപവും അസന്തുഷ്ടിയും സൂചിപ്പിക്കുന്ന ചില സ്വപ്നങ്ങളുമുണ്ട്. ഇവയിലൂടെ, ദൈവം നിശ്ചയിച്ച ആസന്നമായ ദുരന്തങ്ങളെ പറ്റി മനസിലാക്കാൻ സാധിക്കുന്നു. തന്റെ സൃഷ്ടികളുടെയെല്ലാം സ്രഷ്ടാവും അധികാരിയും താൻ മാത്രമാണെന്നു കാണിക്കാനും, തന്റെ പരമശക്തിയെയും അനിഷേധ്യമായ അധികാരത്തെയും ചൂണ്ടിക്കാണിക്കാനുമുള്ള തെളിവുകളാണ് ഇത്തരം സ്വപ്നങ്ങൾ.

വാഗ്ദത്ത മസീഹിന്റെ വചനങ്ങളിൽ നിന്ന് ലഭിക്കുന്ന ചില സ്വപ്നസംഭവങ്ങൾ വിവരിക്കാം:

1. ഒരു കാര്യം ചെയ്യണമെന്ന് ദൈവം തീരുമാനിച്ചാൽ, ബാലപ്രയോഗത്തിലൂടെയും നിർബന്ധത്തിലൂടെയും അത് നടപ്പിലാക്കാനുള്ള ശക്തി അവനുണ്ട്.

ഹസ്റത്ത് ഇമാം മൂസാ റാസയെ തുറങ്കിലടക്കാൻ ഒരു മുസ്ലിം രാജാവ് ഉത്തരവിട്ട ഒരു സംഭവം ചരിത്രത്തിൽ കാണാം. അർധരാത്രി ആയപ്പോൾ തന്റെ പ്രധാന മന്ത്രി ഉടൻ കൊട്ടാരത്തിലെത്തണമെന്ന രീതിയിൽ രാജാവ് സന്ദേശം അയക്കുകയുണ്ടായി. തല മറക്കാനും പാദരക്ഷകൾ ധരിക്കാനും പോലും കാത്തുനിൽക്കാതെ മന്ത്രി ഓടിയെത്തി. എന്താണ് സംഭവിച്ചതെന്ന് രാജാവിനോട് മന്ത്രി ആരാഞ്ഞു. താൻ കണ്ട ഒരു സ്വപ്നത്തെപ്പറ്റി രാജാവ് വിശദീകരിച്ചു. 'വലിയ കോടാലിയുമായി നിൽക്കുന്ന ഒരു അബീസീനിയൻ അടിമയെ ഞാൻ സ്വപ്നത്തിൽ കാണുകയുണ്ടായി. ഇമാം മൂസാ റാസയെ മോചിതനാക്കണമെന്നും, അല്ലാത്ത പക്ഷം ഒരു ദയാദാക്ഷിണ്യവുമില്ലാതെ എന്നെ വധിക്കുമെന്നും അയാൾ പറഞ്ഞു. അതിനാൽ ആ

യിരം സ്വർണനാണയങ്ങളുമായി താങ്കൾ തടങ്കലിലേക്ക് പോവുകയും, അദ്ദേഹത്തെ മോചിതനാക്കുകയും, അദ്ദേഹം സ്വതന്ത്രനാണെന്നും ഇഷ്ടമുള്ളമിടത്ത് ജീവിക്കാനുള്ള അവകാശം അദ്ദേഹത്തിനുണ്ടെന്ന് അറിയിക്കുകയും ചെയ്യുക.

പ്രധാനമന്ത്രി ഉടൻ അദ്ദേഹത്തിന്റെ അടുത്തേക്ക് പോയി. മന്ത്രി സംസാരിച്ചു തുടങ്ങുന്നതിനു മുൻപ് തന്നെ ഇമാം മൂസാ റാസ ഇപ്രകാരം പറഞ്ഞു: 'ഞാൻ കുറച്ചു മുൻപ് കണ്ട ഒരു സ്വപ്നത്തെ പറ്റി താങ്കൾ ആദ്യം കേൾക്കുക. നാളെ സൂര്യനുദിക്കുന്നതിനു മുൻപ് ഞാൻ സ്വതന്ത്രനാക്കപ്പെടുമെന്നുള്ള സന്തോഷവർത്ത, ദൈവം എന്നെ അറിയിച്ചിരിക്കുന്നു.'

ദൈവം തന്റെ ശക്തിയുടെയും ശേഷിയുടെയും അടയാളങ്ങൾ പ്രകടമാക്കുന്നുവെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. (മൽഫൂസാത്ത്, വാല്യം 10, പ്രസാധകർ: അൽ ശിർക്കാത്തുൽ ഇസ്ലാമിയ)

2. മഹാത്മാവായ ഷെയ്ഖ് നിസാമുദ്ദീൻ എന്നിവരുമായി രാജാവിന് കോപം മൂർച്ഛിക്കുകയും, വാരാന്ത്യത്തിൽ അദ്ദേഹത്തിന് ഒരു ഭയാനക ശിക്ഷ നൽകുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. എന്നാൽ ആ ദിനം വന്നെത്തിയപ്പോൾ, ആ മഹാത്മാവ് പതിവുപോലെത്തന്നെ ശാന്തനായാണ് കാണപ്പെട്ടത്. അദ്ദേഹത്തിന്റെ അനുയായികളെല്ലാം ഭയാശങ്കയിലായിരുന്നു. എന്നാൽ, ഉറക്കം വന്ന അദ്ദേഹം, തന്റെ ഒരു ശിഷ്യന്റെ മടിയിൽ തലവെച്ചു ഉറങ്ങുകയാണുണ്ടായത്. രാജാവിന്റെ ഭീഷണി എല്ലാവരെയും ആസ്വസ്ഥമാക്കിയിരുന്നു. അദ്ദേഹം മടിയിൽ തലവെച്ചിരുന്ന ശിഷ്യന്റെ കണ്ണുകളിൽ നിന്ന് കണ്ണീർ പൊഴിയുകയും, കുറച്ചു കണ്ണീർ ആ മഹാത്മാവിന്റെ മുഖത്തു പതിക്കുകയും അദ്ദേഹം എഴുന്നേൽക്കുകയും ചെയ്തു. എന്തിനാണ് കരയുന്നതെന്ന് അദ്ദേഹം ആരായുകയുണ്ടായി. രാജാവിന്റെ ശിക്ഷയെ പറ്റിയുള്ള തങ്ങളുടെ വേവലാതി ശിഷ്യരെല്ലാം അദ്ദേഹത്തെ ഉണർത്തി. ഷെയ്ഖ് പുഞ്ചിരിച്ചു കൊണ്ടു ഇപ്രകാരം പറഞ്ഞു: 'ഭയക്കേണ്ടതില്ല. ആരും എന്നെ ശിക്ഷിക്കില്ല. ഒരു പശു എന്നെ ആക്രമിക്കുന്നതായി ഞാൻ സ്വപ്നത്തിൽ കണ്ടു. ഞാൻ അതിന്റെ കൊമ്പുകളിൽ പിടിച്ചു കൊണ്ടു അതിനെ മലർത്തിയടിച്ചു. 'അതെ ദിവസം തന്നെ രാജാവിനു രോഗം പിടിപെടുകയും, അതിൽ നിന്ന് മോചിതനാവാൻ സാധിക്കാതെ മരണപ്പെടുകയും ചെയ്തു. (മൽഫൂസാത്ത്, വാല്യം 8, പേജ് 37)

ഒരേ സ്വപ്നം ഒന്നിൽ കൂടുതൽ ആളുകൾക്ക് ദൃശ്യമാകാറുണ്ട്. വെളിപാടുകൾക്കും ദർശനങ്ങൾക്കുമുള്ള ഈ വിചിത്ര സ്വഭാവം സ്വപ്നങ്ങൾക്കുമുണ്ട്. വാഗ്ദത്ത മസീഹിന്റെ കാലത്തെ സംഭവങ്ങളിൽ തന്നെ അതിനുള്ള ഉദാഹരണങ്ങളുണ്ട്.

വാഗ്ദത്ത മസീഹ്(അ) തന്റെ സ്വപ്നത്തിൽ ഒരു വലിയ വാൽനക്ഷത്രം കണ്ടതായി 1907 ആഗസ്റ്റ് 24 ലെ അൽ ഹക്കമിലെ മൂന്നാം പേജിൽ രേഖപ്പെടുത്തിയതായി നമുക്ക് കാണാം. അതെ ദിവസം തന്നെ അദ്ദേഹത്തിന്റെ മൂത്തപുത്രിയായ സയ്യിദ് നവാബ് മുബാറക്ക ബീഗം സാഹിബ, അവരുടെ സ്വപ്നത്തിൽ വാൽനക്ഷത്രങ്ങളെ കാണുകയുണ്ടായി.

അതുപോലെതന്നെ, 1905 ഏപ്രിൽ 27 ലെ അൽ ബദറിലെ ഒന്നാം പേജിൽ ഇപ്രകാരം പറയുന്നതായി കാണാം:

ഒരു വെള്ളപ്പുതപ്പിന് മുകളിൽ ഒരു മോതിരം വെച്ചതായി ഹസ്റത്ത് സാഹിബ് സ്വപ്നത്തിൽ കാണുകയുണ്ടായി. അതിനെത്തുടർന്ന് ഇപ്രകാരം അദ്ദേഹത്തിന്റെ വെളിപാടുണ്ടായി: (പേർഷ്യൻ) വ്യക്തമായ വിജയം: നമ്മുടെ വിജയം(അറബി) സ്വപ്നം പുലർന്നിരിക്കുന്നു. നിന്റെയടുക്കലേക്ക് യോദ്ധാക്കളുമായി ഞാൻ ഉടനെത്തന്നെ എത്തുന്നതാണ്. നന്മയുള്ളവരാകാനും ധാർമികതയുടെ പാതയിൽ നടക്കാനും മനുഷ്യനെ പ്രേരിപ്പിക്കുന്ന തന്റെ മലക്കുകളിലൂടെ ദൈവം പ്രവാചകന്മാർക്ക് സഹായങ്ങളെത്തിക്കുന്നു. വാഗ്ദത്ത മസീഹ് കണ്ട അതേ സ്വപ്നം സാഹിബ്സാദാ മിയാൻ സാഹിബ് കാണുകയും, അതിനെപ്പറ്റി അദ്ദേഹത്തെ അറിയിച്ചപ്പോൾ സത്യമാണെന്നു സ്ഥിരീകരിക്കുകയും ചെയ്തു.

തന്റെ പ്രശസ്ത ഖുർആൻ വ്യാഖ്യാന ഗ്രന്ഥമായ തഫ്സീറെ കബീറിലെ 447-ാം പേജിൽ അൽ സിൽസാൽ എന്ന അധ്യായം വിശദീകരിക്കുമ്പോൾ, ഹസ്റത്ത് മുസ്ലീഹ് മഊഊദ് (റ) ഈ വിഷയത്തെപ്പറ്റി ആഴമേറിയ ചർച്ച നടത്തുന്നതായി കാണാം. ദൈവത്തിലും, തന്റെ എളിയ ദാസന്മാരോട് ആശയവിനിമയം നടത്തുന്ന അവന്റെ ഗുണത്തിലും വിശ്വസിക്കാൻ ഇതു ഒരുവനെ പ്രേരിപ്പിക്കുന്നു.

വാഗ്ദത്ത മസീഹിന്റെ നിർദേശങ്ങൾ

ദൈവത്തിന്റെ എല്ലാവിധ കല്പനകളോടും അതിസൂക്ഷ്മമായ രീതിയിലുള്ള അനുസരണം പുലർത്തുന്നതിലൂടെ അവനുമായി ഒരു ദൃഢബന്ധം സ്ഥാപിക്കുവാൻ ഒരു യഥാർത്ഥ വിശ്വാസിയുടെ സ്വപ്നവ്യാഖ്യാനങ്ങൾ വഴി സാധിക്കുന്നുവെന്ന് വാഗ്ദത്ത മസീഹ് പറഞ്ഞിരിക്കുന്നു. അങ്ങനെ അവൻ വിപത്തിന്റെയും, പരീക്ഷണങ്ങളുടെയും, മാറ്റങ്ങളുടെയും സമയത്തു പോലും ദൈവത്തിലുള്ള തന്റെ ദൃഢവിശ്വാസം തുടർന്നു പോരുന്നു.

ഹസ്റത്ത് മുഹമ്മദ് നബി (സ) യുടെ യഥാർത്ഥ അനുയായിയുടെ ചുണ്ടുകളിൽ നിന്ന് കേട്ടറിഞ്ഞ ദൈവകല്പനകളും നിർദേശങ്ങളും ആത്മാർഥമായി പിന്തുടരുന്നവൻ എത്ര ഭാഗ്യവാൻ. എല്ലാ സ്തുതിയും സർവ്വലോക പരിപാലകനായ അല്ലാഹുവിനാകുന്നു എന്നതു തന്നെയാണ് ഞങ്ങളുടെ അവസാനത്തെ വിളംബരം. (അവസാനിച്ചു)

ഭാഗം – 3

# നിരീശ്വരവാദം വിചാരണ ചെയ്യപ്പെടുന്നു

നവ നാസ്തികർ ആരംഭിച്ച യുക്തി വിചിന്തനങ്ങളും ധൈഷണിക സംവാദങ്ങളും പ്രപഞ്ചാസ്തിത്വത്തിന്റെ നിഗൂഢ യാഥാർത്ഥ്യങ്ങൾക്ക് യാതൊരു ഉത്തരവും നൽകുന്നില്ല. അയുക്തികമായ ദൈവനിഷേധത്തിന്റെ വൈകാരികത ഉത്തേജിപ്പിക്കാനുള്ള പൊള്ളയായ വാചക കസറത്തുകൾ മാത്രമാണതെല്ലാം.

**സബാഹത്ത് അലി രജ്പുത്, മിഷ്ണറി, മെക്സിക്കോ**

പരിഭാഷ: താരിഖ് അലനല്ലൂർ

ദൈവാന്വേഷണത്തിൽ അപക്വമായ തീർപ്പിൽ എത്തുന്നതും അധാർമികമായ പക്ഷപാതം സ്വീകരിക്കുന്നതും, ഡാനിയേൽ ഡെന്നെറ്റിനെപ്പോലുള്ള (Daniel Dennet) തത്വചിന്തകർ മാത്രമല്ല. തികച്ചും ശാസ്ത്രീയമായ രീതിയിലുള്ള ഗവേഷണവും നിഷ്പക്ഷാന്വേഷണവും നടത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ദശാബ്ദങ്ങളായി കൊട്ടിഘോഷിക്കുന്ന റിച്ചാർഡ് ഡോക്കിൻസി (Richard Dawkins) നെപ്പോലുള്ളവരും ഇതിന് ഉദാഹരണങ്ങളാണ്. ബിബിസി (BBC) ക്ക് നൽകിയ ഒരു അഭിമുഖത്തിൽ അദ്ദേഹം ഇപ്രകാരം പറയുന്നു:

'ചിന്തിക്കാനും തെളിവുകൾ അന്വേഷിക്കാനും ജനങ്ങളെ പ്രേരിപ്പിക്കുകയെന്ന കർത്തവ്യമാണ് എനിക്ക് ഉള്ളതെന്ന് ഞാൻ കരുതുന്നു.'

എന്നാൽ ദൈവത്തിലേക്ക് വരുമ്പോൾ ഈ വാക്കുകളെല്ലാം ഒന്നുമല്ലാത്ത രീതിയിൽ വിസ്മരിക്കപ്പെടുന്നു. യഥാർത്ഥാന്വേഷണത്തിന്റെ ആവശ്യത്തെ, ഇസ്ലാമിന്റെ കാര്യത്തിൽ മാത്രം അദ്ദേഹം മാറ്റി നിർത്തുന്നു എന്നതാണ് വാസ്തവം. എന്നാൽ, പരിണാമസംബന്ധിയായ വിഷയങ്ങളിൽ, ശ്രദ്ധാപൂർവമായ അന്വേഷണത്തിന് അദ്ദേഹം കൊടുത്ത പ്രാധാന്യം എത്ര ആശ്ചര്യകരമാണ്.

നിഗൂഢമായവയെപ്പറ്റി പഠിക്കുമ്പോൾ, അവ ഒരു ശാസ്ത്ര സത്യത്തെ വെളിപ്പെടുത്തുമെന്ന് ഡോക്കിൻസ് വിശ്വസിക്കുകയും അതിനായി അങ്ങേയറ്റത്തെ ക്ഷമ കൈക്കൊള്ളാൻ താൽപര്യപ്പെടുകയും ചെയ്യുന്നു. എന്നാൽ, വളരെ കുറച്ച് വീണ്ടുവിചാരം മാത്രമേ ദൈവത്തിന്റെ കാര്യത്തിൽ അദ്ദേഹം പ്രദർശിപ്പിക്കുന്നുള്ളൂ.

### അപ്പൊഡിയോക്സിസ് (Apodioxis) അഥവാ 'എതിർവാദത്തെ തള്ളിക്കളയൽ'

'എതിരാളിയുടെ വാദത്തെയോ പ്രസ്താവനകളെയോ പൂർണമായി തള്ളിക്കളയുകയെന്നതാണ് അപ്പൊഡിയോക്സിസിന്റെ നിർവചനം. ഉദാഹരണത്തിന്,' ദൈവം ഇല്ല എന്നതിന് ഏറ്റവും നല്ല അഞ്ചു തെളിവുകൾ ഏതെല്ലാം?' എന്ന് ഡോക്കിൻസിനോട് ചോദിക്കപ്പെട്ടാൽ, 'കെട്ടുകഥകളില്ലായെന്നതിന് ഏറ്റവും നല്ല അഞ്ച് തെളിവുകൾ ഏതെല്ലാം?' എന്ന മറുചോദ്യം അദ്ദേഹം ഉയർത്തുന്നു. ഈ കബളിപ്പിക്കുന്ന പ്രസ്താവനാരീതിയെപ്പറ്റി കഴിഞ്ഞ ലക്കത്തിൽ വ്യക്തമായി ചർച്ച ചെയ്തിട്ടുള്ളതാണ്. ദൈവത്തിന്റെയും കെട്ടുകഥകളുടെയും അസ്തിത്വം ഒരുപോലെയാണെന്ന മിഥ്യാധാരണയുണ്ടാക്കി പ്രേക്ഷകനെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട്, ദൈവാസ്തികൃത്തിനെതിരെയുള്ള അഞ്ചു വാദങ്ങൾ വിശദീകരിക്കേണ്ട ആവശ്യകതയിൽ നിന്ന് അതിവിദഗ്ധമായി അദ്ദേഹം തടിയൂരുന്നു. ഇത്തരം വളച്ചൊടിക്കൽ രീതിയാണ് ആധുനിക നാസ്തികർ വിദഗ്ധവും മനോഹരവുമായ രീതിയിൽ നടപ്പിലാക്കുന്നത്.

മതങ്ങളെയും അവയുടെ സ്ഥാപകരെയുംപറ്റി ആധുനിക നാസ്തികരുന്നയിക്കുന്ന നാടകീയവും അടിസ്ഥാനരഹിതവുമായ വാദങ്ങൾ അപ്പൊഡിയോക്സിസിന്റെ മറ്റൊരു വശമാണ്. കളവുകളുടെയും, കെട്ടിപ്പടുക്കലുകളുടെയും, കല്പിതകഥകളുടെയും സഹായത്തോടെ എതിർവാദങ്ങളെ അടിച്ചമർത്താനും, മറുപടി കൊടുക്കുന്നതിൽനിന്ന് ഒഴി

ഞ്ഞുമാറുന്നതിനുമായി യുക്തിയുടെയും വിവേകത്തിന്റെയും യാഥാർഥ്യബോധത്തിന്റെയും മൂല്യങ്ങളെ ഉപേക്ഷിക്കുന്ന ആധുനികനാസ്തികർ നമ്മെ ആശ്ചര്യപ്പെടുത്തുന്നു.

**വൈദ്യനായ മുഹമ്മദ് നബി(സ)**

അപ്പൊഡിയോക്സിസിന്റെ ഏറ്റവും വലിയ വക്താവായ ക്രിസ്റ്റഫർ ഹിച്ചെൻസിന്റെ (Christopher Hitchens) നിർലജ്ജമായ ഒരു പ്രസ്താവന നോക്കുക:

'പ്രകൃതിസത്യങ്ങളിൽ മതസ്ഥാപകർക്കുള്ളതിനേക്കാൾ അറിവ് എന്റെ മക്കളിലെ ഏറ്റവും ജ്ഞാനം കുറഞ്ഞവർക്ക് പോലുമുണ്ട്.'

കഷ്ടം! സത്യസന്ധമായ മതാന്വേഷണത്തോടുള്ള നിഷേധം അദ്ദേഹത്തെ അജ്ഞതയുടെ പടുകുഴിയിലേക്ക് വീഴ്ത്തിയിരിക്കുന്നു. ഇസ്‌ലാമികനിഷ്ഠകളെ പരാമർശിക്കുന്ന ഏറ്റവും പ്രശസ്തവും വിശ്വസനീയവുമായ ഗ്രന്ഥമായ സ്വഹീഹ് അൽ ബുഖാരിയെങ്കിലും പഠിക്കാൻ ഹിച്ചെൻസ് തയ്യാറായിരുന്നെങ്കിൽ, ഇത്തരം മ്ലേച്ചവും അപഹാസ്യവുമായ താരതമ്യം നടത്താൻ അദ്ദേഹം ധൈര്യപ്പെടുമായിരുന്നില്ല.

വിദ്യാഭ്യാസത്തിന്റെയും വൈദ്യജ്ഞാനത്തിന്റെയും അഭാവത്തിൽ പോലും, 1400 വർഷങ്ങൾക്ക് മുൻപ് 'കരിംജീരക'ത്തിന്റെ (Nigella Sativa) വൈദ്യഗുണങ്ങളെപ്പറ്റി 'മരണമൊഴികെയുള്ള ഒട്ടുമിക്ക അസുഖങ്ങൾക്കെല്ലാം ഇതൊരു ഔഷധമാണ്' എന്ന് മുഹമ്മദ് നബി (സ) പ്രസ്താവിക്കുകയുണ്ടായിയെന്ന കാര്യം നമുക്ക് പരിഗണിക്കാം.

ആധുനിക ഗവേഷണങ്ങൾ വെച്ച് പരിശോധിക്കുമ്പോൾ, ഈ പ്രാചീനവിളംബരം എത്രമാത്രം അമ്പരിപ്പിക്കുന്നതാണെന്ന് വ്യക്തമാകും. ഏത് ശാസ്ത്രസാങ്കേതികവിദ്യയാണ് ഇത്തരമൊരു വിളംബരം നടത്താൻ ഇസ്‌ലാംമതസ്ഥാപകന് ഊർജം പകർന്നത്?

ആയിരക്കണക്കിനാളുകൾ അദ്ദേഹത്തിന്റെ വചനങ്ങൾ പിന്തുടരുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ടെന്ന കാര്യം അവിസ്മരണീയമാണ്. രോഗപരിചരണത്തിനാവശ്യമായ സസ്യങ്ങളെയും ഭക്ഷണരീതികളെയും പറ്റിയുള്ള അസംഖ്യം പാരമ്പര്യങ്ങളാണ് പ്രവാചകപ്രഭുവിൽ നിന്ന് കൈവന്നിട്ടുള്ളത്.

ഇസ്‌ലാംമതസ്ഥാപകന്റെ പ്രകൃതി സത്യങ്ങളിലെ പ്രാഗല്ഭ്യം വ്യക്തമാവാൻ ബുഖാരിയിലെ 'കിത്താബൽ തിബ്ബ്' (ഔഷധങ്ങളുടെ ഗ്രന്ഥം), കിത്താബൽ തഹാറാഹ (ശുചിത്വത്തിന്റെ ഗ്രന്ഥം) എന്നീ രണ്ട് ഗ്രന്ഥങ്ങൾ മാത്രം വായിച്ചാൽ മതിയാവുന്നതാണ്.

പ്രവാചകവചനങ്ങളിൽ ഏതെങ്കിലുമൊന്ന് തെറ്റാണെന്ന് തെളിയിക്കാനുള്ള ഒരു അവസരത്തിനായി എതിരാളികൾ നെട്ടോട്ടമോടുകയാണ്. പ്രവാചകന്റെ ഔഷധക്കുറിപ്പുകൾ അസംഖ്യങ്ങളാണെങ്കിലും, അവയിലേതെങ്കിലുമൊന്നിനെ വെല്ലുവിളിക്കാനുള്ള ശ്രമം പോലും നടന്നതായി എവിടെനിന്നും വ്യക്തമാകുന്നില്ല. മറിച്ച്, ജൂത ക്രൈസ്തവ മതക്കാർ പോലും വൈദ്യോപദേശത്തിനായി നബി (സ)യെ സമീപിച്ചിട്ടുണ്ട് എന്നതിന് ചരിത്രം സാക്ഷി.

പണ്ഡിതനായ ഹിച്ചെൻസിനെപ്പോലുള്ളവരുടെ പക്ഷപാത ചിന്താഗതി, അവരുടെതന്നെ വീക്ഷണങ്ങളെ നശിപ്പിക്കുകയും, അതിൻഫലമായി അടിസ്ഥാനരഹിത പ്രസ്താവനകൾ പുറപ്പെടുകയും ചെയ്യുന്നുവെന്നത് കാണുമ്പോൾ ഒരുവൻ ആശ്ചര്യപ്പെട്ടു പോകുന്നു. ഒരു സുഗന്ധവ്യഞ്ജനത്തെ ഒട്ടുമിക്ക അസുഖങ്ങൾക്കുമുള്ള പരിഹാരമായി നിർദ്ദേശിക്കത്തക്കവണ്ണം ആത്മവിശ്വാസം നൽകുന്ന ഏത് പരീക്ഷണശാലയാണ് അക്കാലത്തുണ്ടായിരുന്നത്?

ഇസ്‌ലാംമതസ്ഥാപകന്റെ (സ) ഇത്തരം വൈദ്യനിർദ്ദേശങ്ങളുടെ ആഴവും യാഥാർഥ്യവും മനസിലാക്കുന്നതിനുള്ള ശ്രമങ്ങൾ ആധുനികശാസ്ത്രം ആരംഭിച്ചിട്ടേയുള്ളൂ. ജാരണവിരോധി (Anti-oxidant), എരിച്ചിൽ വിരോധി (anti-inflammatory), ഉത്കണ്ഠാവിരോധി (anti-anxiety), വിഷാദവിരോധി (anti-depressant) എന്നിവയിൽ തുടങ്ങി പലതരം അണുവിരോധികളെന്ന (Anti-bacterial, Anti-viral, Anti-fungal, Anti-parasitic) രീതിയിലുള്ള കരിംജീരകത്തിന്റെ ഔഷധഗുണങ്ങൾ അത്ഭുതകരമായവയാണ്. ഹിസ്റ്റാമിൻ തകരാറുകളോട് (Histamine Intolerance) പൊരുതുന്നതിലും, പ്രതിരോധശേഷി വർധിപ്പിക്കുന്നതിലും തുടങ്ങി അർബുദസംബന്ധിയായ ചികിത്സകൾക്ക് വരെ ഇവ ഫലപ്രദമാണ്.

ഹൃദ്രോഗങ്ങളിൽ നിന്ന് രക്ഷിക്കാനും, ടെസ്റ്റസ്റ്റിറോൺ ഹോർമോണിന്റെ (Testosterone Hormone) അളവ് വർധിപ്പിക്കാനും, ആസ്ത്മ (Asthma), റൈനൈറ്റിസ് (Rhinitis) പോലുള്ള ശ്വാസകോശരോഗങ്ങളുടെ ചികിത്സക്കും കരിംജീരകം ഫലപ്രദമാണെന്ന് തെളിയിക്കപ്പെട്ടതാണ്.

പ്രമേഹത്തിനെതിരായും, നാഡീസംരക്ഷണത്തിനായും, വേദനാസംഹാരിയായും, അസ്ഥിക്ഷയം, സന്ധിവാതം, വട്ടച്ചൊറി തുടങ്ങിയ രോഗങ്ങൾക്കെതിരായും ഈ ഔഷധം ഉപയോഗിക്കപ്പെടുന്നു.

ആന്റിസെപ്റ്റിക്കായും (Anti-septic), പുരുഷപ്രത്യുത്പാദനസംബന്ധിയായ ചികിത്സകൾക്കായും, അപസ്മാരത്തിന്റെ അക്രമത്തിൽ നിന്നുള്ള രക്ഷക്കായും, വി

കിരണ സംരക്ഷിണിയായും (Radio protective), കറുപ്പിന്റെ ലഹരിയിൽനിന്നുള്ള (Opioid dependence) രക്ഷക്കായുമെല്ലാം ഇത് ഉപയോഗിക്കപ്പെടുന്നുണ്ട്. പ്രമേഹം മുതൽ അൾസർ (Ulcer) വരെയുള്ള രോഗങ്ങൾക്ക് ഏറ്റവും ഉചിതമാണിവയെന്ന് പരീക്ഷണശാലകളിലെ പഠനങ്ങൾ തെളിയിച്ചു കഴിഞ്ഞിരിക്കുന്നു.

പ്രവാചകവൈദ്യത്തിന്റെ നീണ്ടപട്ടികയിലെ ഒന്ന് മാത്രമാണിത്. എന്നിട്ടും, മതസ്ഥാപകരെല്ലാം പ്രകൃതിസത്യങ്ങളെപ്പറ്റി അജ്ഞരാണെന്ന അടിസ്ഥാനരഹിതവാദങ്ങളുയർത്തി വായനക്കാരെ തെറ്റിദ്ധരിപ്പിക്കാനാണ് ഡെന്നെറ്റിനെ പോലുള്ളവർ ശ്രമിക്കുന്നത്. സത്യമെന്തെന്നാൽ, പ്രകൃതിശാസ്ത്രങ്ങളിലെ ജ്ഞാനത്തിന്റെ നിറകുടമാണ് പ്രവാചക പ്രഭു ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ).

അതിശോചനീയമായ ജീവിതം നയിച്ചിരുന്ന അറബ് നിവാസികളെ തങ്ങളുടെ ദുഷിച്ച അവസ്ഥയിൽ നിന്ന് കൈപിടിച്ചുയർത്താനും, മര്യാദയുടെയും ശുചിത്വത്തിന്റെയും മകുടോദാഹരണങ്ങളാക്കി മാറ്റാനും പ്രവാചകാധ്യാപനങ്ങളാൽ സാധിച്ചു.

മലമൂത്രവിസർജനത്തിന് ശേഷം വൃത്തിയാക്കാൻ വെള്ളമുപയോഗിക്കുന്നത് മുതൽ (പല സംസ്കാരസമ്പന്നരായ യോഗ്യന്മാർക്കും ഇപ്പോഴും അജ്ഞമായ ഒരു കാര്യമാണിത്) പലതരം പ്രകൃതി സസ്യങ്ങളുടെയും, തേനിന്റെയും, ഇലകളുടെയും, വിത്തുകളുടെയും ഔഷധഗുണങ്ങൾ അവിടുന്ന് നമ്മെ പഠിപ്പിക്കുകയുണ്ടായി. മുഹമ്മദ് നബി (സ) യുടെ സൂക്ഷ്മമായി രേഖപ്പെടുത്തപ്പെട്ട ജീവിതം, വിമർശകരുടെ അസംസ്കൃതമായ ആരോപണങ്ങൾക്ക് മുന്നിൽ തലയുയർത്തി നിൽക്കുന്നു.

1400 വർഷങ്ങൾക്ക് മുൻപ് ജീവിച്ചിരുന്ന ഒരു അറബിവംശജന് ഗ്രഹിക്കാവുന്നതിലുമപ്പുറമുള്ള മറ്റൊരു ഉജ്ജ്വല നിരീക്ഷണത്തെപ്പറ്റി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഹ് (റഹ്) ഇപ്രകാരം എഴുതുന്നു:

'ഈയൊരു അർത്ഥകൽപന റസൂൽ തിരുമേനി (സ)യുടെ വചനങ്ങളിലും പൂർണമായും അംഗീകരിക്കപ്പെട്ടതാണ്. ചാണകത്തിന്റെ കട്ടകൊണ്ടോ, ചത്തമൃഗങ്ങളുടെ എല്ലുകൊണ്ടോ മലമൂത്രവിസർജനത്തിന് ശേഷം ശൗച്യം ചെയ്യരുതെന്ന് റസൂൽ തിരുമേനി (സ) ജനങ്ങളെ ശക്തമായി വിലക്കുകയുണ്ടായി. കാരണം അതെല്ലാം ജിന്നിന്റെ ഭക്ഷണമാണെന്നും റസൂൽ തിരുമേനി (സ) അരുളി. നാം ഇക്കാലത്ത് ടോയ്ലറ്റ് പേപ്പർ ഉപയോഗിക്കുന്നത് പോലെ പണ്ട് കാലത്ത് മൺകട്ട, കല്ല്, കയ്യിൽ കിട്ടിയ മറ്റ് ഉണങ്ങിയ പദാർത്ഥങ്ങൾ എന്നിവയായിരുന്നു ശൗച്യം ചെയ്യാൻ ആളുകൾ ഉപയോഗിച്ചിരുന്നത്. ഇവിടെ റസൂൽ തിരുമേനി (സ) പറഞ്ഞ 'ജിന്ന്' എന്നതുകൊണ്ടർത്ഥമാക്കിയത് എല്ലിലും കാഷ്ഠത്തിലുമുണ്ടാകുന്ന അദൃശ്യമായ സൂക്ഷ്മ രോഗാണുക്കളല്ലാതെ മറ്റൊന്നുമായിരുന്നില്ലെന്ന കാര്യം വളരെ വ്യക്തമാണ്. ഓർക്കുക, ബാക്റ്റീരിയയുടെയും വൈറസിന്റെയും സങ്കൽപം അക്കാലത്ത് ആർക്കും ഊഹിക്കാൻ പോലും സാധ്യമായിരുന്നില്ല. റസൂൽ തിരുമേനി (സ) ഇക്കാര്യം പരാമർശിച്ചിരുന്നു എന്നത് അത്ഭുതകരമാണ്. ഇതിനെ വിശേഷിപ്പിക്കാൻ അറബിഭാഷയിൽ 'ജിന്ന്' എന്ന പദത്തേക്കാൾ ഉചിതമായ മറ്റൊരു പദമില്ല.' (വെളിപാട് യുക്തി ജ്ഞാനം സത്യം, പേജ് 553554)

നിരീശ്വരവാദികളെയും രോഷാകുലരായ വിശ്വാസികളെയും വിനോദിപ്പിക്കാനാണ് ഹിച്ചെൻസിനെപ്പോലുള്ള ആധുനിക നാസ്തികർ ലക്ഷ്യമിടുന്നത്. സമൂഹത്തിലെ പണ്ഡിതശ്രേഷ്ഠരുടെ നാവിൽ നിന്നുതിരുന്ന ഇത്തരം പ്രസ്താവനകൾ ഗവേഷണങ്ങളുടെയും അന്വേഷണങ്ങളുടെയും അടിസ്ഥാനതത്വങ്ങളെ ലംഘിക്കുന്നവയാണ്. 'വിശ്വാസത്തെ ശാസ്ത്രത്തോടും യുക്തിയോടും കൂട്ടിയോജിപ്പിക്കാനുള്ള എല്ലാ ശ്രമവും പരാജയപ്പെട്ടതും പരിഹാസ്യമായിത്തീർന്നതുമാണ്' എന്ന് പറയാൻ വരെ ഹിച്ചെൻസ് മുതിരുന്നു.

ഒരുപാട് കാലമായി വിദ്യാഭ്യാസത്തിന്റെ വക്താവായി നിലകൊണ്ട ഒരു വ്യക്തിയുടെ അഭിപ്രായങ്ങൾ എത്രമാത്രം പിന്നാക്കവും ഇടുങ്ങിയതുമാണെന്ന് ഒരാൾ ആശ്ചര്യപ്പെട്ടേക്കാം. വിശ്വാസത്തെ ശാസ്ത്രവുമായി യോജിപ്പിക്കാനുള്ള ശ്രമത്തിന്റെ വാതിൽ കൊട്ടിയടക്കുമ്പോൾ, താൻ ജീവിതത്തിൽ വാദിച്ചതും അനുഷ്ഠിച്ചതുമായ കാര്യങ്ങളുടെ ലംഘനം തന്നെയാണ് ഹിച്ചെൻസ് യഥാർത്ഥത്തിൽ നടത്തുന്നത്.

ആദ്യം നാസ്തികരും പിന്നെ ശാസ്ത്രജ്ഞരുമായവരാണ് ആധുനിക നിരീശ്വരവാദത്തിന്റെ ശ്രോതാക്കൾ. ആദ്യം വിശ്വാസികളും പിന്നെ ശാസ്ത്രജ്ഞരുമായി മാറിയവരെന്ന് കുറ്റപ്പെടുത്തപ്പെടുന്ന ആളുകളിൽ നിന്നും ഒട്ടും വ്യത്യസ്തരല്ല ഇവർ.

പരസ്പരബന്ധിതവും, സ്വതന്ത്രവുമായ ഒരു ബന്ധമാണ് വെളിപാടും യുക്തിയും തമ്മിൽ നിലനിൽക്കേണ്ടതെന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്. ശാസ്ത്രവിരോധത്തെ ഇസ്ലാം എതിർക്കുകയും, വെളിപാടിന്റെ ആവശ്യകതയെ ശാസ്ത്രീയമായി സാധൂകരിക്കുകയും ചെയ്യുന്നു. യൂറോപ്പിനെ ജ്ഞാനദീപ്തമാക്കുന്നതിൽ പ്രധാന പങ്ക് വഹിച്ച ഇസ്ലാമിന്റെ സുവർണ്ണകാലഘട്ടം ഈ പരസ്പരബന്ധത്തിൽ നിന്ന് തന്നെയാണ് പിറവികൊണ്ടതും.

**ശേഷം പേജ് 24 ൽ**

# അമേരിക്ക: ആഭ്യന്തര യുദ്ധത്തിന്റെ വക്കിൽ

അമേരിക്കൻ പ്രസിഡന്റിന്റെ അധികാരകൈമാറ്റത്തിന്ന് തൊട്ട് മുമ്പ് അമേരിക്കയിൽ അരങ്ങേറിയ കലാപങ്ങളെ കുറിച്ചും അതിന്നുള്ള സാദ്ധ്യതകളെ കുറിച്ചും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ നൽകിയ മുന്നറിയിപ്പിനെ സംബന്ധിച്ച്.

പി എം സലീം

നാല് വർഷം മുമ്പ് പ്രസിഡന്റ് ഡോണാൾഡ് ട്രംമ്പിന്റെ തിരഞ്ഞെടുപ്പിന്ന് മുമ്പ് ഒരു ബി ബി സി ന്യൂസ് ആഭിമുഖത്തിന്നിടെ അമേരിക്കയിൽ ഒരു വലിയ ആഭ്യന്തര യുദ്ധം ഉണ്ടാവും എന്ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ അഞ്ചാമത്തെ ഖലീഫയായ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് മുന്നറിയിപ്പ് നൽകിയപ്പോൾ അഭിമുഖം നൽകിയിരുന്ന പീറ്റർ മാൻസ് ബ്രിഡ്ജ് അൽപ്പം പരിഭ്രാന്തിയോടെ ചോദിച്ചു:

ആഭ്യന്തര കലാപം?

ഖലീഫ തിരുമനസ്സ് പ്രതിവചിച്ചു. അതെ ട്രംമ്പ് തിരഞ്ഞെടുക്കപ്പെടുകയും അദ്ദേഹത്തിന്റെ നയങ്ങൾ നടപ്പാക്കുകയും ചെയ്താൽ ഒരു അമേരിക്കൻ ആഭ്യന്തര യുദ്ധത്തിന്റെ ഭീഷണി ആസന്നമാകും. അദ്ദേഹം ഇപ്പോൾ പറയുന്നതെല്ലാം നടപ്പാക്കാൻ ശ്രമിച്ചാൽ ഒരു വലിയ ആഭ്യന്തരയുദ്ധം തന്നെ നടക്കുമെന്ന് ഞാൻ ഭയപ്പെടുന്നു.

അദ്ദേഹം തുടർന്ന് വിശദീകരിച്ചു.

അവരുടെ എല്ലാ അവകാശങ്ങളും ഏതെങ്കിലും വിധത്തിൽ നിഷേധിക്കാൻ സർക്കാർ കഠിനമായ നടപടികൾ കൈകൊള്ളുകയാണെങ്കിൽ അവർ സർക്കാരിനെതിരെയും ഉയരും. അവർ നൂറുക്കണക്കിന്ന് ആളുകൾ ഉണ്ട്. പ്രശ്നങ്ങളും കുഴപ്പങ്ങളും സൃഷ്ടിക്കാൻ ഒരാൾ വിചാരിച്ചാലും സാധിക്കും. അതിന്ന് മറ്റാരുടെയും സഹായം ചിലപ്പോൾ ആവശ്യം വരില്ല. അതിനാൽ അവർ വിവേകം പാലിക്കണം.

ഭിന്നിപ്പിക്കൽ നയങ്ങൾ നടപ്പിലാക്കുകയാണെങ്കിൽ രാജ്യത്ത് അരാജകത്വം ഉണ്ടാകുമെന്ന് അദ്ദേഹം നേരത്തെ ഒരഭിമുഖത്തിൽ മുന്നറിയിപ്പ് നൽകിയിരുന്നു.

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് പറഞ്ഞു:

തിരഞ്ഞെടുക്കപ്പെടുന്ന അമേരിക്കൻ പ്രസിഡന്റ് വിവേകശൂന്യമായ എന്തെങ്കിലും നടപടി സ്വീകരിക്കുമെന്ന് ഞാൻ കരുതുന്നില്ല.

പീറ്റർ അമൻസ് ബ്രിഡ്ജ് പ്രതികരിച്ചു. താങ്കൾ അങ്ങനെ പ്രതീക്ഷിക്കുന്നുണ്ടോ?

ഖലീഫാ തിരുമനസ്സ് പറഞ്ഞു: 'ഞാൻ പ്രതീക്ഷിക്കുന്നു' അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു.

അഭിമുഖത്തിന് ശേഷം വാഷിംങ്ടൺ പോസ്റ്റിൽ പറഞ്ഞത് പോലെ അമേരിക്ക പ്രതിസന്ധിയിലായി (America has plunged into crisis) ആഭ്യന്തര കലാപം തുടരുകയാണ്. പല നയങ്ങളും വിവേക ശൂന്യവും ഒരിക്കലും നടപ്പാക്കാൻ സാദ്ധ്യമാകാത്തവയുമാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ശക്തമായ മുന്നറിയിപ്പ് നൽകിയ ആഭ്യന്തര യുദ്ധഭീഷണി ഇത്വരെ പൂർണ്ണ രൂപത്തിൽ പ്രകടമായിട്ടില്ലെങ്കിലും ജനങ്ങളെ വേർതിരിച്ചുകൊണ്ടുള്ള നയങ്ങളുടെ ആത്മാവും ചൈതന്യവും അമേരിക്കയിലും വ്യാപിക്കുകയാണ്. ആഭ്യന്തര അശാന്തിക്കുള്ള പരിഹാരങ്ങളും അന്തരാഷ്ട്രാ സമാധാനത്തിന്നുള്ള നിർദ്ദേശങ്ങളും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് വ്യക്തമാക്കിയിട്ടുണ്ട്. പാർലമെന്റുകളിലും രാഷ്ട്രീയ നേതാക്കന്മാരുമായുള്ള കൂടിക്കാഴ്ച്ചകളിലും അക്കാദമിക്ക് വിദഗ്ധരടക്കമുള്ളവരോടുള്ള പ്രസംഗങ്ങളിലും ലോക നേതാക്കൾക്കുള്ള പല കത്തുകളിലും സമാധാന സിംമ്പോസിയങ്ങളിലും ഖലീഫത്തുൽ മസീഹ് വിശുദ്ധ ഖുർആനിലെ അദ്ധ്യാപനങ്ങൾ ഉദ്ധരിച്ച്കൊണ്ട് ഇക്കാര്യം വിവരിച്ചിട്ടുണ്ട്.

ലോക സമാധാനം സ്ഥാപിക്കുന്നതിനെ സംബന്ധിച് സംസാരിക്കുമ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഇങ്ങനെ പറയുകയുണ്ടായി.

ഈ പ്രാഥമിക ലക്ഷ്യം നിറവേറ്റുന്നതിന്നുള്ള പ്രധാന ഉപാധി എല്ലാ കാര്യങ്ങളിലും കേവലമായ നീതിയും ന്യായവും നടപ്പിലാക്കുക എന്നതാണ്. വിശുദ്ധ ഖുർആൻ 4-ാം അദ്ധ്യായം 136-ാം വചനത്തിൽ ഈ സുവർണ്ണ തത്വവും പാഠവുമാണ് നൽകുന്നത്. നീതിയുടെ ആ ദൃശ്യങ്ങൾ നിറവേറ്റുന്നതിന്നുള്ള ഒരു മാർഗ്ഗമെന്ന നിലയിൽ നിങ്ങൾക്കോ നിങ്ങളുടെ മാതാപിതാക്കൾക്കോ നിങ്ങളുടെ അടുത്ത ബന്ധുക്കൾക്കോ സുഹൃത്തുക്കൾക്കോ എതിരായി സാക്ഷ്യം വഹിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടി വന്നാലും നിങ്ങൾ അങ്ങനെ ചെയ്യണം. വ്യക്തിപരമായ താൽപര്യങ്ങൾ പൊതു നന്മക്കായി ത്യജിക്കേണ്ടത് യഥാർത്ഥ നീതിയാണ്.

അദ്ദേഹം പറഞ്ഞു:

ഓരോ രാജ്യത്തിന്റേയും പ്രതിനിധികളും അംബാസഡർമാരും ആത്മാർത്ഥതയോടെയും നീതിയോടെയും സമത്വത്തിന്റെ തത്വങ്ങളെ പിന്തുണക്കാനുള്ള ആഗ്രഹത്തോടെ മുന്നോട്ട് വരണം. എല്ലാതരം പക്ഷപാതവും വിവേചനവും നാം ഇല്ലാതാക്കണം. കാരണം സമാധാനം കൈവരാനുള്ള മാർഗം ഇത് മാത്രമാണ്. (ലോക പ്രതിസന്ധിയും സമാധാനത്തിനുള്ള പാതയും. പേജ് 48, 49)

സർക്കാരും പൊതുജനങ്ങളും നീതിയോടും സമാധാനത്തോടും കൂടി പ്രവർത്തിക്കണമെന്ന് അദ്ദേഹം പറഞ്ഞു. തെരുവുകളിൽ കലാപവും അക്രമാസക്ത്വുമായ പ്രക്ഷോഭങ്ങൾ സൃഷ്ടിക്കുന്നത് ശാശ്വത സമാധാനമോ അവകാശമോ സ്വാതന്ത്ര്യമോ കൊണ്ടുവരികയില്ല. സാധാരണക്കാരെ അടിച്ചമർത്തുന്നതിലൂടെ സമാധാനം കൈവരുത്താനുമാവില്ല.

എല്ലാവിധ ആഭ്യന്തര തിന്മകൾക്കും സ്വാർത്ഥമോഹങ്ങൾക്കും മുൻവിധികൾക്കും ആഗ്രഹങ്ങൾക്കും എതിരായി പോരാട്ടം നടത്തണം. സമ്പൂർണ്ണ നീതി, സമത്വം, എന്നീ തത്വങ്ങളെ അടിസ്ഥാനമാക്കി ജീവിതത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ച്ചപാട് മാറ്റിയാൽ നാം ആഗ്രഹിക്കുന്ന തരത്തിലുള്ള ഒരു വിപ്ലവം കൊണ്ടു വരാൻ സാധിക്കും. അമേരിക്ക മാത്രമല്ല ലോകം മുഴുവൻ ഈ തത്വങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നത് വരെ ശാശ്വത സമാധാനത്തിന്നും പൗര സ്വാതന്ത്ര്യത്തിന്നുമുള്ള പ്രത്യാശ ഭാവനമാത്രമായി അവശേഷിക്കും.

---

പേജ് 22 ൽ നിന്ന് തുടർച്ച

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഹ് (റഹ്) തന്റെ മഹത്രചനയായ 'വെളിപാട് യുക്തി ജ്ഞാനം സത്യ'ത്തിൽ ഇപ്രകാരം വിവരിക്കുന്നു:

'ആ കാലഘട്ടത്തിലെ ഇസ്ലാമികാന്വേഷണം വിശുദ്ധ ഖുർആന്റെയും നബിചര്യയുടെയും സ്വാധീനത്തിലായിരുന്നെങ്കിൽ കൂടിയും, അവയെ മുഴുവനായും ഇസ്ലാമികമെന്ന് വിളിക്കാൻ സാധിക്കില്ല. കാരണം, എല്ലാ ദിശയിലുമുള്ള വലിയ ഭൗതികവളർച്ചകൾ അക്കാലത്ത് നടന്നുപോന്നിരുന്നു. പല തത്വങ്ങളും ശാസ്ത്രസിദ്ധാന്തങ്ങളും, മുൻകാലങ്ങളിൽ നിലനിന്നിരുന്ന നിഷ്പക്ഷമായ ശാസ്ത്രാന്വേഷണങ്ങളിൽ നിന്ന് സ്വാംശീകരിക്കപ്പെട്ടവയാണ്.

അതുപോലെതന്നെ, പുതിയ ജ്ഞാനങ്ങളിൽ പലതും ഉന്നത ഇസ്ലാമികചിന്തകരാൽ രൂപപ്പെട്ടവയാണ്. അങ്ങനെ, വെളിപാടും യുക്തിയും പരസ്പരബന്ധിതങ്ങളായി സഞ്ചരിച്ചു. ജ്ഞാനസമ്പാദനത്തിന് വിശുദ്ധ ഖുർആനും നബി തിരുമേനി (സ)യും നൽകിയ പ്രാധാന്യത്തിൽ നിന്നാണ് അവർക്ക് ഊർജം പകർന്നുകിട്ടിയത്. യുക്തിക്ക് എത്രമാത്രം പ്രാധാന്യം കൊടുത്തിരുന്നുവെന്നാൽ, വിശ്വാസവും യുക്തിയും പരസ്പരം പര്യായങ്ങളായി മാറുകയുണ്ടായി.' (വെളിപാട് യുക്തി ജ്ഞാനം സത്യം)

വെളിപാടും യുക്തിയും തമ്മിലുള്ള ഈ പരസ്പരബന്ധത്തെ പുനസ്ഥാപിക്കാനാണ് ഇസ്ലാം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതുവഴി ആത്മീയതയും ശാസ്ത്രനിഗൂഢതകളും ഒന്നിച്ചു ചേരുകയും, തൽഫലമായി, ഇപ്പോഴുള്ള ശാസ്ത്രപുരോഗമനങ്ങൾക്ക് പുറമെ ജ്ഞാനവും വിവേകവും നിറഞ്ഞ മറ്റൊരു സുവർണകാലഘട്ടം ഭൂജാതമാവുകയും ചെയ്യുന്നതാണ്.

അഹ്മദിയാ മുസ്ലിം ജമാഅത്തിന്റെ വന്ദ്യസ്ഥാപകരായ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇപ്രകാരം പറയുന്നു:

'ഇക്കാലത്ത്, മതകാര്യങ്ങളെ വെറും കഥകളും വാചകമടിയുമായി ചുരുക്കുക മാത്രമല്ല സർവശക്തനായ ദൈവം ചെയ്തിരിക്കുന്നത്. മറിച്ച്, വിശ്വാസത്തെ ഒരു ശാസ്ത്രമായി വിധിച്ചിരിക്കുന്നു. അത്കൊണ്ട് തന്നെയാണ്, എല്ലാം ശാസ്ത്രീയമായി അവതരിപ്പിക്കപ്പെടുന്ന ഈ കാലം ശാസ്ത്രകണ്ടുപിടിത്തങ്ങളുടെ യുഗമായി മാറിയത്. അതിനാൽ ത്തന്നെ, വിശുദ്ധ ഖുർആനിലെ ചരിത്രസംഭവങ്ങളെയും വിശ്വാസാദർശങ്ങളെയും ശാസ്ത്രീയമായ രീതിയിൽ അവതരിപ്പിക്കാനാണ് ഞാൻ അയക്കപ്പെട്ടിട്ടുള്ളത്.' (Al Hakam, 10 April 1902)

'പ്രകൃതിശാസ്ത്രത്തിന്റെ പാത്രത്തിൽനിന്നുള്ള ആദ്യ തുള്ളി നിങ്ങളെ നാസ്തികരാക്കി മാറ്റും. എന്നാൽ അതിന്റെ അടിത്തട്ടിൽ ദൈവം നിങ്ങൾക്കായി കാത്തിരിക്കുന്നു.' (വെണർ ഹേയ്സൻബർഗ് Werner Heisenberg)

ജോർദാൻ ഒരു ചരിത്ര ഭൂമി – 2

# ചാവുകടൽ

ചരിത്രത്തിന്റെ നിധികുംഭങ്ങൾ കാക്കുന്ന ജോർദാൻ ഭൂമിയിലൂടെ സഞ്ചാരിയുടെ യാത്ര.

എ. ക്യു. മഹ്ദി

ജോർദാന്റെ ചരിത്രഭാഗങ്ങളിലെ ചാവുകടൽ അഥവാ Dead Sea യെപ്പറ്റിയുള്ള വിവരണങ്ങളാണ് ഇനിയുള്ള കുറച്ചു വരികളിലൂടെ അനാവരണം ചെയ്യാൻ പോകുന്നത്.

ഭൂമിയുടെ ഉപരിതലത്തിലെ ഏറ്റവും താഴ്ന്ന സ്ഥലമാണീ ചാവുകടൽ. ഇസ്രായേലിലെ വെസ്റ്റ്ബാങ്കിനും ജോർദാനുമിടയ്ക്ക് കിടക്കുന്ന ചാവുകടൽ യഥാർത്ഥത്തിൽ വലിയൊരു ഉപ്പുജല തടാകമാണ്. 67 കിലോമീറ്റർ നീളവും 18 കിലോമീറ്റർ വീതിയും, ഏറ്റവും ആഴത്തിൽ സമുദ്രനിരപ്പിനേക്കാൾ 760 അടി താഴ്ചയുമുള്ള ചാവുകടൽ ആയിരക്കണക്കിനു വർഷങ്ങളായി അനേകം പേരെ ആകർഷിച്ചിട്ടുണ്ട്. മറ്റു കടലുകളെക്കാൾ വളരെ ഉയർന്ന ലവണാംശമുള്ളതിനാൽ ചാവുകടലിൽ ജലജീവികളില്ല. ചാവുകടൽ എന്ന പേരുണ്ടായതും അങ്ങനെതന്നെ. സൂക്ഷ്മജീവികൾപോലും ഇല്ല എന്നതാണു യാഥാർത്ഥ്യം. ജലസാന്ദ്രത കൂടുതലായതിനാൽ മനുഷ്യർ ആ ജലത്തിൽ മുങ്ങിപ്പോവുകയില്ല. സമുദ്രസ്നാനത്തിനിടയിൽ തന്നെ മലർന്നു കിടന്നു പത്രം വായിക്കുന്നവരെ ചാവുകടലിൽ കാണാം.

ചാവുകടലിന്റെ അൽപ്പം ഭൂമിശാസ്ത്രം കേൾക്കാം. തുർക്കിയിലെ തോറസ് പർവതനിര മുതൽ തെക്കൻ ആഫ്രിക്കയിലെ സാംബസി താഴ്വര വരെ വ്യാപിച്ചിട്ടുള്ള 6000 കിലോമീറ്റർ നീളമുള്ള 'ഗ്രേറ്റ് റിഫ്റ്റ് വാലി'യിലാണ് ചാവുകടലിന്റെ സ്ഥാനം. മയോസിൻ യുഗത്തിൽ അറേബ്യൻ ഖണ്ഡം ആഫ്രിക്കൻ ബന്ധത്തിൽ നിന്നും അകന്നു മാറിയതിന്റെ ഫലമായാണ് ഗ്രേറ്റ് റിഫ്റ്റ് വാലി രൂപപ്പെട്ടത്. ലോകത്തെ മറ്റെല്ലാ കടലുകളിൽനിന്നും വ്യത്യസ്തമാണ് ചാവുകടലിന്റെ ധാതുഘടന. 53%-മഗ്നീഷ്യം ക്ലോറൈഡും, 37% പൊട്ടാഷ്യം ക്ലോറൈഡും, 8% സോഡിയം ക്ലോറൈഡും (അതായത് ഉപ്പ്) ചേർന്ന ഘടനയാണ് ഈ കടൽ ജലത്തിനുള്ളത്. ഈ ക്ലോറൈഡുകൾ വെള്ളത്തിലെയും പരിസരങ്ങളിലെയും കാൽസ്യം അയോണുകളെ ന്യൂട്രലൈസ് ചെയ്യുന്നു. മറ്റു കടലുകളിലെ ഉപ്പിൽ 97% സോഡിയം ക്ലോറൈഡ് ആണ്. എന്നാൽ ചാവുകടലിൽ അത് 18 ശതമാനമേയുള്ളൂ. എന്നാൽ ഇവിടത്തെ ലവണ സാധ്യത 31.5% ആണ്. ചാവുകടലിലെ കുളി, ചർമ്മരോഗ ശമനത്തിനു കാരണമാവുന്നു.

ഇനി ചാവുകടലിന് മതപരമായും, വിശ്വാസപരമായും വലിയൊരു ചരിത്രമുണ്ട്. ആ വിശ്വാസം തികച്ചും ഐതിഹ്യപരമെന്നു വിശ്വസിക്കുന്നവരും ഉണ്ട്. ബൈബിളിലും ഖുർആനിലും പരാമർശിക്കുന്ന സോദോം, ഗൊമോറ എന്നീ നശിപ്പിക്കപ്പെട്ട പട്ടണങ്ങൾ ചാവുകടലിന്റെ തെക്കുകിഴക്കൻ തീരത്തായിരുന്നുവെന്നു കരുതപ്പെടുന്നു. ആ നഗരത്തിലെ ജനങ്ങൾ മുഴുവൻ അധാർമ്മികതയിൽ മുഴുകി ജീവിച്ചപ്പോൾ, അവരെ നേർവഴിക്കു നടത്താൻ ദൈവം ഒരു പ്രതിനിധിയെ, ഒരു പ്രവാചകനെ അയച്ചു. അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കാൻ തയ്യാറാവാത്ത ആ ജനത, ആ പുണ്യപുരുഷനെയും അമിതമായി അപമാനിക്കാൻ തുനിഞ്ഞപ്പോൾ യഹോവ അഥവാ ദൈവം, ആ ദേശത്തെ ജനങ്ങൾക്ക് മുന്നറിയിപ്പോടെ നൽകിയ കടുത്ത ശിക്ഷയുടെ ഫലമായി, ജനങ്ങൾ മുഴുവൻ കൊല്ലപ്പെടുകയും ചെയ്തു എന്നാണ് പുരാണ ചരിത്രം. കീഴ്മേൽ മറിക്കപ്പെട്ട ആ കടുത്ത ഭൂകമ്പത്തിൽ, ഭൂമിയുടെ മുകൾനില താഴ്ന്നും, താഴ്ഭാഗം മേൽഭാഗത്തുമായി രൂപം കൊണ്ടതാണീ ചാവുകടൽ എന്നാണ്, ഈ വിശ്വാസം വിശദീകരിക്കുന്നത്.

ചാവുകടലിലെ അതിശയകരമായ വെള്ളത്തെപ്പറ്റി അരിസ്റ്റോട്ടിലും എഴുതിയിട്ടുണ്ട്. ക്ലിയോപാട്ര രാജ്ഞി ഈ തീരത്ത് സൗന്ദര്യവർദ്ധക വസ്തു നിർമ്മാണശാലകൾ സ്ഥാപിച്ചിരുന്നുവത്രെ. ചാവുകടലിൽ നിന്നു വേർതിരിച്ചെടുത്തിരുന്ന കമ്പദം മമ്മികൾ ഒരുക്കാനായി ഈജിപ്റ്റുകാർ ഉപയോഗിച്ചിരുന്നു. ഹെറോദ് രാജാവ് ചാവുകടലിന് ചുറ്റും കൊട്ടാരങ്ങൾ നിർമ്മിച്ചിട്ടുണ്ട്. സ്നാപക യോഹന്നാൻ, യേശുക്രിസ്തു എന്നിവരുടെ ജീവിതവുമായും ചാവുകടലിനു ബന്ധമുണ്ട്. രാസവ്യവസായങ്ങൾക്കും ചാവുകടൽ ജലം ഉപയോഗിക്കുന്നു. പൊട്ടാഷ്, കാസ്റ്റിക് സോഡ, മഗ്നീഷ്യം,

സോഡിയം ക്ലോറൈഡ് എന്നിവ, ഇസ്രായേലും ജോർദാനും ഈ കടൽവെള്ളം ഉപയോഗിച്ച് നിർമ്മിക്കുന്നുണ്ട്.വന്നുചേരുന്ന വെള്ളത്തിന്റെ അളവു കുറയുന്നതിനാൽ അതിവേഗം ചുരുങ്ങി വരികയാണ് ചാവുകടൽ. ജോർദാൻ നദിയിലെ വെള്ളം കൃഷിക്കും മറ്റാവശ്യങ്ങൾക്കുമായി കൂടുതൽ ഉപയോഗിക്കുന്നതിനാലാണ് കടലിലേയ്ക്കുള്ള ശുദ്ധജലത്തിന്റെ ഒഴുക്കു കുറയുന്നത്. മധ്യ ധരണ്യാഴിയിലോ, ചെങ്കടലിൽ നിന്നുമോ കനാലുകൾ വഴി ചാവുകടലിലേയ്ക്കു വെള്ളം കൊണ്ടുവരികയാണ് അതിനെ രക്ഷിക്കാനുള്ള ഒരു മാർഗ്ഗം. ഈ പദ്ധതിയെക്കുറിച്ചു പഠിക്കാൻ 2000 മെയ് ഒമ്പതിന് ജോർദാനും ഇസ്രയേലും പലസ്റ്റീൻ അതോറിറ്റിയും ചേർന്ന് ഒരു കരാർ ഒപ്പിട്ടു. ഈ മൂന്നു രാജ്യങ്ങളും ചാവുകടലിലെ അതിരു പങ്കിടുന്നുണ്ട്. ലോക ബാങ്ക് ഈ പദ്ധതിക്കു സഹായം ഓഫർ ചെയ്തിട്ടുണ്ട്. ശുദ്ധജലം ചാവുകടലിലേക്കു പമ്പുചെയ്യാനും അതുവഴി 550 മെഗാവാട്ട് വൈദ്യുതി പ്രതിവർഷം ഉൽപ്പാദിപ്പിക്കുവാനുമാണ് പദ്ധതിയിടുന്നത്.

ജോർദാൻകാരുടെ ഭക്ഷണശീലത്തെപ്പറ്റികൂടി പറഞ്ഞാലേ, അവരുടെ ചരിത്രം പൂർണ്ണമാകൂ.

പാലും തൈരും സമൃദ്ധമായി കഴിക്കുന്നവരാണ് ജോർദാനികൾ. ചെമ്മരിയാടിന്റെയോ ആടിന്റെയോ പാൽ ചേർത്തുണ്ടാക്കുന്ന, ചായയ്ക്കു തുല്യമായ ഒരു ജോർദാൻ പാനീയമാണ് ഹലൗമി (HALLOUMI). ഒരു പ്രത്യേക രീതിയിൽ തയ്യാറാക്കപ്പെട്ട റൊട്ടിക്കൊപ്പമാണ് ഹലൗമി കുടിക്കാൻ നൽകുക. ചോറ്, ഒലിവെണ്ണ, യോഗർട്ട് അഥവാ മസാല തൈര്, റൊട്ടി, കോളിഫ്ളവർ, ഉരുളക്കിഴങ്ങ്, വെണ്ടയ്ക്ക, വെള്ളരിക്ക, ആട്ടിറച്ചിയോ കോഴിയിറച്ചിയോ, വിവിധയിനം പഴങ്ങൾ എന്നിവ മിക്കവാറും ദിവസങ്ങളിൽ ഭക്ഷണത്തിലുൾപ്പെടുത്താൻ ശ്രദ്ധിക്കാറുണ്ട് ഇവർ. ചോറും ഇറച്ചിയും വലിയ ഒരു പാത്രത്തിൽ മുറിയ്ക്കു നടുവിൽ വച്ചാണ്, കൂട്ടം ചേർന്നിരുന്നു ഉച്ചയൂണു കഴിക്കുക. ബിരിയാണിയൊക്കെ ഇത്തരത്തിൽ, വലിയ താമ്പാളത്തിൽ വിളമ്പിവച്ച്, ചുറ്റുമിരിക്കുന്നവർ ആ പാത്രങ്ങളിൽ നിന്നുതന്നെ നേരിട്ടെടുത്തു ഭക്ഷിക്കുന്ന അറേബ്യൻ രീതി. മിക്കവാറും ഏറ്റവും അടുത്തവരും ബന്ധുക്കളും, വിശിഷ്ട അതിഥികളും ഇങ്ങനെയാണ് ഭക്ഷണം കഴിക്കുക. ഭക്ഷണത്തളികയ്ക്കു ചുറ്റും തൈരും സാലഡുമുണ്ടാകും. രണ്ടായി മടക്കിയ റൊട്ടിക്കഷണങ്ങളാണ് ചോറുകോരിത്തിന്നാൻ ഉപയോഗിക്കുന്നത്.

തുടക്കത്തിൽ അതിഥികൾക്ക് കാപ്പിയോ പഴച്ചാറോ നൽകി സൽക്കരിക്കുന്ന രീതിയാണുള്ളത്. മൻസാഫ് ആണ് വിശിഷ്ടമായ ജോർദാൻ ഭക്ഷണം. വരട്ടിയ യോഗർട്ടിൽ ആട്ടിറച്ചി വേവിച്ചെടുത്ത് റൊട്ടിയോടൊപ്പമാണ് മൻസാഫ് കഴിക്കുന്നത്. സുഹൃത് സൽക്കാരങ്ങൾക്കും വിവാഹ സത്കാരത്തിലും ഈ വിഭവം ഒഴിവാക്കാനാവില്ല.

അറബി വംശജരാണ് ജോർദാൻ ജനതയിൽ ഭൂരിഭാഗവും. ചെയ്നിയക്കാർ, അർമീനിയക്കാർ, കുർദുകൾ തുടങ്ങിയ ന്യൂനപക്ഷങ്ങളുമുണ്ട്. ഔദ്യോഗിക ഭാഷ അറബിയാണെങ്കിലും ഭരണപരമായ ആവശ്യങ്ങൾക്കുൾപ്പടെ ഇംഗ്ലീഷ് വ്യാപകമായി ഉപയോഗിക്കുന്നു. രാജ്യത്തെ 70% ജനങ്ങളും നഗരവാസികളാണ്. ആറു ശതമാനത്തോളം വരുന്ന ജനങ്ങൾ നാടോടികളോ, അർദ്ധനാടോടികളോ ആണ്. മുപ്പതു ലക്ഷം പലസ്തീൻ അഭയാർത്ഥികൾ ജോർദാനിലുണ്ട്.

## പെട്ര ഒരത്ഭുത പ്രാചീന നഗരം

പല ലോകരാജ്യസന്ദർശനങ്ങളിലും, ആ രാജ്യത്തെ ഏറ്റവും അപൂർവവും പ്രശസ്തവും, പ്രസിദ്ധവുമായ ചില കാഴ്ചകൾക്കു ഞാൻ പ്രാധാന്യം കൊടുക്കുകയും, തയ്യാറെടുപ്പു നടത്തുകയും ചെയ്യാറുണ്ട്. ഈജിപ്റ്റ് സന്ദർശനത്തിലെ പ്രധാന ലക്ഷ്യം പിരമിഡ്, മമ്മി സന്ദർശനങ്ങളും, ലോകത്തെ ഏറ്റവും വലിയ നദിയായ നൈലിലൂടെയുള്ള ഒരു യാത്രയുമായിരുന്നു. ചൈനയിൽ വൻമതിലും, ടിയാനൻ-മെൻ സ്ക്വയറും മനസ്സിൽ കരുതിവച്ചിരുന്നു. അങ്ങനെ ജോർദാൻ യാത്രയിലും ഒരു പ്രധാനപ്പെട്ട വിശേഷവും കാഴ്ചയും മുഖ്യമായും ഞാൻ ലക്ഷ്യമിട്ടിരുന്നു. അതാണ് പെട്ര.

എന്താണ് പെട്ര? ചെങ്കൽപ്പാറയിൽ കൊത്തിയെടുത്ത ഒരു പ്രാചീന നഗരമാണ് പെട്ര. ഈ നഗരത്തിന് രണ്ടായിരം വർഷത്തെ പഴക്കമുണ്ട്. പോകും വഴി ബുക്ക് ചെയ്ത ഹോട്ടൽ കണ്ടപ്പോൾ, ഡ്രൈവറോട് നിർദ്ദേശിക്കുകയും അയാൾ ബസ്സ് ഉടൻ നിർത്തിത്തരികയും ചെയ്തു. ഹോട്ടൽ ആദം ഇന്റർ നാഷണൽ. ഇവിടെയാണ് ഞാൻ മുറി ബുക്ക് ചെയ്തിരിക്കുന്നത്. മുന്തിയ ഒരു ഹോട്ടലാണെന്ന് നെറ്റിലൂടെ മനസ്സിലാക്കിയിരുന്നു.

നല്ല മുറിയായിരുന്നു കിട്ടിയത്. വിശാലമായ റൂം. ആധുനിക സൗകര്യങ്ങളെല്ലാം ഒരുക്കിയിട്ടുണ്ട്. യൂറോപ്പിലെ ഏതെങ്കിലും വൻ നഗരത്തിലെ ഹോട്ടൽ മുറിപോലെയുണ്ട്.

പെട്ടെന്നു തന്നെ ഫ്രഷായിട്ട് ഞാൻ പുറത്തിറങ്ങി. നഗര യാത്രയ്ക്കായി ഒരു ടാക്സി കിട്ടേണ്ടിയിരിക്കുന്നു. കറുത്ത കണ്ണട വച്ച സുമുഖനായ മുസ്തഫ എന്ന ടാക്സിക്കാരനെ ഹോട്ടലുകാർ തന്നെ ഏർപ്പെടുത്തിത്തന്നു. എവിടെയും, ടാക്സികൾ ഹോട്ടലുകാർ മുഖേന തരപ്പെടുത്തുകയാണ് ഏറെ സുരക്ഷിതം.

ജോർദ്ദാന്റെ തെക്കേയറ്റത്തുള്ള എന്റെ ലക്ഷ്യസ്ഥാനമായ പെട്ര എന്ന നഗരത്തിലേക്കു പോകുവാനാണ് തീരുമാനം. ഈ രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാഴ്ചയാണ് പെട്ര. നാലുമണിക്കൂർ യാത്രയുണ്ട് പെട്രയിലേയ്ക്കെ

ന്നാണ് ഗൂഗിളിൽ കണ്ടത്. ഡ്രൈവർ മുസ്തഫയും അതു ശരിവച്ചു. മാത്രമല്ല, വലിയൊരു റോഡ് മാപ്പ് നിവർത്തി, പോകുവാനുള്ള വഴി മുസ്തഫ എനിക്കു കാണിച്ചു തരികയും ചെയ്തു. അവിടേയ്ക്ക്, അമ്മാനിൽ നിന്നും രണ്ടു പാതകളു ണ്ട്. അവയിലൊന്ന് കിങ്സ് റോഡ്. അതൊരു ചരിത്രപാതയാണ്. പണ്ട് മോശെ (മോസ്സസ്, മൂസാനബി) ഇസ്രായേയിലേയ്ക്ക് ജനത്തെ നയിച്ചത്, ഇപ്പോഴത്തെ കിങ്സ് റോഡ് എന്ന വഴിയിലൂടെയായിരു ന്നത്രെ.

ഞങ്ങൾ സഞ്ചരിക്കുന്ന ഹൈ വേ, ആ ചരിത്രവഴി, താരതമ്യേന പുതിയതാണ്. തടസ്സങ്ങളൊന്നു മില്ലാത്ത നിരന്ന റോഡ്. വളരെദൂരം വരെ വ്യക്തമായി കാണാം. വലിയ ട്രാഫിക്കുമില്ല. അതിനാൽ മുസ്തഫ സാമാന്യം വേഗതയിൽ കാറോടിച്ചു കൊണ്ടിരുന്നു. ഇടയ്ക്കെപ്പഴോ അറിയാതെ എന്റെ കണ്ണുകൾ സ്പീഡോ മീറ്റർ സൂചിയുടെ ചലനം ശ്രദ്ധിക്കാൻ ഇഴഞ്ഞെത്തി. 80 മൈൽ വേഗതയുണ്ട്. മൈലാണ് കി.മീറ്റർ അല്ല. 130 കിലോമീറ്റർ വരും അത്. ഇതിനിടെ പല കണ്ടയ്നർ ട്രക്കുകളെയും മുസ്തഫ ഓവർടേക്ക് ചെയ്യുന്നുണ്ട്.

ഇടക്കൊരിടത്ത് ഭക്ഷണം കഴിക്കുന്നതിനായി ഞങ്ങളിറങ്ങി. ഒരിടത്തരം റസ്റ്ററന്റ്. വലിയ മോടിയൊന്നുമില്ല. വടക്കേ ഇന്ത്യൻ പാതകളിൽ കാണുന്ന തരം ധാബ യ്ക്കു സമാനം. എന്നാൽ വൃത്തി യും വെടിപ്പുമുണ്ട്. മേശയ്ക്കു ചുറ്റുമുള്ള കസേരകളൊക്കെ താളം തെറ്റി കിടക്കുന്നു. അധികം കസ്റ്റമേഴ്സും ഇല്ല.

ഇവിടത്തെ ഗ്രാമരീതിയിലുള്ള ഒരു ഭോജനശാലയാണിതെന്ന് മുസ്തഫ മുൻകൂർ ജാമ്യം എടുത്തു അറിയിച്ചു. അയാൾക്കറി യില്ല, യാത്രകളിൽ ഞാനെപ്പൊഴും ഇത്തരം ഭക്ഷണശാലകളെയാണ് ഇഷ്ടപ്പെട്ടിരുന്നതെന്ന്. ചില മേശകൾക്കു ചുറ്റുമിരുന്നു കുറേ പ്പേർ ഭക്ഷണം കഴിക്കുന്നുണ്ട്. സഞ്ചാരികളെ ലക്ഷ്യമിട്ട് വിശ്രമ സ്ഥലവും കച്ചവട കേന്ദ്രവുമൊ ക്കെ ഒരുക്കിയിട്ടുണ്ട് ഇവിടെ. ജോർദ്ദാനിയൻ കരകൗശല വസ്തുക്കളും ചിത്രങ്ങളുമെല്ലാം ഉണ്ട് വിൽപ്പനയ്ക്ക്. എല്ലാത്തിനും, ജോർദ്ദാന്റെ കാലാവസ്ഥയെ അനുസ്മരിക്കും വിധം പൊള്ളുന്ന വിലയാണ്. ഉള്ളിലെവിടെ നിന്നോ ഒരു അറബിഗാനം ഒഴുകിവരുന്നു ണ്ട്.

അറേബ്യൻ പത്രങ്ങളും, ഹുക്ക യും മാർബിൾ ചിത്രങ്ങളുമെല്ലാം കടയിൽ കണ്ടു. മാർബിൾ ചിത്രങ്ങ ളിൽ ഏറ്റവും വലുത് ലോകസുന്ദരി മൊണാലിസയുടേതാണ്.

മുസ്തഫയോടൊപ്പം ഓർഡർ ചെയ്ത ഭക്ഷണം എത്തുന്നതും കാത്തിരുന്നു. ഭക്ഷണത്തിനു ഓർഡർ കൊടുത്തതും മുസ്തഫ തന്നെ.

സരസനായ ഒരു യുവാവാണ് മുസ്തഫ. ഏതു വിഷയത്തെ പ്പറ്റിയും വാചാലമായി സംസാരി ക്കും. ഒരേയൊരു ദോഷം ഞാനയാ ളിൽ കണ്ടത് അയാളുടെ സ്മോ ക്കിങ് ശീലമാണ്. കൈവിരലുകൾ ക്കിടയിൽ എപ്പോഴും ഒരു സിഗററ്റിരുന്നു പുകയുന്നതു കാണാം. ജനങ്ങളിൽ ഈ ശീലം ഞാൻ ഏറ്റവുമധികം കണ്ടിട്ടുള്ളത് ഈജിപ്റ്റിലാണ്. കെയ്റോവിൽ വച്ച് കൗമാരപ്രായക്കാരായ കുട്ടികൾ വരെ പരസ്യമായി പുകവലിക്കുന്നത് ഞാൻ കണ്ടിട്ടു ണ്ട്. മിക്കവരും ഹുക്ക വലിക്കുന്ന വരുമായിരുന്നു. അദ്ദേഹം തുടർന്നു. "എന്റെ പിതാവും അറിയപ്പെടുന്ന പുകവലിക്കാരനായിരുന്നു. മുതുമു ത്തച്ഛന്റെ പഴയ പിച്ചള ഹുക്ക കുഴൽ പിതാവു വഴി എനിക്കു ലഭിച്ചത് ഞാനിപ്പോഴും വീട്ടിൽ സൂക്ഷിച്ചു വച്ചിട്ടുണ്ട്. അവരിലൂടെ, എന്റെ മുൻതലമുറകളുടെ ശീലത്തി ലൂടെയാവാം ഞാനും പുകവലിക്ക ടിമയായിപ്പോയത്..."

പുകവലി ശീലത്തിന്റെ ഉത്തര വാദിത്തം തന്റെ മുൻതലമുറയിൽ കെട്ടിവച്ചതു കേട്ട്, ഞാനയാളോട് ചോദിച്ചു,

"ഈ പാരമ്പര്യം അനുസരിച്ച് താങ്കളുടെ മകനും ഈ ദുശ്ശീലം തുടരുന്നുവെന്നു കരുതുക, താങ്കളതിഷ്ടപ്പെടുമോ.....?"

ഒരു നിമിഷം എന്റെയാ ചോദ്യം അയാളെ കുഴക്കിയെന്നു തോന്നി. എങ്കിലും മറുപടി ഉടനുണ്ടായി.

''ഇല്ല സാർ, ഒരിക്കലും ഞാനതിഷ്ടപ്പെടില്ല...."

ഒരു ചെറുചിരിയോടെ അയാൾ കൂട്ടിച്ചേർത്തു.

"ഭാഗ്യത്തിന് എനിക്ക് രണ്ടും പെൺകുട്ടികളാണ്."

കൃത്യമായി മതചര്യകൾ പുലർത്തുന്ന ഒരാളാണയാളെന്നു മനസ്സിലാക്കിയ സാഹചര്യത്തിൽ ഒരു ചോദ്യം ബോബിനോട് ചോദിക്കാനുണ്ടായിരുന്നു എനിക്ക്.

"അപ്പോൾ, റംസാൻ മാസത്തി ലെ നോയ്മ്പുകാല പകൽ സമയ ങ്ങളിൽ താങ്കൾ ഈ പുകവലി പ്രശ്നം എങ്ങിനെ നേരിടുന്നു....."

എന്നിൽ നിന്നും അയാളാ ചോദ്യം പ്രതീക്ഷിച്ചിരുന്നതുപോലെ തോന്നി.

''ആ ദിവസങ്ങളിലെ പകലു കളിൽ പുകവലി തീർത്തും ഞാൻ ഒഴിവാക്കിയിരുന്നു. എന്നാൽ ഈ കാരണം കൊണ്ട് ആ സമയമൊ ക്കെ ഞാൻ അസാധാരണമാം വിധം മൂഡിയായിപ്പോവാറുണ്ട്; ഒരു പ്രവൃത്തിയും ചെയ്യാൻ കഴിയാത്ത വനെ പോലെ. അതുകൊണ്ട് റംസാൻ മാസത്തിൽ പൂർണ്ണമായും ലീവെടുത്ത് വീട്ടിൽതന്നെ കഴി ഞ്ഞുകൂടുകയാണ് പതിവ്....."

നിയന്ത്രണത്തിൽ വരാത്ത ഒരു ദുശ്ശീലത്തിന്റെ ഓർമ്മയിൽ നിന്ന് രക്ഷപ്പെടാനെന്നോണം അയാൾ ഇത്രകൂടി കൂട്ടിച്ചേർത്തു,

''നമുക്ക് ഇന്നത്തെ യാത്രാ പരിപാടികളെപ്പറ്റി മാത്രം സംസാരി

ക്കാം......"

തീർച്ചയായും അയാൾക്കീ വിഷയത്തിൽ കുറ്റബോധമുണ്ടെന്നു വ്യക്തം.

ജോർദാനിലെ കാറിലേയ്ക്ക് മടങ്ങി വരാം.

ഇതിനകം ഡ്രൈവർ മുസ്തഫ അടുത്ത സിഗററ്റിന് തീ കൊളുത്തിക്കഴിഞ്ഞിരുന്നു.

അതിനിടയ്ക്കാണ് ഭക്ഷണം എത്തിയത്. സാൻവിച്ചും അച്ചാറുമായിരുന്നു പ്രധാന വിഭവങ്ങൾ. സമയം നൽകിയാൽ എണ്ണ തൊടാതെ ചുട്ടും, വേവിച്ചും തയ്യാറാക്കുന്ന കോഴിവിഭവം കിട്ടുമെന്നും മുസ്തഫ അറിയിച്ചു. ഇപ്പോൾ അതിനൊന്നും സമയമില്ല. കഴിയുന്നത്ര വേഗം പെട്രയിലേക്ക് പോകേണ്ടിയിരിക്കുന്നു.

പേപ്പറിൽ പൊതിഞ്ഞ പ്രത്യേക ആകൃതിയിലുള്ള സാൻവിച്ചാണ് പ്ലേറ്റുകളിൽ നിരന്നിരുന്നത്. പൂവമ്പഴം തൊലിയുരിക്കും മട്ടിൽ കടലാസ്സ് ഉരിഞ്ഞുമാറ്റി മുസ്തഫ കഴിച്ചുതുടങ്ങി. ഞാനും അയാളെ അനുകരിച്ചു.

അതീവരുചിയുള്ള ഒരു ജോർദ്ദാനിയൻ വിഭവമായിരുന്നു അത്. മസാല ദോശപോലെ ചുരുട്ടിവച്ചിരുന്ന സാൻവിച്ചിനരികിൽ നിറം കൊണ്ട് കട്ട്ലറ്റിനെ അനുസ്മരിപ്പിക്കുന്ന ഒരു ഐറ്റവും ഉണ്ടായിരുന്നു. എല്ലാം അതീവ ടേസ്റ്റ് ഉള്ളവതന്നെ.

ഭക്ഷണശേഷം പുറത്തിറങ്ങി. കത്തുന്ന ഉച്ചവെയിൽ. നോക്കെത്താദൂരം പരന്നുകിടക്കുന്ന മരുഭൂമി. റോഡിലാകട്ടെ വാഹനത്തിരക്കുമില്ല. ഡ്രൈവിങ്ങിനിടെ മുസ്തഫ തന്റെ നാടിനെ കുറിച്ചും ഗൾഫിലെ സ്ഥിതിവിശേഷങ്ങളെക്കുറിച്ചുമൊക്കെ സംസാരിച്ചുകൊണ്ടിരുന്നു. അയാളുടെ ഇംഗ്ലീഷ് സംഭാഷണവും ഉച്ചാരണവും ആളൊരു വിദ്യാസമ്പന്നനാണെന്ന ധാരണ എനിക്കു നൽകി.അറബി രാജ്യങ്ങളെയും ഇസ്രയേലിനെയും പടിഞ്ഞാറൻ രാജ്യങ്ങളെയും ബന്ധിപ്പിക്കുന്ന പ്രധാന കണ്ണിയാണ് ഇന്ന് ജോർദ്ദാൻ. മരുഭൂമിയിലെ രാജ്യങ്ങൾക്കിടയിലെ നയതന്ത്രജ്ഞൻ എന്ന പെരുമയാണ് ഇപ്പോൾ ഈ രാജ്യത്തിനുള്ളത്. ഒരിക്കൽ ഇസ്രായേലുമായി യുദ്ധമുണ്ടായെങ്കിലും ഇപ്പോൾ ഇരുരാജ്യങ്ങളും തമ്മിൽ തികഞ്ഞ സൗഹൃദത്തിലാണ്. തങ്ങൾക്കു ചുറ്റുമുള്ള എല്ലാ അറബിരാജ്യങ്ങളുമായും ഇസ്രായേൽ ശത്രുതയിലാണ്. ഇസ്രായേലിന്റെ വിമാനങ്ങൾക്ക് അവർക്കു മുകളിലൂടെ പറക്കാനാവുകയുമില്ല. ഈജിപ്റ്റുമായും ജോർദ്ദാനുമായും മാത്രമാണ് അവർ നല്ല ബന്ധം പുലർത്തുന്നത്. അതിനാലാണ് ഇസ്രായേലിലേക്കു പോകുമ്പോൾ ഈ രാജ്യങ്ങളിൽ ഏതിലെങ്കിലും കൂടി അതിരു കടക്കുന്നത്. ഇസ്രായേലിലേക്കു പോയി, അവരുടെ സീൽ പതിഞ്ഞ പാസ്പോർട്ടുമായി മറ്റു അറബിരാജ്യങ്ങളിൽ പ്രവേശിക്കുവാൻ പ്രയാസമാണ്. പ്രത്യേകിച്ചു സൗദി അറേബ്യയിൽ. ജോർദ്ദാൻ വഴി ഇസ്രായേലിലേക്കു കടക്കുമ്പോൾ, അവിടെ പ്രവേശിച്ചുവെന്നതിന്റെ സീൽ പാസ്സ്പ്പോർട്ടിൽ പതിക്കുകയില്ല എന്നതാണ് പ്രധാന ആശ്വാസം. പകരം ATM കാർഡുപോലൊന്നിൽ എല്ലാ രേഖകളും ഉൾപ്പെടുത്തി ഒരു കാർഡ് വിസ അവർ തരുന്നു.

കാർ ഓടിക്കൊണ്ടിരുന്നു. മുമ്പിൽ നീണ്ടു കിടക്കുന്ന വീതിയുള്ള ഹൈവേയുടെ അങ്ങേത്തലയ്ക്കൽ വരെ കാറിലിരുന്നു വ്യക്തമായി കാണാം. ഇപ്പോൾ റോഡിൽ ഒരൊറ്റ വാഹനവുമില്ല. വാഹനമില്ലെന്നതോ പോട്ടെ, ഒരു മനുഷ്യജീവിയെപ്പോലും കാണാനുമില്ല.

ആയിരക്കണക്കിന് വർഷം മുമ്പ് ജനവാസമുണ്ടായിരുന്ന കുന്നിൻ പ്രദേശങ്ങൾ ഇരുഭാഗവും വെയിലിൽ കുളിച്ചു നിൽക്കുന്നു. ക്രിസ്തുവിന് മുമ്പ് 300 കളിൽ നബറ്റിയൻ എന്ന രാജ്യത്തിന്റെ പ്രധാന നഗരം ഇവിടെയായിരുന്നു. പിന്നീട് റോമാക്കാരും അറബികളുമൊക്കെ ഈ പ്രദേശത്തെ വരുതിയിലാക്കി.

യാത്രയ്ക്കിടെ കാർ അശോബാങ് എന്ന ചെറുപട്ടണത്തിലെത്തി. ഗൾഫ് രാജ്യങ്ങളിൽ ഏറെ പ്രിയമുള്ള ജോർദ്ദാനിയൻ ആപ്പിളും മറ്റു പഴങ്ങളും വൻതോതിൽ വിളയുന്ന പ്രദേശമാണിത്.

ചെറിയ പച്ചപ്പുള്ള കുന്നുകളാണു ചുറ്റും. ചരിത്രവും വിശ്വാസങ്ങളുമൊക്കെ ഇഴചേർന്ന് കിടക്കുന്ന പ്രദേശങ്ങളാണ് ഇതൊക്കെ.

ചരിത്ര നഗരമായ പെട്രയ്ക്കു സമീപമെത്തിയിരിക്കുന്നു. മലഞ്ചെരിവിൽ മുസ്തഫ കാർ നിർത്തി. ഒരു വ്യൂ പോയിന്റ് ഉണ്ടിവിടെ. കാറിൽ നിന്നിറങ്ങിയ ഞാൻ അവിടേയ്ക്കാണ് നടന്നു ചെന്നത്. പുറത്തിറങ്ങി നിന്ന ഡ്രൈവർ മുസ്തഫയെ ഞാൻ തലചെരിച്ചു നോക്കി. ജ്വലിപ്പിക്കുന്ന ഉഷ്ണം പ്രസരിപ്പിക്കുന്ന വെയിലിൽ നിന്നുകൊണ്ട് അടുത്ത സിഗററ്റിന് അയാൾ തിരികൊളുത്തുന്നു. ഡ്രൈവ് ചെയ്യുമ്പോൾ അയാൾക്കിതിന് അവസരം കിട്ടുകയില്ല.

ഈജിപ്റ്റിലെയും ഞാനിപ്പോൾ സഞ്ചരിക്കുന്ന ജോർദ്ദാനിലേയും സാധാരണക്കാരിൽ പൊതുവേ ഞാൻ കണ്ട ഒരു ദുശ്ശീലവും ഇതു തന്നെ. മിക്ക ഇടത്തരം റസ്റ്ററന്റുകളിലും ഹുക്ക കുഴൽ നിരത്തിവച്ചിരിക്കുന്നതു കാണാം. ചായയോ ഭക്ഷണമോ പോലെതന്നെ ഒരു പക്ഷേ അതിലേറെ താൽപ്പര്യത്തോടെ പലരും ഹുക്ക കുഴൽ വായിൽ വച്ച് പുക ഉള്ളിലേയ്ക്ക് വലിച്ചു കയറ്റുന്നത് കാണാം.

ഇതൊക്കെയാണെങ്കിലും മറ്റൊരു അറബിനാട്ടിനെക്കാളും ഞാൻ ശ്രദ്ധിച്ച ജോർദ്ദാന്റെ ഒരു പ്രത്യേകത, ഈ രാജ്യക്കാർ വളരെ സംസ്കാരസമ്പന്നരാണെന്നതാണ്. ഒരു പക്ഷേ ഉന്നതമായ ഒരു പൗരാണിക സംസ്കാര പാരമ്പര്യത്തിന്റെ കണ്ണികളാണിവർ എന്നതു

**ശേഷം പേജ് 43 ൽ**

ഭാഗം - 14

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### മാമോദിസയ്ക്കായി കാത്തിരിക്കുന്ന പള്ളി ഇമാം

മസീഹ് മൗഊദു (അ) മായുള്ള സന്ദർശനത്തിനു ശേഷം അധികം താമസിയാതെ തന്നെ ഹദ്റത്ത് മൗലവി സാഹിബ് ഖാദിയാനിൽ നിന്ന് യാത്രതിരിച്ചു. ജമ്മുവിലേയ്ക്കു പോകുന്നതിനു പകരം സ്വദേശമായ ഭേരയിലേയ്ക്കാണു അദ്ദേഹം പോയത്. അവിടെവച്ചു തന്റെ സഹപാഠിയും ഹാഫിസുൽ ഖുർആനും പള്ളിയിലെ പ്രധാന ഇമാമുമായ സുഹൃത്തിനെ കണ്ടു മുട്ടി. പലതും സംസാരിച്ച കൂട്ടത്തിൽ തഖ്ദീറെ ഇലാഹിയും (ദൈവ വിധി) സംസാര വിഷയമായി. അതു സംബന്ധമായി ഹാഫിസ് സാഹിബ് വളരെ വാചാലമായി സംസാരിച്ചു. ആ സംസാരത്തിനു ഒരു പള്ളി ഇമാമിന്റെ ഭാഷ്യമോ ഭാവമോ ആയിരുന്നില്ല ഉണ്ടായിരുന്നത്. അദ്ദേഹത്തിന്റെ ആ സംസാരത്തിൽ നിന്ന് മൗലവി സാഹിബിനു ഒരു കാര്യം മനസ്സിലായി. അദ്ദേഹം ഹാഫിസ് സാഹിബിനോടു പറഞ്ഞു ക്രിസ്തുമതം താങ്കളിൽ വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നാണു ഞാൻ വിചാരിക്കുന്നത്. അത്ര മാത്രവുമല്ല താങ്കൾ ക്രിസ്തു മതം സ്വീകരിച്ചിച്ചിട്ടുണ്ടോ എന്നു പോലും ഞാൻ സംശയിക്കുന്നു. ഹാഫിസ് സാഹിബ് പറഞ്ഞു സ്വീകരിച്ചിട്ടുണ്ടെങ്കിലെന്താണു തെറ്റ്? ക്രിസ്തു മതത്തിനെന്താണു ദോഷം. ഇമാം മസ്ജിദായ ഹാഫിസുൽ ഖുർആന്റെ വാക്കുകൾ കേട്ടു ഹദ്റത്ത് മൗലവി സാഹിബ് ഞെട്ടിത്തരിച്ചു.

ഹദ്റത്ത് മൗലവി സാഹിബ് പറഞ്ഞു. എന്റെ കൂട്ടുകാരനായ ഹാഫിസ് സാഹിബിനെ, ഒരു പള്ളി ഇമാമായ എന്റെ സ്നേഹിതനെ ആരാണു ഇവിടം വരെ കൊണ്ടെത്തിച്ചത്? എനിക്കാ ഗുരു ആരാണെന്നറിയണം. എനിക്കദ്ദേഹവുമായി ഒട്ടും വൈകാതെ കൂടിക്കാഴ്ച നടത്തണം സംസാരിക്കണം. ഹാഫിസ് സാഹിബ് പറഞ്ഞു: അതു പിൺഡ് ദാദൻഖാനിലെ ഒരു യുറോപ്യൻ മിഷ്യനറി തോമസ് ഹാവലാണ്. അങ്ങനെ ഹദ്റത്ത് മൗലവി സാഹിബിന്റെ നിർബന്ധത്തിനു വഴങ്ങി അപ്പോൾ തന്നെ രണ്ടുപേരും പ്രസ്തുത മിഷ്യനറിയെ കാണാൻ പിൻഡ് ദാദൻഖാനിലെ അദ്ദേഹത്തിന്റെ താമസ സ്ഥലത്തേക്കു പുറപ്പെട്ടു. തോമസ് ഹാവൽ കുറച്ചു കാലമായി ഹാഫിസ് സാഹിബിന്റെ പരിചയക്കാരനാണ്. അദ്ദേഹത്തിന്റെ തബ്ലീഗ് ഫലമായിട്ടാണു ഹാഫിസ് സാഹിബിന്റെ മനസ്സു മാറിയതും അദ്ദേഹം ക്രിസ്തുമതത്തിൽ വളരെയധികം ആകൃഷ്ടനായതും. അവിടെ എത്തിയപ്പോൾ പാതിരി സാഹിബ് ഞങ്ങളെ വളരെ ആതിഥ്യ മര്യാദയോടെ സ്വീകരിച്ചു സന്ദർശകർക്കുള്ള മുറിയിലിരുത്തി. ഞാൻ പറഞ്ഞു പാതിരി സാഹിബ്, എന്റെ ഈ സ്നേഹിതൻ താങ്കളുടെ ശിഷ്യനായിത്തീർന്നിരിക്കുകയാണു. താങ്കൾ താങ്കളുടെ മതത്തെകുറിച്ചും ഇസ്‌ലാമിന്നെതിരിലുള്ള ഏതെങ്കിലും ഒരു ആരോപണവും വിവരിച്ചാലും. ദീർഘമായ വിശദീകരണത്തിന്റെ ആവശ്യമില്ല. ക്രിസ്തുമതത്തിന്റെ രത്നച്ചുരുക്കം മാത്രം എനിക്കും തന്നാൽ മതി. പക്ഷേ, പാതിരി സാഹിബ് എന്താണെന്നറിഞ്ഞില്ല എത്ര നിർബന്ധിച്ചിട്ടും മതപരമായ ചർചയ്ക്കോ സംസാരത്തിനോ മുന്നോട്ടു വന്നില്ല. എന്നെ എന്തോ ഭയക്കുന്നതു പോലെ. ഞാൻ ചോദിക്കുന്നതും പറയുന്നതും ശ്രദ്ധിക്കാതെ അദ്ദേഹം ഞങ്ങൾക്കു വേണ്ടി ചായയും ബിസ്ക്കറ്റും കൊണ്ടു വന്നു. ഞാൻ പറഞ്ഞു താങ്കളുടെ ഈ പട്ടണത്തിലെ സ്ക്കൂളിൽ ഞാൻ നാലുവർഷം ഹെഡ്മാസ്റ്ററായി ജോലി ചെയ്തിട്ടുണ്ട്. അതു

കാരണം ഇവിടെ എനിക്കു ധാരാളം സുഹൃത്തുക്കളും പരിചയക്കാരും ഉണ്ട്. അതിനാൽ ചായയുടെ ആവശ്യമൊന്നുമില്ല. എന്നിട്ടും അദ്ദേഹത്തിൽ ഒരു മാറ്റവും കണ്ടില്ല. അദ്ദേഹത്തെ കൊണ്ട് എങ്ങനെയെങ്കിലും സംസാരിപ്പിക്കാൻ ഞാൻ ഹാഫിസ് സാഹിബിനോടു പറഞ്ഞു. ഹാഫിസ് സാഹിബ് അദ്ദേഹത്തെ വിളിച്ചു അൽപം മാറി സ്വകാര്യമായി കുറേ നേരം സംസാരിച്ചു.പക്ഷേ, എത്ര തന്നെ നിർബന്ധിച്ചിട്ടും മതപരമായ ചർച്ച നടത്താനോ ഇസ്ലാമിന്നെതിരിലുള്ള ആരോപണങ്ങൾ നിരത്താനോ അദ്ദേഹം തയ്യാറായില്ല. അവസാനം അദ്ദേഹത്തിന്റെ വാദങ്ങളും ഇസ്‌ലാമിന്നെതിരിലുള്ള എല്ലാ ആരോപണങ്ങളും എഴുതി അയക്കാമെന്നു അദ്ദേഹം സമ്മതിച്ചു.

മടക്കത്തിൽ ഞാൻ ഹാഫിസ് സാഹിബിനോടു പറഞ്ഞു ഇസ്ലാമിന്നെതിരിലുള്ള പാതിരി സാഹിബിന്റെ ആരോപണങ്ങൾ കിട്ടിയാൽ അതിന്റെ മറുപടി തയ്യാറാക്കും. അതു വായിക്കുന്നതിനു മുമ്പു താങ്കൾ ഒരിക്കലും മാമോദീസ (baptism) സ്വീകരിക്കരുത്. കാരണം പള്ളിയിൽ ഇപ്പോഴും ഹാഫിസ് സാഹിബ് ഇമാമാണെങ്കിലും അദ്ദേഹം അത്ര കണ്ട് ഇസ്ലാമിൽ നിന്നു മനസ്സുകൊണ്ട് അകലുകയും ക്രിസ്തുമതത്തെ ആശ്ലേഷിക്കുകയും ചെയ്തതായി ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് മനസ്സിലാക്കിയിരുന്നു. അതിനാൽ അദ്ദേഹം ഏതു സമയത്തും ക്രിസ്തുമതം സ്വീകരിച്ചേക്കുമെന്നാണു മൗലവി നൂറുദ്ദീൻ സാഹിബ് കരുതുന്നത്. അങ്ങനെ ചെയ്യില്ലെന്നു ഹാഫിസ് സാഹിബ്, മൗലവി സാഹിബിനു വാക്കു കൊടുത്തു. പിന്നീട് ഹാഫിസ് സാഹിബിനോടു ചോദിച്ചു: താങ്കളെ പോലെ ക്രിസ്തുമതത്തെ സ്നേഹിക്കുന്ന അല്ലെങ്കിൽ മാമോദീസക്കായി ഒരുങ്ങിയിരിക്കുന്ന മറ്റു വല്ല മുസ്‌ലിം സഹോദരനുമുണ്ടോ? അദ്ദേഹം പറഞ്ഞു: ഉണ്ട്. ഇവിടത്തെ സ്റ്റേഷൻ മാസ്റ്റർ. അങ്ങനെ അയാളേയും കാണാമെന്നു കരുതി രണ്ടു പേരും റെയിൽവേ സ്റ്റേഷനിൽ പോയി അയാളുടെ അടുക്കൽ ചെന്നു. സംസാര മദ്ധ്യേ അദ്ദേഹം പറഞ്ഞു ക്രിസ്തുമതത്തെ പോലെ ശക്തവും നിലനിൽ പുള്ളതുമായ മതം വേറെയില്ല. അതുപോലെ അതിന്റെ ആശയങ്ങളെ എതിർത്തു തോൽപിക്കുവാൻ കഴിവുള്ള ഒരു മതവും ലോകത്തില്ല. അപ്പോൾ യൂറോപ്യൻ മിഷ്യനറി തോമസ് ഹാവൽ ഞങ്ങളോടു സംസാരിക്കാൻ കൂട്ടാക്കിയില്ലെന്ന കാര്യം ഹാഫിസ് സാഹിബ് പറഞ്ഞപ്പോൾ അതദ്ദേഹത്തിനു വലിയ ആശ്ചര്യമുണ്ടാക്കി. അധികം താമസിയാതെ തന്നെ പാതിരി സാഹിബ് പറഞ്ഞതു പോലെ ഇസ്‌ലാമിനെതിരിൽ തയ്യാറാക്കിയ ആരോപണങ്ങളുടെ വളരെ ദീർഘമായ ഒരു പട്ടിക അദ്ദേഹം അയച്ചു തന്നു. ഹദ്റത്ത് മൗലവി സാഹിബ് അതു ഹാഫിസ് സാഹിബിനെ കാണിച്ചു കൊണ്ട് ചോദിച്ചു ഇതു ഒന്നോ രണ്ടോ ദിവസം കൊണ്ട് മറുപടി തയ്യാറാക്കാൻ പറ്റുന്ന ചോദ്യാവലികളാണോ? ഹാഫിസ് സാഹിബ് പറഞ്ഞു അല്ല ഒരിക്കലുമല്ല. അപ്പോൾ ഇതിനു ശരിയായ രീതിയിൽ മറുപടി എഴുതി ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കണമെങ്കിൽ കുറഞ്ഞതു എത്രസമയം വേണ്ടിവരുമെന്നു ഹാഫിസ് സാഹിബിനോടു പറയാൻ പറഞ്ഞു. അദ്ദേഹം പറഞ്ഞു കുറഞ്ഞതു ഒരു വർഷമെങ്കിലും വേണം.

## ഗ്രന്ഥ രചനയ്ക്കുള്ള സാഹചര്യവും ദൈവിക സഹായവും

ഏതാനും ദിവസങ്ങൾക്കു ശേഷം ഹദ്റത്ത് മൗലവി സാഹിബ് ഭേരയിൽ നിന്നും ജമ്മുവിൽ തിരിച്ചെത്തി. സമയം കിട്ടുമ്പോഴെല്ലാം മസീഹ് മൗഊദ് (അ) നിർദേശിച്ച ഗ്രന്ഥ രചനയെ കുറിച്ചാലോചിക്കാൻ തുടങ്ങി. എന്താണെന്നറിഞ്ഞില്ല ആ വർഷം ഈ മലമ്പ്രദേശത്തു അതിശക്തമായ ഭൂകമ്പം തുടർച്ചയായി ഉണ്ടായിക്കൊണ്ടിരുന്നു. അതു ജനങ്ങൾക്കു വളരെയധികം കഷ്ടപ്പാടും വേവലാതിയുമുണ്ടാക്കി. ഈ ഭൂകമ്പം നിമിത്തം പുഞ്ച് രാജാവിന്റെ മകൻ ടിക്കാ ബദയൂസിംങ്ങിനു മസ്തിഷ്കാഘാതവും മാനസിക വിഭ്രാന്തിയും തുടർന്നു ഭ്രാന്ത് പിടിപെടുകയും ചെയ്തു. പുഞ്ച് രാജാവു വിവരം ജമ്മു മഹാരാജാവിനെ അറിയിച്ചു കൊണ്ട് മകന്റെ ചികിത്സക്കായി ഒരു ഉന്നതനായ ഡോക്ടറെ അയച്ചു തരണമെന്നു അപേക്ഷിച്ചു. മഹാരാജാവ് ഉടൻ തന്നെ ഹദ്റത്ത് മൗലവി സാഹിബിനെ പുഞ്ചിലേയ്ക്കയച്ചു. അദ്ദേഹം അവിടെ ചെന്നു. രാജകുമാരനെ പരിശോധിച്ചു. ചികിത്സ ആരംഭിച്ചു. മൗലവി സാഹിബിന്റെ താമസത്തിനായി പട്ടണത്തിനു പുറത്തു സൗകര്യപ്രദമായ ഒരു വീട് രാജാവു നൽകി. ജമ്മുവിൽ വളരെ ജോലി ത്തിരക്കിലായിരുന്ന മൗലവി സാഹിബിനു ഇവിടെ ചികിത്സിക്കാനുള്ളതു ഒരേ ഒരു രോഗിയെ മാത്രം. ബാക്കി സമയം മുഴുവനും തനിച്ചു വീട്ടിൽ കഴിച്ചു കൂട്ടാൻ തുടങ്ങി.

ഇതു തന്നെ സുവർണാവസരമെന്നു മനസ്സിലാക്കി മൗലവി സാഹിബ് ബൈബിൾ വായിക്കാനും ഗവേഷണം നടത്താനും തുടങ്ങി. അതോടൊപ്പം ഖുർആനുമായുള്ള താരതമ്യ പഠനവും ആരംഭിച്ചു. പിൻഡ് ദാദൻ ഖാനിലെ യൂറോപ്യൻ പാതിരി സാഹിബ് എഴുതി അയച്ച ഇസ്‌ലാമിന്നെതിരിലുള്ള ദീർഘമായ ആക്ഷേപങ്ങളുടേയും ആരോപണങ്ങളുടേയും വെളിച്ചത്തിൽ ബൈബിൾ സമഗ്രമായി വിശകലനം ചെയ്തു. അതോടൊപ്പം ഖുർആനും വായിച്ചു. ബൈബിളിന്നെതിരിലുള്ള ആയത്തുകൾ കുറിച്ചു വച്ചു. ശേഷം പുസ്തകമെഴുതാൻ തുടങ്ങി. രാജകുമാരന്റെ ചികിത്സ നല്ല രീതിയിൽ നടക്കുന്നുണ്ടായിരുന്നു.

അങ്ങനെ ഒരു വർഷം പിന്നിടുമ്പോഴേക്കും രാജകുമാരൻ പരിപൂർണ ആരോഗ്യം കൈവരിച്ചു. അതോടൊപ്പം ക്രിസ്തു മതത്തിന്നെതിരിൽ നാലു വാള്യങ്ങളുള്ള അതിബ്രഹത്തായ ഒരു ഗ്രന്ഥവും തയ്യാറായി. പേര് ഫസ്ലുൽ ഖിത്വാബ് (فصل الخطاب). ഇനി ഇത് അച്ചടിച്ചു പ്രസിദ്ധികരിച്ചാൽ മതി. അതിനു ചെറുതല്ലാത്ത പണം ആവശ്യമായി വരും. അതു കണ്ടെത്തണം.

മകൻ പരിപൂർണ ആരോഗ്യം കൈവരിച്ചതു കണ്ടു രാജാവിന്റെ സന്തോഷത്തിന്നതിരില്ലായിരുന്നു. ആ സന്തോഷത്തിൽ രാജാവ് മൗലവി സാഹിബിനു അനേകായിരം രൂപയടങ്ങുന്ന ഒരു പണക്കിഴി സമ്മാനിച്ചു. തന്റെ ദൗത്യം പൂർത്തിയാക്കി മൗലവി സാഹിബ് വീണ്ടും ജമ്മുവിൽ തിരിച്ചെത്തി. കൊട്ടാരത്തിൽ വച്ചു മഹാരാജാവിനെ കണ്ടപ്പോൾ പുഞ്ച് രാജകുമാരന്റെ വിവരമന്വേഷിച്ചു. അവൻ പരിപൂർണ സുഖം പ്രാപിച്ചെന്നു പറഞ്ഞപ്പോൾ ഈ സന്തോഷത്തിൽ പുഞ്ച് രാജാവ് എന്ത് സമ്മാനമാണു നൽകിയതെന്നാരാഞ്ഞു. അപ്പോൾ മൗലവി സാഹിബ് പണക്കിഴി മഹാരാജാവിന്റെ മുന്നിൽ സമർപ്പിച്ചു. പണക്കിഴി പരിശോധിച്ച ശേഷം മഹാരാജാവ് വളരെ നീരസവും അസന്തുഷ്ടിയും പ്രകടിപ്പിച്ചു കൊണ്ട് പറഞ്ഞു മൗലവി സാഹിബ് അർഹിക്കും വിധം ആദരിക്കപ്പെട്ടില്ല. അതു ശരിയായില്ല. അതിനാൽ മഹാരാജാവ് മൗലവി സാഹിബിനു ഒരു വർഷത്തെ വേതനത്തിനു തുല്യമായ സംഖ്യയും മറ്റു പാരിതോഷികങ്ങളും സ്വന്തം ഖജനാവിൽ നിന്ന് നൽകാൻ ഉത്തരവിട്ടു.

മൗലവി സാഹിബിനു ഇനി എന്തു വേണം. പുസ്തകം അച്ചടിക്കാനുള്ള പണത്തിന്റെ കാര്യമായിരുന്നുവല്ലോ അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നത്. അതും പരിഹരിക്കപ്പെട്ടു. മഹാരാജാവിൽ നിന്നുള്ള പണവും കൂടി കൈയിൽ വന്നപ്പോൾ പിന്നെ താമസിച്ചില്ല. മൗലവി സാഹിബ് ഉടൻ തന്നെ പുസ്തകത്തിന്റെ കൈയെഴുത്തു പ്രതിയും പണവും ഡൽഹിയിൽ മൗലവി അബ്ദുൽ വാഹിദ് സാഹിബിന്റെ ഉടമസ്ഥതയിലുള്ള 'മത്ബഅ മുജ്തബായി' എന്ന ഒരു അച്ചടിശാലയ്ക്കു അയച്ചു കൊടുത്തു. അധികം താമസിയാതെ രണ്ടു വാള്യങ്ങൾ അച്ചടിച്ചു വന്നപ്പോൾ ഭേരയിലെ ഹാഫിസ് സാഹിബിനും അദ്ദേഹത്തെ പോലെ ക്രിസ്തുമത വിശ്വാസികളായിത്തീരാൻ കാത്തിരിക്കുന്ന മുസ്‌ലിം സഹോദരങ്ങൾക്കും അയച്ചു കൊടുത്തു. രണ്ടു വാള്യങ്ങളും സശ്രദ്ധം വായിച്ചു തീർത്ത ശേഷം, ഞങ്ങളുടെ എല്ലാ സംശയങ്ങളും ദൂരീകരിക്കപ്പെട്ടിരിക്കുകയാണെന്നും ഞാനും എന്നോടൊപ്പമുള്ളവരും സത്യഹൃദയത്തോടും ആത്മാർഥയോടും കൂടി മുസ്‌ലിംകളായി തീർന്നിരിക്കുകയാണെന്നും ഹാഫിസ് സാഹിബ് മൗലവി സാഹിബിന്നെഴുതി. അതിനാൽ ബാക്കിയുള്ള രണ്ടു വാള്യങ്ങൾ ഞങ്ങൾക്കയക്കേണ്ടതില്ലെന്നും അദ്ദേഹം മൗലവി സാഹിബിനെ അറിയിച്ചു. അങ്ങനെ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിന്റെ പ്രയത്ന ഫലമായി ക്രിസ്തു മതത്തിലേയ്ക്കു ഏറെക്കുറെ മുഴുവനായി ചാഞ്ഞിരുന്ന പള്ളി ഇമാമായ ഹാഫിസ് സാഹിബും മറ്റു ചിലരും ദീനുൽ ഇസ്‌ലാമിൽ തിരിച്ചെത്തി അൽഹംദുലില്ലാഹ്.

ക്രിസ്തു മതത്തിന്നെതിരിൽ ഹദ്റത്ത് മൗലവി സാഹിബ് രചിച്ച അതുല്യവും അനിതര സാധാരണവും അന്യാദൃശവുമായ ഫസ്ലുൽ ഖിത്വാബ് (فصل الخطاب) എന്ന കൃതി ഇസ്‌ലാമിനെ ഇകഴ്ത്തുകയും വിമർശിക്കുകയും ചെയ്യുന്നവരെ നിശ്ശബ്ദമാക്കുന്ന ഒരു വായടപ്പൻ മറുപടിയായിരുന്നു. സാധാരണക്കാരും വളരെ ഉന്നതരും പല ജഡ്ജിമാരും ഈ ഗ്രന്ഥം വായിച്ച ശേഷം മൗലവി സാഹിബിനെ അനുമോദിക്കുകയും മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ പ്രസിദ്ധീകരണത്തിനു ശേഷം അഞ്ചുമൻ ഹിമായത്തുൽ ഇസ്‌ലാം, വക്കീൽ ബുക്ക് ഡിപ്പോ, ട്രേഡിംങ്ങ് കമ്പനി അമൃതസർ തുടങ്ങിയ സ്ഥാപനങ്ങളും ഈ ഗ്രന്ഥം ധാരാളമായി വിൽക്കുകയുണ്ടായി. ഈ പുസ്തകത്തെ സംബന്ധിച്ചു പലരും റിവ്യുകളും നിരൂപണങ്ങളും തയ്യാറാക്കിയിരുന്നു. മൗലവി സയ്യിദ് മുഹമ്മദ് അലി സാഹിബ് കാൺപൂരി ഇങ്ങനെ എഴുതി. വളരെ മഹനീയ സ്ഥാനമർഹിക്കുന്ന ഈ ഗ്രന്ഥരചനയ്ക്കായി വളരെ ഉയർന്ന തരത്തിലുള്ള ഒരു ഗവേഷണം നടന്നതായി കാണാം. ഇതിൽ ഇസ്‌ലാം മതത്തിന്റെ ഉന്നതവും മഹനീയവുമായ ഗുണവിശേഷങ്ങൾ വളരെയധികം ഉയർത്തിക്കാട്ടിയിട്ടുണ്ട്. ക്രിസ്തു മതവിശ്വാസികളുടെ മുഴുവൻ ആരോപണങ്ങളുടേയും മുനയൊടിക്കുന്ന മറുപടി വളരെ ഉന്നതവും ലളിതവുമായ രീതിയിൽ ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. നുബുവ്വത്തിനെ കുറിച്ചും റസൂൽ കരീമി (സ) നെ കുറിച്ചും ഖുർആന്റെ മാഹാത്മ്യത്തെ സംബന്ധിച്ചുമുള്ള വിവരണം വളരെ മികച്ചതും ഹൃദ്യവുമായിട്ടുണ്ട്.

## രാജ കൊട്ടാരത്തിലെ ജോലിയിൽ നിന്നും രാജി

ഹദ്റത്ത്മസീഹ് മൗഊദി(അ)ന്റെ നിർദേശാനുസരണം മുജാഹിദാ (ദീനിനു വേണ്ടിയുള്ള കടുത്ത യത്നം) എന്ന നിലയിൽ ക്രിസ്ത്യു മതത്തിന്റെ പൊള്ളയായ വിശ്വാസത്തിന്നെതിരിൽ ഫസ്ലുൽ ഖിത്വാബ് (فصل الخطاب) എന്ന മഹത്തായ ഒരു ഗ്രന്ഥം രചിച്ച ശേഷം മസീഹ് മൗഊദിനോടുള്ള ആത്മാർഥ സ്നേഹത്താലും കൂറും അർപണവും നിമിത്തം ഹദ്റത്ത് മൗലവി സാഹിബ് തുടർന്നും ദീനീ സേവനത്തിന്നായി ജമ്മു കശ്മീരിലെ തന്റെ ജോലി രാജിവെച്ചു ഹദ്റത്ത് മസീഹ് മൗഊദിന്റെ തിരുസന്നിധിയിൽ ഹാജരാകാൻ തീരുമാനിച്ചു. വിവരമറിഞ്ഞപ്പോൾ

ഒരു കാരണവശാലും രാജി വെക്കരുതെന്നു ഹുസൂർ മൗലവി സാഹിബിന്നെഴുതി. പക്ഷേ, അപ്പോഴേക്കും മൗലവി സാഹിബ് രാജി വെച്ചു കഴിഞ്ഞിരുന്നു. എന്നാൽ അല്ലാഹുവിന്റെ തീരുമാന വും മസീഹ് മൗഊദിന്റെ ആഗ്രഹ വും മൗലവി സാഹിബ് ജമ്മു കശ്മീരിൽ തന്നെ തുടരണമെന്നതു കൊണ്ടായിരിക്കാം രാജാവു അദ്ദേഹത്തിന്റെ രാജി സ്വീകരിച്ചില്ല. അതിനാൽ വീണ്ടും കുറെ കാലം കൂടി മൗലവി സാഹിബ് കശ്മീരിൽ തന്നെ തുടർന്നു കൊണ്ട് തന്റെ യജമാനനോടുള്ള ആത്മീയ സ്നേഹ ബന്ധം നിറവേറ്റിക്കൊണ്ടി രുന്നു. ഒരിക്കൽ അദ്ദേഹം തന്റെ ഹൃദയവികാരവും സ്നേഹവും അർപണവും പ്രകടിപ്പിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദി (അ) നു ഇങ്ങനെ എഴുതി.

മൗലാനാ, മുർശിദുനാ, ഇമാമുനാ,

അസ്സലാമു അലൈക്കും വ:വ.

ബഹുമാന്യരെ, കാലത്തിന്റെ ഇമാമായ അങ്ങയെ എന്തൊരു ഉദ്ദേശ്യവുമായിട്ടാണോ മുജദ്ദിദായി അല്ലാഹു നിയോഗിച്ചയച്ചിരിക്കുന്ന ത് അതിന്റെ സാഫല്യത്തിന്നായി എല്ലായിപ്പോഴും അങ്ങയുടെ സവിധത്തിൽ കഴിയാൻ ഭാഗ്യം ലഭിക്കേണമേ എന്നാണ് ഈയുള്ള വന്റെ പ്രാർഥന. അങ്ങെന്നെ അനുവദിക്കുകയാണെങ്കിൽ ജോലി രാജി വെച്ചു അങ്ങയുടെ തിരുസവി ധത്തിൽ ഞാൻ കാലം കഴിച്ചോളാം. അങ്ങ് കൽപിക്കുകയാണെങ്കിൽ എല്ലാം ഉപേക്ഷിച്ചു രാജ്യമൊട്ടാകെ ചുറ്റിക്കറങ്ങി ജനങ്ങളെ സത്യമത ത്തിലേക്കു വിളിക്കുകയും ആ വഴിയിൽ തന്നെ ഞാനെന്റെ ജീവിതം അവസാനിപ്പിക്കുകയും ചെയ്തോളാം. അങ്ങയുടെ മാർഗ ത്തിൽ ഞാൻ പ്രാണത്യാഗം ചെയ്യു ന്നു. എന്റെ പക്കൽ എന്തുണ്ടോ അതെന്റേതല്ല. അതങ്ങയുടേതാണ്. എന്റെ യജമാനരേ, നേർമാർഗ്ഗ ത്തിലേക്ക് എന്നെ നയിക്കുന്നവരേ, ഞാൻ അങ്ങേയറ്റത്തെ സത്യസന്ധ തയോടും ആത്മാർഥതയോടും കൂടി പറയട്ടെ, എന്റെ മുഴുവൻ സ്വത്തും ധനവും ദീനിന്റെ പ്രചാര ണത്തിന്നായി വിനിയോഗിക്കപ്പെടു കയാണെങ്കിൽ ഞാൻ ധന്യനായി, ഈയുള്ളവൻ കൃതാർഥനായി.

''ബറാഹീനെ അഹ്മദിയാ'' എന്ന ഗ്രന്ഥത്തിന്റെ തുടർന്നുള്ള പ്രസിദ്ധീകരണം നിലച്ചതിനാൽ പലരും പ്രകടിപ്പിക്കുന്ന മുഷിപ്പും അസ്വസ്ഥതയും ഇല്ലാതാക്കാൻ ഈ വിനീതൻ അവരുടെ പണം അവർക്കു തിരിച്ചു കൊടുക്കാൻ ഒരുക്കമാണു. ഈ ഒരു നിസ്സാര സേവനം ചെയ്യുവാനുള്ള ഭാഗ്യം ഈയുള്ളവനെ ഏൽപിക്കണമെ ന്നു അപേക്ഷിക്കുന്നു. ബഹുമാന്യ രെ, എന്റെ മാർഗദർശിയായിട്ടുള്ള വരെ, ദുർഗുണനും ഒന്നിനും കൊള്ളാത്തവനുമായ ഈയുള്ള വൻ അങ്ങേയറ്റം വിനയത്തോടും എളിമയോടും പറയട്ടെ ബറാഹീനെ അഹ്മദിയായുടെ മുഴുവൻ ചിലവുകളും വഹിക്കുവാനായി വിനീതനെ ചുമതലപ്പെടുത്തുകയാ ണെങ്കിൽ ഈയുള്ളവൻ അതു മഹാഭാഗ്യമായി കരുതും. അതിൽ നിന്നും വിറ്റുകിട്ടുന്ന പണം അങ്ങയുടെ മറ്റു ആവശ്യങ്ങൾക്കും സഹായകരമാകും. ഞാൻ ഈ മാർഗത്തിൽ എല്ലാം അങ്ങേയ്ക്കു മുന്നിൽ സമർപിക്കാൻ ഒരുക്കമാ ണു. എനിക്കു അങ്ങയോടു ഉമർ ഫാറൂഖി(റ)നു റസൂൽ കരീമി(സ) നോടുണ്ടായിരുന്ന ബന്ധമാണു (നിസ്ബത്തെ ഫാറൂഖി) ള്ളത്. എന്റെ മരണം സിദ്ധീഖുകളോടൊപ്പ മാകാൻ അങ്ങ് ദുആ ചെയ്താലും.

വീണ്ടും കുറച്ചു കാലങ്ങൾക്കു ശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) താൻ വാഗ്ദത്ത മഹ്ദീ മസീഹാണെന്ന വാദം പുറപ്പെടു വിച്ചപ്പോൾ, തന്റെ ജോലി രാജി വെച്ചു ദീനീ സേവനത്തിനായി മസീഹ് മൗഊദി(അ)ന്റെ അടുക്ക ൽ പോകണമെന്ന ശക്തമായ ആഗ്രഹം വീണ്ടും ഹദ്റത്ത് മൗലവി നൂറുദീൻ സാഹിബിന്റെ ഹൃദയ ത്തിൽ ജനിക്കുകയുണ്ടായി. വിവരം മസീഹ് മൗഊദ് (അ) അറിഞ്ഞപ്പോൾ ഹുസൂർ മൗലവി സാഹിബിന്നെഴുതി, ബാഹ്യമായി താങ്കളുടെ ജോലി ഭൗതിക നേട്ടത്തിന്നാണെന്നു മറ്റുള്ളവർക്കു തോന്നുമെങ്കിലും ആന്തരികമായി അതിലൂടെ തികച്ചും ദീനീ സേവന മാണു നടക്കുന്നത്. അതിന്റെ ഏറ്റവും വലിയ ഗുണഭോക്താവ് ഞാൻ തന്നേയാണ്. അതിനാൽ താങ്കൾ ഒരിക്കലും ജോലി ഉപേക്ഷി ക്കരുത്. സൂക്ഷ്മജ്ഞാനിയും യുക്തി ജ്ഞനുമായ അല്ലാഹു പല ഉദ്ദേശ്യങ്ങളുമായിട്ടാണു താങ്കളെ ആ സ്ഥാനത്തു നിർത്തിയിരിക്കു ന്നത്. അതിനാൽ **قيام في ما أقام الله** (ഖിയാം ഫീ മാ അഖാ മല്ലാഹ്) എന്ന കാര്യം ഒഴിച്ചു കൂടാനാവാത്ത താണു. അതായത് താങ്കളെ അല്ലാഹു എവിടെയാണോ നിർത്തി യിരിക്കുന്നതു അവിടെ തൽക്കാലം തുടരുന്നതിലാണു ഖൈർ.

## ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ ഉപദേശവും പ്രാർഥനയും

നേരത്തെ പ്രസ്താവിച്ചതു പോലെ ജമ്മുവിലുള്ള മൗലവി നൂറുദ്ദീൻ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദു (അ) മായി കത്തിലൂടെ നിരന്തരം എല്ലാ കാര്യങ്ങളിലും മാർഗദർശനവും ഉപദേശവും തേടി ക്കൊണ്ടിരുന്നു. ഹുസൂറിന്റെ അനുവാദമില്ലാതെ അദ്ദേഹം ഒന്നും തന്നെ ചെയ്തിരു ന്നില്ല. ആ കാലഘട്ട ത്തിൽ മൗലവി സാഹിബിന്റെ മക്കൾ പ്രത്യേകിച്ചും ആൺമക്കൾ ചെറുപ്രായത്തിൽ തന്നെ രോഗം പിടിപെടുകയും മരിച്ചു പോവുകയും ചെയ്യാറുണ്ടാ യിരുന്നു. ആ വിവരങ്ങളെല്ലാം തന്നെ മൗലവി നൂറുദ്ദീൻ സാഹിബ് മസീഹ് മൗഊദി(അ)നെ അറിയിക്കുകയും ദുആക്കു വേണ്ടി അപേക്ഷിക്കുയും ചെയ്യാറുണ്ടാ യിരുന്നു. അത്തരത്തിലുള്ള ഒരു കത്തിന്റെ മറുപടിയിൽ മസീഹ് മൗഊദ് ഇങ്ങനെ എഴുതി

ബഹുമാനപ്പെട്ട സഹോദരൻ മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ്

അസ്സലാമു അലൈക്കും വ: വ

താങ്കളുടെ സ്നേഹ നിർഭര മായ എഴുത്തു കിട്ടി. മൂത്ത മകന്റെ മരണവും മൂന്നാമത്തെ മകന്റെ അസുഖ വിവരവും അറിഞ്ഞു മനോവിഷമവും വേദനയുമുണ്ടായി. മകന്റെ വേർപാടുണ്ടാക്കിയ വേദന താങ്ങുവാനും സഹിക്കുവാനുമുള്ള കഴിവും ശക്തിയും അല്ലാഹു താങ്കൾക്കു നൽകുമാറാകട്ടെ. രോഗിയായ മകനു എത്രയും വേഗം ശമനം ലഭിക്കുമാറാകട്ടെ. ഈ വിനീതൻ അതിനായി ദുആ ചെയ്യുന്നതായിരിക്കും. അല്ലാഹു സമഗ്രവും അർഥ വ്യാപ്തിയോടു കൂടിയതുമായ ദുആ ചെയ്യുവാനുള്ള കഴിവു തന്റെ അനുഗ്രഹത്താൽ എനിക്കു പ്രദാനം ചെയ്യുമാറാകട്ടെ.

ഇതെല്ലാം മനുഷ്യകരങ്ങൾക്കതീതവും അല്ലാഹുവിന്റെ അധീനതയിലുള്ളതുമായ കാര്യമാണു. മകന്റെ രോഗ ശാന്തിക്കായി സ്വന്തം നിലയിൽ ദാന ധർമവും സദഖയും ചെയ്യുന്നതു വളരെ അഭികാമ്യമാണ്. ഈ ദു:ഖകരമായ അവസ്ഥയിൽ നിന്നുള്ള മോചനമതു ത്വരിതപ്പെടുത്തും. ഔദാര്യവാനും കരുണാമയനുമായ അല്ലാഹു താങ്കളുടെ ധർമനിഷ്ഠയുള്ള മനസ്സിനു തീർച്ചയായും പ്രതിഫലം നൽകാതിരിക്കില്ല. അവൻ തന്റെ ആത്മാർഥരായ ദാസർക്കു സ്വന്തം മാതാപിതാക്കളേക്കാൾ കൂടുതൽ കരുണ ചെയ്യുന്നവനാണ്. അവനു യഥാർഥത്തിൽ വഴിപാടുകളുടേയോ ദാന ധർമ്മങ്ങളുടേയോ ആവശ്യമൊന്നുമില്ല. എന്നാൽ ചില അവസരങ്ങളിൽ ഇത്തരത്തിലുള്ള പ്രവൃത്തികളും സഹായകരമായിത്തീരും. എന്നാൽ പാപപ്പൊറുതിയും (ഇസ്ത്ഗ്ഫാർ) വിലപിച്ചു കൊണ്ടുള്ള പ്രാർഥനയും (تضرع തസറുഅ്) പശ്ചാത്താപവും (തൗബ) ഒഴിച്ചുകൂടാനാവാത്ത കാര്യമാണ്. ഇതൊന്നും കൂടാതെയുള്ള വഴിപാടുകൾ നിരർഥകവും ഉപയോഗ ശൂന്യവുമാണ്. തന്റെ നാഥനിൽ പരിപൂർണമായും പ്രതീക്ഷയർപ്പിക്കുവിൻ. അവനെ ഏറ്റവും പ്രിയപ്പെട്ടതായി കരുതുവിൻ. അവൻ തന്റെ ദൃഢചിത്തരായ ദാസരെ ഒരിക്കലും ദു:ഖത്തിലും നഷ്ടത്തിലുമാക്കുകയില്ല. രാത്രിയുടെ അവസാന യാമത്തിൽ എഴുന്നേറ്റു വുസു എടുത്തു അവനെ വണങ്ങുവിൻ. വിനയത്തോടും വിങ്ങുന്ന ഹൃദയത്തോടും തികഞ്ഞ ആത്മാർഥതയോടും കൂടി ഈ ദുആ ചെയ്യുവിൻ.

ഔദാര്യവാനും കരുണാമയനുമായ എന്റെ അല്ലാഹുവേ, നിർഗുണനായ നിന്റെ ഈ അടിയാൻ അങ്ങേയറ്റം പാപിയും അലസതയിൽ മുഴുകിയവനുമാണ്. എന്നിൽ നിന്ന് അതിക്രമങ്ങളുടെ മേൽ അതിക്രമങ്ങൾ കണ്ടിട്ടും നീ അനുഗ്രഹങ്ങൾ ചൊരിഞ്ഞു കൊണ്ടിരുന്നു. പാപങ്ങളുടെ മേൽ പാപങ്ങൾ കണ്ടിട്ടും നീ എന്നോടു ദയാവായ്പ്പോടെ പെരുമാറി. എന്റെ ബലഹീനതകളെ മറച്ചു കൊണ്ട് നീ നിന്റെ അതിരറ്റ അനുഗ്രഹങ്ങൾക്കു എന്നെ അവകാശിയാക്കി. എന്റെ നാഥാ കഴിവുകെട്ടവനും ഒന്നിനും കൊള്ളരുതാത്തവനുമായ ഈ പാപകാരിയുടെ മേൽ, മേലിലും നീ കരുണ ചെയ്യേണമേ. അവിവേകിയും ധിക്കാരിയും നന്ദികെട്ടവനുമായ ഇവനു നീ പൊറുത്തു നൽകിക്കൊണ്ട് ഈ ദു:ഖകയത്തിൽ നിന്നും എനിക്കു മോചനം നൽകേണമേ. നീയല്ലാതെ മറ്റൊരു ശരണമോ ആശ്രയമോയില്ല തന്നെ.

അല്ലാഹുവിന്റെ അനുഗ്രഹങ്ങളും ദയാവായ്പുകളും മനസ്സിൽ കരുതിക്കൊണ്ട് ദുആ ചെയ്യുവിൻ. വെറും നാവുകൊണ്ടുള്ള ദുആ പ്രയോജനം ചെയ്യുകയില്ല. ഈ ദുആ ഈ വിനീതനും എപ്പോഴും ചെയ്യാറുള്ളതാണ്.

വസ്സലാം.

വിനീതൻ

ഗുലാം അഹ്മദ്

21 ആഗസ്ത് 1885.

## ബറാഹീനെ അഹ്മദിയ്യയും ലേഖ്റാം പിശാവരിയും

ആയിടയ്ക്കു ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ ബറാഹീനെ അഹ്മദിയ്യ എന്ന പ്രശസ്ത ഗ്രന്ഥത്തിനെതിരിൽ ആര്യസമാജത്തിന്റെ അറിയപ്പെടുന്ന പ്രധാനിയും ഇസ്‌ലാമിന്റെ ബദ്ധവൈരിയുമായ പണ്ഡിറ്റ് ലേഖ്റാം പിശാവരി ''തക്സീബ് ബറാഹീനെ അഹ്മദിയ്യ'' എന്ന പേരിൽ ഒരു പുസ്തകം രചിക്കുകയുണ്ടായി. ആ പുസ്തകത്തിനു യുക്തിപൂർവമായ ഒരു മറുപടി തയ്യാറാക്കാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) മൗലവി നൂറുദ്ദീൻ സാഹിബിനെയാണു ഏൽപിച്ചത്. ഹുസൂർ തന്റെ ഒരു കത്തിൽ മൗലവി സാഹിബിനെ സംബോധന ചെയ്തു കൊണ്ട് എഴുതുകയാണു.

ബഹുമാനപ്പെട്ട പ്രിയ സഹോദരൻ മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് അസ്സലാമു അലൈക്കും വ:വ. താങ്കൾ അയച്ച അഞ്ഞൂറു രൂപയുടെ റജിസ്റ്ററി കിട്ടി. വളരെ അത്യാവശ്യഘട്ടത്തിൽ താങ്കളിൽ നിന്നുള്ള സഹായവും സഹകരണവും എനിക്കു നൽകുന്ന ആശ്വാസം എത്ര വലുതാണെന്നു പറയാൻ വയ്യ. സർവ ശക്തനായ അല്ലാഹു താങ്കൾക്കു ഇഹത്തിലും പരത്തിലും സന്തോഷത്തിനു മേൽ സന്തോഷവും സമാധാനവും നൽകുമാറാകട്ടെ. അവന്റെ മഹത്തായ കാരുണ്യവൃഷ്ടി എന്നും താങ്കളുടെ മേൽ ഉണ്ടായിരിക്കട്ടെ. ഒരു പ്രത്യേക വിവരം താങ്കളെ ധരിപ്പിക്കാനാണു ഞാനിതെഴുതുന്നത്. ബറാഹീനെ അഹ്മദിയ്യാ എന്ന എന്റെ ഗ്രന്ഥത്തിനു ലേഖ്റാം എന്നു പേരുള്ള ഒരാൾ ഖണ്ഡനമെഴുതി പ്രസിദ്ധീകരിച്ചിരിക്കുകയാണ്. വിടുവായത്തവും തോന്ന്യാസവും നിറഞ്ഞ ആ സൃഷ്ടിക്കു അയാൾ “തക്സീബെ ബറാഹീനെ അഹ്മദിയ്യാ'' എന്നാണു പേരു നൽകിയിരിക്കുന്നത്. ഇയാൾ തനി മൂഢനും വിവേക ശൂന്യനും വിവരം കെട്ടവനുമാണു. തെറി

പറയുകയെന്നല്ലാതെ അയാളുടെ പക്കൽ മറ്റൊന്നുമില്ല. പക്ഷേ, ഈ ഗ്രന്ഥരചനയിൽ അഭ്യസ്ഥവിദ്യരും ധനികരുമായ മറ്റുചില ഹിന്ദുക്കളും ഇയാളെ സഹായിച്ചിട്ടുണ്ടെന്നാണു മനസ്സിലാകുന്നത്.

പുസ്തകത്തിൽ രണ്ടു തരത്തിലുള്ള വാചകങ്ങളും പ്രയോഗങ്ങളുമാണുള്ളത്. ഒന്നു തെറിവിളിയും പരിഹാസങ്ങളും പുച്ഛവും നിന്ദയും അവഹേളനങ്ങളും അധിക്ഷേപങ്ങളും ശകാരങ്ങളും ആരോപണങ്ങളും നിറഞ്ഞവ. ആ വാചകത്തിലെ വാക്കുകൾക്കാണെങ്കിൽ പരസ്പരം ഒരു ചേർച്ചയു മുണ്ടായിരിക്കുകയില്ല. വികൃതരൂപത്തിലും ഭാവത്തിലുമുള്ള ആ വാചകങ്ങൾ തികച്ചും ലേഖ്റാമിന്റേതാണെന്നതിനു യാതൊരു സംശയവുമില്ല. എന്നാൽ സംസ്ക്കാര സമ്പന്നവും ബുദ്ധിപരവുമെന്നു തോന്നിപ്പിക്കുന്ന ചിലയിടങ്ങളിലുള്ള വരികൾ അഭ്യസ്ഥരായ മറ്റാരുടേതോ ആണ്. ഏതായിരുന്നാലും അപവാദങ്ങളും ആരോപണങ്ങളും നിറഞ്ഞ ഈ പുസ്തകത്തിനു മറുപടിയെഴുതുക എന്നത് അങ്ങേയറ്റം അത്യന്താപേക്ഷിതമാണ്.

ഞാൻ അതിശയോക്തി പറയുകയോ താങ്കളെ വ്യാജമായി പുകഴ്ത്തുകയോ അല്ല ചെയ്യുന്നതു അല്ലാഹു എന്റെ ഹൃദയത്തിൽ അങ്കുരിപ്പിച്ച ദൃഢവിശ്വാസത്തിന്റെ വെളിച്ചത്തിൽ പറയുകയാണു ദീനുൽ ഇസ്‌ലാമിന്റെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾക്കായി താങ്കളുടെ ഹൃദയത്തിൽ അലയടിച്ചു കൊണ്ടിരിക്കുന്ന ആവേശവും ഔത്സുക്യവും അതുപോലെ എന്നോടുള്ള സഹാനുഭാവവും എന്നെ സഹായിക്കാനുള്ള സന്നദ്ധതയും എനിക്കു മറ്റൊരാളിലും കാണാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് ഞാൻ താങ്കളെ വീണ്ടും ബുദ്ധുമുട്ടിക്കുകയാണു. താങ്കൾ പ്രസ്തുത ഗ്രന്ഥം തുടക്കം മുതൽ അവസാനം വരെ പരിശോധിച്ചു കൊണ്ട് ഇസ്‌ലാമിന്നെതിരിൽ അയാൾ ഉന്നയിച്ച ആരോപണങ്ങൾ എല്ലാം ആദ്യം എഴുതി യെടുക്കുക. പിന്നീട് അതിന്റെ മറുപടി അർപ്പണബോധത്തോടും കൂലങ്കഷമായും ചിന്തിക്കുക. അതിനു ശേഷം അല്ലാഹു താങ്കളുടെ ഹൃദയത്തിൽ ജനിപ്പിക്കുന്ന എന്തു മറുപടിയായാലും വേറെ വേറെ എഴുതി എനിക്കയച്ചു തരിക. എന്റെ ഭാഗത്തു നിന്നും വല്ലതും ചേർക്കാനുണ്ടെങ്കിൽ സമയം പോലെ ചേർത്തു മറുപടി തയ്യാറാക്കിക്കൊള്ളാം. സാമ്പത്തികമായി താങ്കളെന്നെ അങ്ങേയറ്റം സഹായിച്ചിട്ടുണ്ട്. അല്ലാഹു താങ്കൾക്കു നൽകിയിരിക്കുന്ന മറ്റു കഴിവുകൾ ഉപയോഗിച്ചും എന്നെ സഹായിക്കുവാനപേക്ഷ. ഈ രീതിയിലുള്ള സേവനവും ഒരിക്കലും ചെറുതല്ല.

ഇന്നു നമ്മുടെ എതിരാളികൾ നമുക്കെതിരിൽ ഒന്നിച്ചിരിക്കുകയാണു. ഇസ്‌ലാമിനു ക്ഷതമേൽപിക്കാനവർ തങ്ങളുടെ മുഴുവൻ ശക്തിയും പ്രയോഗിച്ചു കൊണ്ടിരിക്കുകയാണു. ഈ രംഗത്തു വന്നു ഇസ്‌ലാമിനെ കുറിച്ചു വേവലാതിപ്പെടുകയും അതിന്റെ ഉയർത്തെഴുന്നേൽപ്പിന്നായി തങ്ങളാലാവുന്നതു പ്രവർത്തിക്കുകയും ചെയ്യുന്നവർ പ്രവാചകന്മാരെ പോലെയാണു. അവർ പ്രവാചകന്മാരുടെ പ്രവൃത്തികളാണു ചെയ്യുന്നത്. പെട്ടെന്നു തന്നെ മറുപടി കൊണ്ടനുഗ്രഹിച്ചാലും. അല്ലാഹു എന്നും താങ്കളോടൊപ്പ മുണ്ടായിരിക്കട്ടെ. സഹായിയുമായിരിക്കട്ടെ. അറിയിക്കുകയാണെങ്കിൽ പ്രസ്തുത പുസ്തകത്തിന്റെ ഒരു പ്രതി വാങ്ങി താങ്കൾക്കയച്ചു തരാം.

വസ്സലാം

ഗുലാം അഹ്മദ്

ഖാദിയാൻ

26 ജൂലായ്1887

മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് തന്നിൽ ഭരമേൽപിക്കപ്പെട്ട ആ ചുമതല വളരെ മികവുറ്റ രീതിയിൽ ചെയ്യുകയും ലേഖ്റാമിന്റെ പ്രസ്തുത കൃതിക്കു വളരെ ശക്തവും യുക്തിപൂർവവും കാര്യകാരണ സഹിതവുമായ ഒരു മറുപടി എഴുതി തയ്യാറാക്കുകയും ചെയ്തു. അതു "തസ്ദീഖ് ബറാഹീനെ അഹ്മദിയ്യാ" എന്ന പേരിൽ ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ആ ഗ്രന്ഥത്തെ കുറിച്ചു ഒരിടത്തു ഇങ്ങനെ അഭിപ്രായം പ്രകടിപ്പിക്കുകയുണ്ടായി. ഹദ്റത്ത് മൗലവി സാഹിബ് ഫിഖ്ഹിലും ഹദീസിലും ഖുർആൻ വ്യാഖ്യാനത്തിലും അഗാധ പാണ്ഡിത്യമുള്ള ഒരു മഹാനാണ്. വൈദ്യശാസ്ത്രത്തിലും തന്റെ വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം ഉന്നതനായ ഒരു ഭിഷഗ്വരനുമാണ്. അറിവിന്റെ എല്ലാ മേഖലയിലുമുള്ള അമൂല്യവും വിരളവുമായ ഗ്രന്ഥങ്ങൾ യൂറോപ്പ്, ഈജിപ്ത്, ശാം തുടങ്ങി പല അറബ് രാഷ്ട്രങ്ങളിൽ നിന്നും ശേഖരിച്ചു കൊണ്ട് അത്യുത്കൃഷ്ടവും മികച്ചതുമായ ഒന്നാന്തരം ഗ്രന്ഥശാല അദ്ദേഹം തയ്യാറാക്കിയിട്ടുണ്ട്. മാത്രവുമല്ല അദ്ദേഹം വളരെ ഉയർന്ന ഒരു എഴുത്തുകാരൻ കൂടിയാണ്. ഈ അടുത്ത സമയത്തു "തസ്ദീഖ് ബറാഹീനെ അഹ്മദിയ്യാ" എന്ന ഗ്രന്ഥവും അദ്ദേഹം തന്നെയാണു രചിച്ചതു. അഭ്യസ്ത വിദ്യരുടെ ദൃഷ്ടിയിൽ അതിനു അമൂല്യരത്നങ്ങളേക്കാൾ വിലയുണ്ട്.

## ഹദ്റത്ത് മസീഹ് മൗഊദി(അ) ന്റെ ജമ്മു സന്ദർശനം

1888 ന്റെ ആരംഭത്തിൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനു (റ) ജമ്മുവിൽ വച്ചു ശക്തമായ പനിയും തലവേദനയും പിടിപെട്ടു. അതു കുറേ ദിവസങ്ങളോളം നീണ്ടു നിൽക്കുകയും അതിന്റെ ഫലമായി അദ്ദേഹം വളരെയധികം ക്ഷീണിതനാവുകയും ചെയ്തു. അസുഖം ഈ രീതിയിൽ തുടർന്നു കൊണ്ടിരുന്നപ്പോൾ മൗലവി നൂറുദ്ദീൻ സാഹിബിന്റെ ചെറുപ്പകാല സുഹൃത്തു കൂടിയായ

മൗലവി ഹക്കീം ഫസ്‌ലുദ്ദീൻ സാഹിബ് അൽപം പരിഭ്രമത്തോടെ വിവരം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അറിയിച്ചു. ഹദ്റത്ത് മസീഹ് മൗഊദി(അ)നു വിവരം ലഭിച്ചപ്പോൾ ഹുസൂർ വളരെ വേവലാതിപ്പെടുകയും ഉടൻ തന്നെ തന്റെ ആത്മമിത്രവും ദീനിന്റെ സഹായിയുമായ മൗലവി സാഹിബിനെ സന്ദർശിക്കുന്നതിനായി ജമ്മുവിലേയ്ക്കു യാത്ര തിരിക്കാൻ തീരുമാനിക്കുകയും ചെയ്തു. അതോടൊപ്പം മൗലവി സാഹിബിന്റെ ആരോഗ്യത്തിന്നും ദീർഘായുസ്സിനും വേണ്ടി പ്രത്യേകം ദുആ ചെയ്യുവാനും തുടങ്ങി. അതിന്റെ ഫലമായി താങ്കൾ ജമ്മു എത്തുന്നതോടു കൂടി മൗലവി നൂറുദ്ദീൻ സാഹിബിന്റെ അസുഖം ഭേദമാവുകയും അദ്ദേഹം ആരോഗ്യവാനായിത്തീരുകയും ചെയ്യുമെന്ന സുവാർത്ത അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദി(അ)നു നൽകുകയുണ്ടായി. ഈ എല്ലാ കാര്യങ്ങളും തന്റെ യാത്രയ്ക്കു മുമ്പായി തന്നെ ഹുസൂർ മൗലവി സാഹിബിനെ അറിയിക്കുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ സേവകനായ ഹാഫിസ് ഹാമിദ് അലി സാഹിബിനോടൊപ്പം ജമ്മുവിലേയ്ക്കു പുറപ്പെട്ടു. അല്ലാഹുവിൽ നിന്നുള്ള സുവിശേഷം പോലെ തന്നെ മസീഹ് മൗഊദ്(അ) അവിടെ എത്തിയപ്പോഴേക്കും ഹദ്റത്ത് മൗലവിസാഹിബ് സുഖം പ്രാപിച്ചിരുന്നു. മസീഹ് മൗഊദ്(അ) അവിടെ മൂന്നു ദിവസം താമസിച്ച ശേഷം ഖാദിയാനിലേയ്ക്കു തിരിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ജമ്മുവിൽ തങ്ങിയിരുന്ന മൂന്നു ദിവസം മൗലവി സാഹിബുമായി രണ്ടു കാര്യങ്ങൾ വളരെ ഗൗരവപൂർവം ചർച്ച ചെയ്യുകയുണ്ടായി. അതിലൊന്നാമത്തെ കാര്യം മൗലവി സാഹിബ് മറ്റൊരു നിക്കാഹ് കൂടി കഴിക്കണം എന്നതായിരുന്നു. മൗലവി സാഹിബിന്റെ മക്കൾ എല്ലാം തന്നെ ചെറുപ്രായത്തിൽ മരണപ്പെട്ട കാര്യം നേരത്തെ പ്രസ്താവിച്ചിരുന്നുവല്ലോ. അതൊക്കെ മൗലവി സാഹിബിന്റെ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചിരുന്നു. രണ്ടാമത്തെ കാര്യം തന്റെ ചിലവുകൾ നിയന്ത്രിച്ചു കൊണ്ട് എല്ലാ മാസവും ഒരു നിശ്ചിത തുക മിച്ചം വെക്കണമെന്നതായിരുന്നു അതു. കൊട്ടാരത്തിൽ നിന്നു അദ്ദേഹത്തിനു ചെറുതല്ലാത്ത വേതനം ലഭിച്ചിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ചിലവുകൾ അനിയന്ത്രിതമാം വിധം വർദ്ധിച്ചിരുന്നു. പലപ്പോഴും വീട്ടാവശ്യങ്ങൾക്കു ബുദ്ധിമുട്ടിയിരുന്നു. കാരണം അദ്ദേഹം തന്റെ വരുമാനത്തിൽ നിന്നു ദീനിയായ ആവശ്യങ്ങൾക്കും വിധവകൾക്കും അനാഥർക്കും വിദ്യാർഥികൾക്കും വേണ്ടി ധാരാളം പണം ചെലവഴിച്ചിരുന്നു. ഈ ആവശ്യങ്ങൾക്കായി മറ്റുള്ളവരിൽ നിന്നു കടം വാങ്ങിക്കുകയും ചെയ്തിരുന്നു.

അടുത്ത സമയത്തു അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദി(അ) നയച്ച എണ്ണൂറു രൂപയും മറ്റാരുടേയോ കൈയിൽ നിന്നും കടം വാങ്ങിയതായിരുന്നു. ആ കാര്യം ഹുസൂർ പിന്നീടാണറിയുന്നത്. ജമ്മുവിൽ നിന്ന് ഖാദിയാനിൽ തിരിച്ചെത്തിയ ശേഷവും ഹുസൂർ ഈ രണ്ടു കാര്യങ്ങളും എഴുതിക്കൊണ്ടിരുന്നു. ആദ്യമാദ്യം മൗലവി സാഹിബ് നിക്കാഹിന്റെ കാര്യത്തിൽ വേണ്ടത്ര താൽപര്യവും ശ്രദ്ധയും കാണിച്ചിരുന്നില്ല. താങ്കൾ ഇനിയൊരു കല്യാണം കഴിക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹു സാത്വികരും ദീർഘായുസ്സുമുള്ള സന്താനങ്ങളെ നൽകുമെന്നും അതു വലിയ അനുഗ്രഹങ്ങൾക്കു കാരണമായിതീരുമെന്നും ഹദ്റത്ത് മസീഹ് മൗഊദ് (അ) അദ്ദേഹത്തെ ഓർമപ്പെടുത്തിക്കൊണ്ടിരുന്നു. അങ്ങനെ അദ്ദേഹം നിക്കാഹിനു താൽപര്യം പ്രകടിപ്പിച്ചു സ്വന്തം കുടുംബത്തിൽ അന്വേഷണമാരംഭിച്ചു. പക്ഷേ, ഒരു പുതിയ ബന്ധം എവിടേയും കണ്ടെത്താനായില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പല സ്ഥലത്തും സന്ദേശമയക്കുകയും അന്വേഷിക്കുകയും ചെയ്തുകൊണ്ടിരുന്നു. അതിന്റെ ഫലമായി ലൂധിയാനയിലുള്ള സൂഫി അഹ്മദ് ജാൻ സാഹിബിന്റെ മകൾ സുഗ്റാ ബേഗം സാഹിബയുമായുള്ള ബന്ധം കണ്ടെത്തുകയും അതു നിശ്ചയിക്കുകയും ചെയ്തു. (തുടരും)

**കടപ്പാട് & അവലംബം**

1. ഹയാത്തെ നൂർ By മൌലാനാ അബ്ദുൽ ഖാദർ സാഹിബ് സൌദാഗർ മൽ. റബ്‌വാ

2. താരീഖെ അഹ്മദിയ്യത്ത് വാള്യം III By മൌലാനാ ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബ് റബ്‌വാ

3. മിർഖാത്തുൽ യഖീൻ ഫീ ഹയാതി നൂറുദ്ദീൻ By അക്ബർ ശാഹ് ഖാൻ സാഹിബ്. നജീബാബാദി.

4. ഹദ്റത്ത് മൌലവി നൂറുദ്ദീൻ സാഹിബ് (English) By ഹദ്റത്ത് സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് (റ)

5. സവാനിഹ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ By റസിയ ദർദ് സാഹിബ കറാച്ചി.

6. അസ്ഹാബ് സിദ്ഖൊ വഫാ By നസ്റുല്ലാഹ് നാസിർ സാഹിബ് + ആസിം ജമാലി സാഹിബ്



# അമേരിക്ക ബൈഡനു കീഴിൽ

## മുസാഫിർ

അമേരിക്കയുടെയും ലോക ത്തിന്റേയും മുകളിൽ നിലനിന്നിരുന്ന ഭയാശങ്കകളുടെ ഗ്രഹണ കാലം കഴിഞ്ഞു. വികൃതമാനസനും അപ്രവചനീയ സ്വഭാവ വിശേഷത്തിന്നുടമയുമായ പ്രസിഡന്റ് ഡോണാൾഡ് ട്രംമ്പ് അധികാരത്തിൽ നിന്ന് നാട് നീങ്ങി. അമേരിക്കയുടെ 46-ാമത് പ്രസിഡന്റായി ജോസഫ് റോബിനെറ്റ് ജോ ബൈഡൻ ജൂനിയർ അധികാരമേറ്റിരിക്കുന്നു. അമേരിക്കൻ സെനറ്റ് അംഗമായി 36 വർഷം പ്രവർത്തിച്ച ബൈഡൻ സൈനറ്റിന്റെ വിദേശകാര്യ സമിതി ചെയർമാനായി മികവ് തെളിയിച്ച ആളാണ്. 49-ാമത് വൈസ് പ്രസിഡന്റായി കമലാ ഹാരിസും അധികാരമേറ്റിരിക്കുന്നു. അമേരിക്കൻ ചരിത്രത്തിൽ ആദ്യമായാണ് ഒരു വനിത ഈ സ്ഥാനത്തെത്തുന്നത് അതും ഇന്ത്യൻ ആഫ്രിക്കൻ വംശജ. തമിഴ്നാട്ടുകാരിയായ ശ്യാമളാ ഗോപാലന്റെ മകളാണ് അവർ.

അധികാരത്തിൽ നിന്ന് പോകുന്നതിന്റെ അവസാന നാളുകളിൽ ട്രംമ്പ് എന്ന വികലമാനസനായ പ്രസിഡന്റിന്റെ ആശീർവാദത്തോടെ തന്റെ അനുയായികൾ അമേരിക്കൻ ഭരണ ആസ്ഥാനമായ കാപിറ്റോൾ ഹില്ലിലേക്ക് ഇരച്ചു കയറി കലാപമുണ്ടാക്കാൻ ശ്രമിച്ചത് ലോകമാകെ അങ്ങേയറ്റം അമ്പരപ്പും ഭയാശങ്കകളും സൃഷ്ടിക്കുകയും അമേരിക്കയെ ലോകത്തിന്ന് മുന്നിൽ നാണം കെടുത്തുകയും ചെയ്തു. 232-ന്നെതിരെ 306 ഇലക്ട്രൽ വോട്ടുകളുമായി ട്രംമ്പിനെക്കാൾ 70 ലക്ഷം വോട്ടിന് മുന്നിലെത്തി വിജയിച്ച ബൈഡന്റെ വിജയം അംഗീകരിക്കാൻ ട്രംമ്പ് തയ്യാറായിട്ടില്ല. അധികാര കൈമാറ്റ ചടങ്ങ് കാണാൻ കൂട്ടാക്കാതെ അൽപ്പനായ ഈ മുൻ പ്രസിഡന്റ് വൈറ്റ്ഹൗസ് പടിവാതിൽ വിട്ടിറങ്ങി.

പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ജോബൈഡന്റെ വിജയം പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്തയോഗം സർട്ടിഫൈ ചെയ്യുന്ന വേളയിലാണ് അമേരിക്കയെ നാണം കെടുത്തിയ ട്രംമ്പിന്റെ ഈ തെമ്മാടികൂട്ടത്തിന്റെ അക്രമണം ഉണ്ടായത്. അവർ സെനറ്റ് ചേമ്പറിൽ കയറി ട്രംമ്പാണ് തിരഞ്ഞെടുപ്പിൽ വിജയിച്ചതെന്ന് ആക്രോശിക്കുകയായിരുന്നു. ജനാധിപത്യത്തെ സംരക്ഷിക്കാനാണ് ഈ സമരമെന്നാണ് അക്രമണത്തെ ആദ്യം ട്രംമ്പ് വിശേഷിപ്പിച്ചത്. ലോകത്തെ ഏറ്റവും മികച്ച സൈനിക സന്നാഹങ്ങളും സമ്പത്തും സാങ്കേതിക വിദ്യയുമുള്ള അമേരിക്ക രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം അവർക്കിഷ്ടമില്ലാത്ത അൻപതോളം ഭരണകൂടങ്ങളെ അട്ടിമറിച്ചിട്ടുണ്ട്. മറ്റു ശാക്തിക ചേരികളെ പോലും വിറപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്തിരുന്നു. ആ ലോകപോലീസിന്റെ ആസ്ഥാനത്തേക്ക് ഒരു ഈച്ചപോലും സുരക്ഷ ഭേദിച്ച് കയറാൻ സാധ്യമല്ല എന്നാണ് നാം കരുതിയത്. ആ വൈറ്റ് ഹൗസിലാണ് ട്രംമ്പിന്റെ അനുയായികളുടെ അരാജകത്തം നിറഞ്ഞ പേക്കൂത്തുകളുടെ അരങ്ങേറ്റം കണ്ട് ലോകം ഞെട്ടിയത്. കലാപത്തിൽ 5 പേർ മരിച്ചു. ഒരു അക്രമി സ്പീക്കർ നാൻസി പെലോസിയുടെ ഓഫീസിനകത്ത് സ്പീക്കറുടെ മേശമേലുള്ള ഫയലുകളും കടലാസിലും കാൽ നീട്ടിവെച്ചിരുന്ന് ഫോട്ടോയെടുക്കുകയായിരുന്നു. ചിലർ അർദ്ധനഗ്നരായി നിന്ന് ഫോട്ടോക്ക് പോസു ചെയ്യുകയും അട്ടഹസിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. കൊമ്പുള്ള തൊപ്പി തലയിൽ വെച്ച് നീണ്ട കുന്തവും അതിൽ അമേരിക്കൻ പതാകയുമേന്തി പ്രാകൃത വേഷം ധരിച്ച ഒരാൾ കാപിറ്റോൾ കെട്ടിടത്തിൽ വിലസുന്നുണ്ടായിരുന്നു. അയാൾ കുപ്രസിദ്ധ വംശീയവാദി നേതാവ് ജേക്ക് ഏൻജലിലി ആണെന്ന് തിരിച്ചറിഞ്ഞു. പിന്നീട് അറസ്റ്റ് ചെയ്യുകയുണ്ടായി. ഇന്ത്യക്കാരായ നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും ലജ്ജാകരമായ കാര്യം കാപിറ്റോൾ കാലാപത്തിൽ ഇന്ത്യൻ പതാകയുമായി ഒരാൾ പങ്കെടുത്തിരുന്നു. ട്രംമ്പിന്റെ ശക്തനായ അനുയായിയും റിപ്പബ്ലിക്കൻ പാർട്ടി അംഗവുമായ ആ മനുഷ്യൻ ഒരു മലയാളിയും വൈറ്റില ചമ്പക്കര സ്വദേശിയായ വിൻസെന്റ് പാലത്തിങ്കൽ എന്ന ക്രിസ്തീയ സഹോദരനാണ്. ഇന്ത്യൻ പതാകയെ അപമാനിച്ചതിന്ന് അയാൾക്കെതിരെ ഇന്ത്യയിൽ ഒരു കേസ് രജിസ്റ്റർ ചെയ്തതായി കേൾക്കുന്നു.

ഭരണ രംഗത്ത് ഏറെപരിചയ സമ്പന്നനായ ജോബൈഡൻ അധികാരമേറ്റതിന്ന് ശേഷം ആദ്യം ചെയ്തത് ട്രംമ്പ് ചെയ്ത്വെച്ച ഗുരുതരമായ പല വീഴ്ച്ചകൾ തിരുത്തുക എന്നതാണ്. അതിന്റെ ഭാഗമായി 17 എക്സികുട്ടീവ് ഓർഡറുകളും സുപ്രധാനമായ വിദേശ നയങ്ങളും ദേശീയ സുരക്ഷാ നിയമങ്ങളുമാണ് അദ്ദേഹം ഒപ്പുവെച്ചത്. കാലവസ്ഥാ വ്യതിയാനത്തെ പറ്റി യു എൻ ആഗോള കരാറായ പാരീസ് ഉടമ്പടിയിൽ നിന്നും അതുപോലെ ലോകാരോഗ്യ സംഘടനയായ WHO യിൽ നിന്നും ട്രംമ്പിന്റെ കാലത്ത് അമേരിക്ക പിൻവാങ്ങിയിരുന്നു. അതായത് കോവിഡ് രോഗം ലോകം മുഴുവൻ താണ്ഡവമാടുന്ന കാലത്ത് യാതൊരു തത്വദീക്ഷയുമില്ലാതെ WHOന്റെ ഏറ്റവും വലിയ സാമ്പത്തിക ദാതാവായ അമേരിക്ക തങ്ങൾക്ക് ചിലവ് വഹിക്കാൻ സാദ്ധ്യമല്ല എന്ന് പറഞ്ഞ് കൊണ്ടാണ് ലോകാരോഗ്യ സംഘടനയിൽ നിന്ന് അമേരിക്ക പിൻവാങ്ങിയത്. പോളിയോ മുതൽ അഞ്ചാം പനിവരെയും മാനസികാരോഗ്യം മുതൽ കോവിഡ് വരെയുമുള്ള ദരിദ്ര ലോകത്തെ കോടിക്കണക്കിന്ന് മനുഷ്യരുടെ അത്താണിയായിരുന്ന ലോകാരോഗ്യ സംഘടനയിൽ നിന്നുമാണ് അമേരിക്ക പുറത്ത് പോയത്. ഈ രണ്ട് സംഘടനയിലേക്കും അമേരിക്ക ഉടൻ തന്നെ പുനപ്രവേശിക്കും.

ലോകം അത് വരെ കാത്തു സൂക്ഷിച്ച സാമൂഹിക രാഷ്ട്രീയ മൂല്യങ്ങളെ കാറ്റിൽ പറത്തി ഫാസിസ്റ്റുകളെ പോലെ അമേരിക്കൻ തീവ്ര ദേശീയ വാദവും വംശീയ വാദവും ഊതിപ്പെരുപ്പിച്ച് പരിഷ്കൃതലോകത്തിന്ന് ചേരാത്ത ഒരു ഹീനരാഷ്ട്രീയം കളിക്കുകയായിരുന്നു ട്രംമ്പ്. ആളുകളെ അമേരിക്കയുടെ പേരിൽ വികാരം കൊള്ളിക്കുക. അപരനെതിരെ വെറുപ്പ് പ്രചരിപ്പിക്കുക വംശീയത വളർത്തുക, മത സ്പർദ്ധ ഉണ്ടാക്കുക. ഇങ്ങനെ മനുഷ്യത്വ വിരുദ്ധവും കാരുണ്യ രഹിതവുമായിരുന്നു ട്രംമ്പിന്റെ ആശയങ്ങൾ. കഴിഞ്ഞ നാലു വർഷമായി നാം കേട്ടു കൊണ്ടിരിക്കുന്നു. ലോകം മുഴുവനും അയാളെ അനുകരിക്കുകയും സ്വീകരികുകയും ആദരിക്കുകയും ചെയ്യുന്ന സമാനമനസ്ക്കരായ ഭരണാധികാരികളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. 'അമേരിക്ക ആദ്യം' എന്ന നവനാസികളെപ്പോലെ ഉരുവിട്ടുകൊണ്ടിരുന്ന വായ്ത്താരിക്ക് ശമനമുണ്ടാകുമെന്ന് പ്രതീക്ഷിക്കാം. അത് പോലെ അമേരിക്കയിൽ ഫാസിസ്റ്റ് വീക്ഷണമുള്ള ക്രിസ്ത്യൻ തീവ്രവാദികളും ഇവാഞ്ചലിസ്റ്റുകളും തീവ്രവലത് പക്ഷവാദികളും ചേർന്ന് പ്രചരിപ്പിച്ച മുസ്‌ലിം വിരുദ്ധതയുടെ ഭാഗമായി ഇറാൻ, ഇറാഖ്, ലിബിയ, സോമാലിയ, സുഡാൻ, സിറിയ, യമൻ എന്നീ 7 മുസ്‌ലിം രാജ്യങ്ങളിലേക്കുള്ള യാത്ര വിലക്കും ബൈഡൻ നീക്കുകയാണ്. മെക്സിക്കോയിൽ നിന്ന് കുടിയേറ്റതൊഴിലാളികൾ വരാതിരിക്കാൻ ട്രംമ്പ് ഏർപ്പെടുത്തിയ ഒരു വംശീയ ചുവയുള്ള തീരുമാനമായിരുന്നു 720-800 കിലോ മീറ്റർ നീളമുള്ള അമേരിക്കൻ മെക്സിക്കൻ അതിർത്തിയിൽ മതിൽ കെട്ടുക എന്നത്. 2017 ജനുവരിയിൽ അതിന്റെ പണിയും തുടങ്ങി. മതിലിന്റെ ചിലവ് പാവപ്പെട്ട രാജ്യമായ മെക്സിക്കോ വഹിക്കണമെന്നുകൂടിയായിരുന്നു ട്രംമ്പിന്റെ ശാസന. ലോകത്ത് പണിതുയർത്തിയ വിഭജനത്തിന്റെ മതിലുകൾ പൊളിച്ച്കളഞ്ഞ് മനുഷ്യൻ ഒരു വിശ്വസമൂഹം കെട്ടിപ്പടുത്തു കൊണ്ടിരിക്കുമ്പോൾ മതിൽകെട്ടി മനുഷ്യരെ വേർതിരിക്കുന്ന ഈ കിരാതകൃത്യം ട്രംമ്പിന്റെ ആതുര മനസ്സിൽ നിന്ന് മാത്രമേ ജന്മം കൊള്ളൂ. ഇത്പോലെയൊരു മതിൽ നാം കാണുക ഇസ്രയേലിൽ ഫലസ്തീനികളെയും ഇസ്റയേലിനേയും തമ്മിൽ വേർതിരിക്കുന്ന മതിലാണ്. അമേരിക്കൻ മെക്സിക്കൻ അതിർത്തിയിലുള്ള 'ട്രംമ്പ് വാൾ' എന്നറിയപ്പെടുന്ന ആ മതിൽ നിർമ്മാണവും ബൈഡൻ നിർത്തി വെച്ചു. കോവിഡ് 19 മഹാമാരി അമേരിക്കയിലെ 4 ലക്ഷം പേരെ കൊന്നൊടുക്കിയിട്ടും യാതൊരു കൂസലുമില്ലാതെ മാസ്ക്കിടാതെ ഈ മഹാമാരിയെ ചൈനീസ് രോഗമാണെന്ന് പരിഹസിച്ച് ഫലപ്രദമായി യാതൊന്നും ചെയ്യാതിരുന്ന ട്രംമ്പിൽ നിന്ന് വ്യത്യസ്തനായി കോവിഡിനെതിരെ സത്വര നടപടികകളെടുത്ത് അമേരിക്കയുടെ ആരോഗ്യരംഗത്തെ വീണ്ടെടുക്കാനാണ് ബൈഡന്റെ പ്രാഥമിക ശ്രമം.

അമേരിക്ക അന്തർദേശീയ തലത്തിൽ കൂടുതൽ സജീവമാകുമെന്നാണ് ബൈഡൻ നൽകുന്ന സൂചന. ലോക സമാധാനത്തിന്ന് ബൈഡന്റെ അമേരിക്ക എന്ത് സംഭാവനയാണ് നൽകുക എന്ന് ലോകം ആകാംക്ഷയോടെ നോക്കുന്നു. അത്പോലെ ഫലസ്തീൻ ഇസ്റയേൽ സംഘർഷത്തിൽ ബൈഡൻ എന്ത് നിലപാട് സ്വീകരിക്കുമെന്നും ലോകം ഉറ്റു നോക്കുന്നു. 2018 ൽ ജെറുസലേം ഇസ്രയേലിന്റെ തലസ്ഥാനമായി അംഗീകരിക്കുകയും യു എസ് എംബസ്സി അങ്ങോട്ട് മാറ്റുകയും ചെയ്തത് ട്രംമ്പാണ്. അമേരിക്കയുടെ പ്രഖ്യാപിത നിലപാടിന്ന് വിരുദ്ധമാണിത്. ബഹ്റൈൻ, യു എ ഇ എന്നീ രാജ്യങ്ങളെ കഴിഞ്ഞ ദിവസം അമേരിക്ക തങ്ങളുടെ തന്ത്രപ്രധാന പങ്കാളിയാക്കി. കാരണം ഈ രാജ്യങ്ങൾ ട്രംമ്പിന്റെ ആവശ്യമനുസരിച്ച് ഇസ്രയേലുമായി നയതന്ത്രബന്ധം സ്ഥാപിച്ചതിന്ന് പ്രത്യുപകാരമായിട്ടായിരുന്നു അത്. ഇത്തരം നഗ്നമായ ഇസ്റയേലീ പ്രീണനമായിരുന്നു അമേരിക്ക കഴിഞ്ഞ 4 വർഷമായി നടത്തിക്കൊണ്ടിരിക്കുന്നത്. ഇറാനുമായി അമേരിക്കയുണ്ടാക്കിയ ആണവക്കരാറിൽ നിന്ന് ഏകപക്ഷീയമായ അമേരിക്കയുടെ പിന്മാറ്റവും അവരുടെ ആണവ ശാസ്ത്രജ്ഞനെ

**ശേഷം പേജ് 41 ൽ**


# മൗലാനാ മുഹമ്മദ് ഉമർ:
## വിജയശ്രീലാളിതനായ പ്രചാരകൻ: ഖലീഫത്തുൽ മസീഹ്

**(2021 ജനുവരി 22 ലെ ഖുതുബയിൽ നിന്ന്)**

അടുത്ത ജനാസ മൗലാന മുഹമ്മദ് ഉമ്മർ സാഹിബിന്റേതാണ്. അദ്ദേഹം മുൻ നാസിർ ഇസ്‌ലാഹോ ഇർശാദ് മർക്കസിയ്യ ഖാദിയാൻ ആയിരുന്നു. പി.കെ.ഇബ്റാഹീം സാഹിബിന്റെ മകനാണ്. ജനുവരി 21ന് 87-ാമത്തെ വയസിൽ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. പരേതൻ കേരളത്തിൽ നിന്നുള്ള ആളാകുന്നു.

അദ്ദേഹത്തിന്റെ പിതാവ് ജമാഅത്തിന്റെ കഠിന എതിരാളികളുടേയും ശത്രുക്കളുടേയും കൂട്ടത്തിൽ ആയിരുന്നു. മൗലാന സാഹിബിന്റെ ജനനത്തിനും 10 വർഷം മുമ്പ് അദ്ദേഹം അതായത് പിതാവ് കച്ചവടത്തിനു വേണ്ടി ബോംബെയിൽ പോയിരുന്നു. ആ കാലത്ത് നിരവധി അഹ്മദികൾ ബോംബെയിൽ കച്ചവടം ചെയ്തിരുന്നു. ബോംബെയിൽ മലബാറിലെ ചില അഹ്മദികളുമായി അദ്ദേഹത്തിന് കൂടിക്കാഴ്ചയ്ക്ക് അവസരം കിട്ടി. അഹ്മദിയ്യാവിശ്വാസങ്ങളെ പറ്റി സംസാരമുണ്ടായി. 1924 ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി ബോംബെയിൽ പോയപ്പോൾ ഹുസൂറിന്റെ പരിശുദ്ധ കരങ്ങളിൽ ബയ്അത്ത് ചെയ്തു ജമാഅത്തിൽ പ്രവേശിക്കാൻ അദ്ദേഹത്തിനു സൗഭാഗ്യം ലഭിച്ചു. പിന്നീട് അദ്ദേഹത്തിന് ഖാദിയാൻ സന്ദർശിക്കാനും അവസരം ലഭിച്ചിരുന്നു.

മൗലാനാ ഉമ്മർ സാഹിബ് 1954



ൽ ഖാദിയാനിൽ എത്തി. അപ്പോൾ വിഭജനത്തിനുശേഷം മദ്റസ അഹ്മദിയ്യയും വീണ്ടും ആരംഭിച്ചിട്ടുണ്ടായിരുന്നു. 1955ൽ മദ്റസിൽ പ്രവേശിച്ചു. 1961 ൽ മദ്റസ അഹ്മദിയ്യയും പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്ന് മൗലവി ഫാസിൽ പരീക്ഷയും പാസ്സായതിനു ശേഷം ഒരു വർഷം മദ്റസയിൽ അധ്യാപനവും നടത്തിയിട്ടുണ്ട്. വിദ്യാർഥിയായിരിക്കുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് ഭായി അബ്ദുർ റഹ്മാൻ സാഹിബ് ഖാദിയാനിയുടെ ആഗ്രഹപ്രകാരം പരേതന് ഒരു വർഷം വരെ എല്ലാ ദിവസവും രാവിലെ അദ്ദേഹത്തിന്റെ വസതിയിൽ പോയി വിശുദ്ധ ഖുർആൻ ഓതി കേൾപ്പിക്കാൻ തൗഫീഖ് ലഭിച്ചിരുന്നു. 1962 മുതൽ തബ്‌ലീഗ് രംഗത്ത് സേവനങ്ങൾ ആരംഭിച്ചു. ഇന്ത്യയിലെ വലിയ വലിയ നഗരങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. വളരെ വിജയശ്രീലാളിതനായ മുബല്ലിഗ് എന്ന നിലയിൽ സേവനം ചെയ്തിരുന്നു. തബ്‌ലീഗിയോഗങ്ങളിൽ അദ്ദേഹത്തിന്റെ പ്രഭാഷണം ഉണ്ടാകുമായിരുന്നു.

യാദ്ഗീർ സംവാദത്തിൽ പങ്കെടുത്തിട്ടുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)യുടെ പ്രത്യേക നിർദ്ദേശാനുസരണം കോയമ്പത്തൂരിൽ 9 ദിവസം നീണ്ടുനിന്ന ചരിത്രപ്രസിദ്ധമായ സംവാദത്തിൽ പ്രത്യേക കേന്ദ്ര പ്രതിനിധികളായി മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബും ഹാഫിസ് മുസഫർ അഹ്മദ് സാഹിബും പോയിരുന്നു. അവരോടൊപ്പം ചേർന്നു ഇദ്ദേഹവും വളരെ നല്ല നിലയിൽ പ്രവർത്തിച്ചിട്ടുണ്ട്.ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ഒരിക്കൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ ശ്ലാഘിച്ചുകൊണ്ട് പറഞ്ഞു:

ചില ജമാഅത്തുകളിൽ ഒരു വ്യക്തി തന്നെ എല്ലാ ഭാരവും ചുമക്കാറുണ്ട്. തർജമ ചെയ്തു പിന്നെ ധാരാളമായി അത് പ്രചരിപ്പിക്കുന്നു. അതായത് ഖുത്ബകൾ തർജമ ചെയ്ത് ഉടൻ തന്നെ അയക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പിന്നീട് അവയുടെ നിലവാരവും ഉയർന്നതായിത്തീരുന്നു. കാരണം അവർക്ക് ഉടൻതന്നെ കാലത്തിന്റെ ഖലീഫയുടെ ഖുത്ബ കിട്ടുന്നു. അങ്ങനെ ജമാഅത്തിന് എന്താണ് ആവശ്യമെന്ന് മനസിലാകുന്നു. സൗത്ത് ഇന്ത്യയിൽ ഉറുദു അറിയാത്ത നമ്മുടെ ജമാഅത്തുകൾ ഉണ്ട്. നമ്മുടെ മൗലവി ഉമർ സാഹിബ്,

# മൗലാനാ മുഹമ്മദ് ഉമർ: കർമ്മനിരതനായിരുന്ന പണ്ഡിതശ്രേഷ്ഠൻ

കെ. എം. അഹ്മദ് കോയാ, അമീർ കോഴിക്കോട് ജില്ല

അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ മുന്നണി പോരാളികളിൽ ഒരാളും നിരവധി ഗ്രന്ഥങ്ങളുടെ കർത്താവും മഹാപണ്ഡിതനും പ്രശസ്ത എഴുത്തുകാരനും പ്രഗത് വാഗ്മിയുമായ നമ്മുടെ പ്രിയങ്കരനായ മൗലാന മുഹമ്മദ് ഉമർ സാഹിബ് 12-01-2021-ാം തിയ്യതി പരിശുദ്ധ ഖാദിയാനിൽ വെച്ച് നമ്മെ വിട്ട് വേർപിരിയുകയുണ്ടായി. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.

അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ വിയോഗം ഒരു തീരാനഷ്ടമാണ്. അദ്ദേഹത്തെ കുറിച്ച് ഓർക്കുമ്പോൾ മനസ്സ് വല്ലാതെ അസ്വസ്ഥമാകുന്നു. അതിന് കാരണം അദ്ദേഹത്തിന് പകരം വെക്കാൻ അദ്ദേഹത്തെ പോലെ ജമാഅത്തിൽ മറ്റൊരാളില്ല എന്ന യാഥാർത്ഥ്യം തിരിച്ചറിയുമ്പോഴാണ്. വിനീതന് അദ്ദേഹത്തോടൊപ്പം പല സ്ഥലത്തും യാത്ര

മുബല്ലിഗ് സിൽസില, അദ്ദേഹത്തിന് അല്ലാഹു ഈ കാര്യത്തിൽ ഒരു ഉന്മേഷം നൽകിയിട്ടുണ്ട്. ഒരു ഭാഗത്ത് കാതിൽ ശബ്ദം എത്തുമ്പോഴേക്കും മറുഭാഗത്ത് ഉടൻതന്നെ തർജമ ചെയ്തു എല്ലാ ജമാഅത്തുകളിലേക്കും എത്തിക്കുകയും ചെയ്യുന്നു. വളരെ ആസ്വാദ്യതയോടെയാണ് ഈ ജോലിചെയ്തിരുന്നത്.

ഏകദേശം ഒരു വർഷത്തോളം ഫലസ്തീനിലും സേവനം ചെയ്യാൻ സൗഭാഗ്യം ലഭിച്ചിട്ടുണ്ട്. വിശുദ്ധ ഖുർആൻ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിരവധി പുസ്തകങ്ങൾ, പ്രസിദ്ധീകരണങ്ങൾ എന്നിവ മലയാളം, തമിഴ് ഭാഷകളിൽ അദ്ദേഹം തർജമ ചെയ്തിട്ടുണ്ട്. 2007 ൽ ഞാൻ അദ്ദേഹത്തെ നാസിർ ഇസ്‌ലാഹോ ഇർശാദ്, തഅ്‌ലീമുൽ ഖുർആൻ വഖ്ഫെ ആർസി ആയി നിയമിച്ചു. തുടർന്ന് നായിബ് നാസിർ അഅ്‌ലയായി സേവനം ചെയ്തിട്ടുണ്ട്. വളരെ നല്ല നിലയിൽ ഈ സേവനങ്ങൾ മൗലാനാ സാഹിബ് അനുഷ്ഠിക്കുകയുണ്ടായി.

മദ്റസ അഹ്മദിയയിൽ നിന്ന് പാസായതിനു ശേഷം മർഹൂമിന് മൊത്തത്തിൽ 53 വർഷം ജമാഅത്തീസേവനത്തിന് അവസരം ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സന്തപ്തകുടുംബത്തിൽ നാല് പെൺമക്കളും മരുമക്കളും ദൗഹിത്രന്മാരും ദൗഹിത്രികളും പ്രദൗഹിത്രന്മാരും പ്രദൗഹിത്രികളും ഉണ്ട്.

ജമാഅത്തീ സേവനത്തിൽ അദ്ദേഹത്തിന് ഒരു ഉന്മാദം തന്നെയായിരുന്നു. ഫാമിലിയോടൊപ്പം വ്യക്തിപരമായ യാത്രയിലാണെങ്കിലും ജമാഅത്തീസേവനത്തിൽ പ്രത്യേകിച്ചും തർജമയിലും മറ്റും കർമനിരതനായിരുന്നു.

ശ്രീലങ്ക നാഷണൽ സദ്ർ സാഹിബ് എഴുതുന്നു:

ശ്രീലങ്കൻ അഹ്മദിയ്യ ജമാഅത്തിന്റെ ചരിത്രത്തിൽ 1978 ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസിന്റെ പരിശുദ്ധ നേതൃത്വത്തിൽ മൗലാന സാഹിബ് ആദ്യമായി കേന്ദ്ര മുബല്ലിഗ് എന്ന നിലക്ക് വന്നത് എന്നും തങ്കലിപികളാൽ എഴുതപ്പെടേണ്ട ചരിത്രമായിരിക്കും. പിന്നീട് അനിതരസാധാരണമായ നിലയിൽ ജമാഅത്തിനുള്ളിൽ പുതിയ ആത്മീയ അവേശത്തോടൊപ്പം പരിശുദ്ധ മാറ്റങ്ങളും കണ്ടു തുടങ്ങി. മൗലാന സാഹിബ് അവിടെ വളരെ വിലപ്പെട്ട സേവനങ്ങളാണ് അക്കാലത്ത് സമർപ്പിച്ചത്. 1994 ൽ കൊളംബോയിൽ രാംകൃഷ്ണ ഹാളിൽ മൗലാനാ സാഹിബ് സമാധാനം ഏകത എന്ന വിഷയത്തെ അധികരിച്ച് നല്ലൊരു പ്രസംഗം നടത്തി. അത് കേൾക്കാൻ 400-ൽ അധികം ആളുകൾ വന്നിരുന്നു. പ്രത്യേകിച്ചും രാമകൃഷ്ണമിഷന്റെ ദേശീയ പ്രസിഡന്റ്, രാജ്യത്തിലെ ഹിന്ദുകൾച്ചറൽ മന്ത്രി ഓണറബിൾ ദേവരാജൻ എന്നിവർ മൗലാന സാഹിബിന്റെ പ്രസംഗം കേട്ട് ഏറെ പ്രഭാവിതരായി വളരെയധികം ശ്ലാഘിക്കുകയുണ്ടായി. ആ പ്രസംഗത്തിൽ മൗലാന സാഹിബ് ഗീതയെ ഉദ്ധരിച്ചുകൊണ്ട് ശ്ലോകങ്ങൾ ചൊല്ലി, തിരുനബി(സ)ന്റെ സത്യസാക്ഷ്യം സ്ഥാപിച്ചിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ ഈ ചരിത്ര പ്രസിദ്ധ പ്രസംഗം ഇന്നും ജനങ്ങൾക്കിടയിൽ ഏറെ സ്വീകാര്യമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നാല് ഗ്രന്ഥങ്ങൾ തമിഴ് ഭാഷയിൽ മൗലാനാ സാഹിബ് തർജമ ചെയ്തിട്ടുണ്ട്. വിവിധ വിഷയങ്ങളിൽ 7 ഗ്രന്ഥങ്ങൾ തമിഴ് ഭാഷയിൽ രചിച്ചിട്ടുണ്ട്. തമിഴ് നാട്ടിൽ സമാധാന വഴി മാസിക ആരംഭിച്ച ഒരു നീണ്ട കാലം അവിടെനിന്ന് ഇതരസംസ്ഥാനങ്ങളിലും അയച്ചിരുന്നു.

അല്ലാഹു അദ്ദേഹത്തോട് പൊറുമയോടും കരുണയോടും വർത്തിക്കുകയും അദ്ദേഹത്തിന്റെ സന്തതികൾക്കും ജമാഅത്തുമായി പൂർണ്ണമായ കൂറോടുകൂടി ബന്ധം നിലനിർത്താൻ സൗഭാഗ്യം ചെയ്യുമാറാകട്ടെ.

ചെയ്യുവാനുള്ള സൗഭാഗ്യം ലഭിക്കുകയുണ്ടായി. യാത്രയിലുടനീളം അദ്ദേഹം മൗനിയായി ജമാഅത്തിന്റെ പ്രവൃത്തികളിൽ ഏർപ്പെട്ടു. മിക്കവാറും എഴുതികൊണ്ടിരിക്കുന്ന കാഴ്ചയാണ് സാധാരണ കാണാൻ സാധിക്കാറ്.

അദ്ദേഹത്തിന്റെ കന്നി പ്രസംഗം കേട്ട മൗലാന ബി. അബ്ദുല്ലാഹ് സാഹിബ് എഛ്.എയുടെ പ്രതികരണം "ഇനി എനിക്ക് മരിക്കാൻ പേടിയില്ല. ജമാഅത്തിനെ മുന്നോട്ട് നയിക്കുവാൻ പറ്റിയ ഒരാളെ അല്ലാഹു നൽകിയിരിക്കുന്നു" എന്നായിരുന്നു.വിവിധ ഭാഷകളിൽ പ്രസംഗിക്കുവാനും എഴുതുവാനും അദ്ദേഹത്തിനുള്ള പ്രാവീണ്യം ഒന്ന് വേറെ തന്നെ ആയിരുന്നു. അറിവിൽ രൂഢമൂലമായിട്ടുള്ളവരിൽ പെട്ട ഒരു മഹാപണ്ഡിതനായിരുന്നു അദ്ദേഹം. എല്ലാ അർത്ഥത്തതിലും ജമാഅത്തിന് ആധുനിക യുഗത്തിലേക്ക് പറ്റിയ ഒരു മുബല്ലിഗ് ആയിരുന്നു അദ്ദേഹം. മസീഹെ മൗഊദ് (അ) ന്റെ സഹാബാക്കളുമായി സഹവസിക്കുവാൻ അവസരം സിദ്ധിച്ച മഹാ ഭാഗ്യവാനാണ് മൗലവി സാഹിബ്. ഈ വിനീതനോട് മൗലവി സാഹിബ് പങ്കുവെച്ച ഒരു സംഭവം ഇവിടെ അനുസ്മരിക്കുകയാണ്. ഒരിക്കൽ മുബല്ലിഗ് പരീക്ഷയുടെ ഒടുവിലത്തെ പരീക്ഷ എഴുതിയപ്പോൾ വളരെ കഠിനമായ പ്രസ്തുത പരീക്ഷയിൽ തോൽക്കുമോ എന്ന് ഭയന്ന് അദ്ദേഹം ദുആക്കുള്ള അപേക്ഷയുമായി മസീഹെ മൗഊദ് (അ) ന്റെ സഹാബിയായ ഹദ്റത്ത് ഗുലാം റസൂൽ രാജകി (റ) നെ സമീപിച്ചു ദുആക്ക് അപേക്ഷിക്കുകയുണ്ടായി. അദ്ദേഹം മൗലവി സാഹിബിനു വേണ്ടി ദുആക്കായി സർവ്വശക്തന്റെ മുമ്പിൽ കയ്യുയർത്തി ദുആ ചെയ്ത ശേഷം താങ്കൾ പരീക്ഷയിൽ ഫസ്റ്റ് ക്ലാസോടെ വിജയിക്കുന്നതായിരിക്കും എന്ന് പറയുകയുണ്ടായി. തീരെ മോശമായി പരീക്ഷ എഴുതിയ മൗലവി സാഹിബ് ആശ്ചര്യത്തോടു കൂടി അദ്ദേഹത്തോട് അപ്രകാരം വല്ല അടയാളവും താങ്കൾ ദർശിക്കുകയുണ്ടായോ എന്ന് ചോദിച്ചപ്പോൾ രാജകി സാഹിബ് (റ) ഇപ്രകാരം പ്രതിവചിക്കുകയുണ്ടായി. ഞാൻ ആർക്കെങ്കിലും വേണ്ടി ദുആ ചെയ്താൽ ദുആ സ്വീകാര്യതയുടെ അടയാളമായി എന്റെ കയ്യിൽ ഒരു പ്രകാശം പ്രത്യക്ഷപ്പെടാറുണ്ട്. ഞാൻ താങ്കൾക്ക് വേണ്ടി ദുആ ചെയ്തപ്പോൾ അപ്രകാരം എന്റെ കയ്യിൽ ഒരു പ്രകാശം പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അതുകൊണ്ട് തീർച്ചയായും താങ്കൾ പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കുന്നതായിരിക്കും ഇൻശാ അല്ലാഹ്. പരീക്ഷയുടെ റിസൾട്ട് വന്നപ്പോൾ മൗലവി സാഹിബ് ഫസ്റ്റ് ക്ലാസോടെ വിജയിക്കുകയുണ്ടായി.

കണ്ണൂരിൽ ജനിച്ച് കോഴിക്കോട്ടുകാരനായി കോഴിക്കോട് ജീവിച്ച മൗലവി സാഹിബ് ഈ വിനീതന്റെ പെങ്ങളുടെ മകൻ ഷബീർ അഹമ്മദിന്റെ ജമാഅത്തിലേക്കുള്ള പ്രവേശനം സകല സംശയങ്ങളും ദൂരീകരിച്ചുകൊണ്ട് സാധ്യമാക്കി തീർത്തു. അൽഹംദുലില്ലാഹ്. അദ്ദേഹത്തിന്റെ ദുആയിൽ ഉൾപ്പെടുവാൻ സൗഭാഗ്യം സിദ്ധിച്ചത് ഈ വിനീതന്റെ ജീവിതത്തിലെ ഏറ്റവും വലിയ താഗ്യമായി കരുതുന്നു. ഈ വിനീതനും കുടുംബവും മൗലവി സാഹിബിനോട് എന്നെന്നും കടപ്പെട്ടിരിക്കുന്നു.

മൗലവി സാഹിബിന്റെ സ്ഥാന മാഹാത്മ്യത്തെ കുറിച്ച് കഴിഞ്ഞ 25 വർഷത്തിലേറെ അടുത്തിടപഴകി മനസ്സിലാക്കുവാൻ ഈ വിനീതന് സൗഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. അതിൽ ചിലത് ഇവിടെ കുറിക്കുന്നത് നമ്മുടെ ഈമാനിക വർദ്ധനവിന് കാരണമായിത്തീരുമെന്ന് കരുതി പങ്കുവെക്കുകയാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) ന്റെ അനുഗൃഹീത തൃക്കരം ഗ്രഹിക്കുവാനും ചുംബനം നൽകുവാനും ദുആക്കപേക്ഷിക്കുവാനും സൗഭാഗ്യം സിദ്ധിച്ച അപൂർവ്വം ചിലരിൽ ഒരാളാണ് മൗലവി സാഹിബ്. വിവിധ ഭാഷകളിൽ അനേകം ഗ്രന്ഥങ്ങൾ രചിക്കുവാനും മൗലവി സാഹിബിന് അല്ലാഹു പ്രത്യേക തൗഫീഖ് നൽകി അനുഗ്രഹിക്കുകയുണ്ടായി. എപ്പോഴും ഇസ്സത്തോടു കൂടിയും അന്തസ്സോടു കൂടിയും മാന്യതയോടു കൂടിയും ജമാഅത്തംഗങ്ങളോട് മുതിർന്നവരോ കുട്ടികളോ എന്ന വ്യത്യാസമില്ലാതെ എല്ലാവരോടും ഒരുപോലെ ഇടപഴകി ജീവിക്കുവാൻ മൗലവി സാഹിബിന് അല്ലാഹു സൗഭാഗ്യം നൽകി അനുഗ്രഹിക്കുകയുണ്ടായി. ഒരാളിൽ നിന്നും ഒരാക്ഷേപവും ഉണ്ടാകാതെ ജീവിക്കുവാൻ സൗഭാഗ്യം സിദ്ധിച്ച ബഹുമാന്യ വ്യക്തിത്വം ആയിരുന്നു മൗലവി സാഹിബ്. അല്ലാഹു കനിഞ്ഞു നൽകിയ ഇസ്സത്തോടും അന്തസ്സോടും ജീവിച്ച മഹാ വ്യക്തിത്വമായിരുന്നു മൗലവി സാഹിബ്. മർഹൂം എ.പി. കുഞ്ഞാമു സാഹിബ് കേരള സംസ്ഥാന അമീർ ആയിരുന്ന കാലഘട്ടത്തിൽ കേരളത്തിലെ 50ൽ അധികം ജമാഅത്തുകളുമായി ബന്ധപ്പെട്ട് മർക്കസിൽ നിന്നു വരുന്ന കത്തുകൾ യാതൊരു വൈമനസ്യവും കൂടാതെ വീണ്ടും ചോദിക്കുവാൻ ഇടവരുത്താതെ നിമിഷനേരം കൊണ്ട് തർജ്ജമ ചെയ്ത് മൗലവി സാഹിബ് അദ്ദേഹത്തിന് നൽകുമായിരുന്നു. ഔദ്യോഗിക കർത്തവ്യ നിർവ്വഹണ തിരക്കിനിടയിലും ഗ്രന്ഥരചനയും മാസികകൾക്ക് നൽകുവാനുള്ള ലേഖനങ്ങളും സമയാസമയം മുടങ്ങാതെ അദ്ദേഹം നൽകുമായിരുന്നു. ഇതിനുപുറമെ വിവിധ സ്ഥലങ്ങളിൽ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ മൗലവി സാഹിബ് പ്രഭാഷണങ്ങൾ നടത്താറുണ്ടായിരുന്നു. പ്രഭാഷണങ്ങളിൽ ഹിന്ദു സന്യാസിമാരെ പോലും അതിശയിപ്പിക്കും വിധം ശ്ലോകങ്ങൾ ചൊല്ലി അർത്ഥം പറയുമായിരുന്നു. ഇതിനിടയിൽ സംശയ നിവാരണത്തിനു വേണ്ടി തന്നെ സമീപിക്കുന്നവർക്ക് സ്വന്തം വീട്ടിൽ ഭക്ഷണങ്ങൾക്കുള്ള ഏർപ്പാ

ട് ചെയ്ത് മുഴുവൻ ദിവസവും മൗലവി സാഹിബ് അവരുമായി കഴിഞ്ഞ് കൂടുമായിരുന്നു. പ്രായാധിക്യം മൂലം തീരെ അവശനായിരുന്നിട്ടുകൂടി പരസഹായത്തോടെ എല്ലാ വെള്ളിയാഴ്ചയും മുടങ്ങാതെ ജുമുഅ നമസ്കാരങ്ങളിലും ജമാഅത്തു പരിപാടികളിലും കൃത്യ സമയത്ത് തന്നെ കുടുംബ സമേതം പങ്കെടുക്കുവാനായി ഹാജരാകുമായിരുന്നു. ഖലീഫത്തുൽ മസീഹ് സാനി(റ), സാലിസ്(റ), റാബിഅ്(റഹ്), ഖാമിസ്(അ) എന്നീ കാലത്തിന്റെ ഖലീഫമാരുടെ ഖുത്തുബകൾ ജമാഅത്തംഗങ്ങളെ കേൾപ്പിക്കുവാനുള്ള സൗഭാഗ്യം ലഭിച്ച അപൂർവ്വ വ്യക്തിത്വമായിരുന്നു മൗലവി സാഹിബ്. ഇന്നത്തെ പോലെ കാലത്തിന്റെ ഖലീഫമാരുടെ ഖുത്തുബകൾ ലഭ്യമല്ലാതിരുന്ന കാലഘട്ടത്തിൽ വളരെയേറെ പരിശ്രമിച്ച് ഖുത്തുബകൾ കേട്ട് എഴുതിയെടുത്തും പിന്നീട് റെക്കോർഡ് ചെയ്തും വിവർത്തനം ചെയ്ത് ജമാഅത്തംഗങ്ങളെ കേൾപ്പിക്കുമായിരുന്നു. മൗലവി സാഹിബിന്റെ ഈ പരിശ്രമത്തെ ശ്ലാഘിച്ചുകൊണ്ട് മറ്റുള്ളവർക്ക് ഇതിനെ ഒരു മാതൃകയാകത്തക്ക വണ്ണം ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ഒരിക്കൽ തന്റെ ഖുത്തുബയിൽ പരാമർശിക്കുകയുണ്ടായി. ജമാഅത്തിലെ പുരുഷന്മാരുടെയും സ്ത്രീകളുടെയും തർബിയത്തീ വിഷയങ്ങളിൽ മൗലവി സാഹിബ് സദാ ബദ്ധശ്രദ്ധനായിരുന്നു.

ജമാഅത്ത് അമീർമാരെ ആദരിക്കുന്നതിലും അദ്ദേഹം മറ്റുള്ളവർക്ക് ഒരു മഹനീയ മാതൃകയാണ്. മൗലവി സാഹിബ് ഈ വിനീതനെക്കാൾ എത്രയോ അറിവിലും അവസ്ഥയിലും ജീവിത പരിജ്ഞാനത്തിലും ഉന്നതനായിട്ടുകൂടി ഈ വിനീതൻ 2007ൽ അമീർ സ്ഥാനത്ത് വന്നതിൽ പിന്നെ വിനീതനോട് ഒരു അമീർ എന്ന നിലയിൽ എപ്പോഴും ദുആക്ക് അപേക്ഷിക്കുമായിരുന്നു. ഒരിക്കലും കയർത്ത് സംസാരിക്കുന്നതായി ഈ വിനീതന് അനുഭവപ്പെട്ടിട്ടില്ല. ഒരു മുബല്ലിഗിനു വേണ്ട എല്ലാ ഗുണങ്ങളുമുള്ള സൽഗുണസമ്പന്നനായിരുന്നു മൗലവി സാഹിബ്.

അല്ലാഹുവിൽ നിന്നും അനേകം പാരിതോഷികങ്ങൾ ലഭിച്ച മൗലവി സാഹിബിന് തന്റെ ജീവിതകാലത്ത് തന്നെ തന്റെ മകളുടെ മകൻ ഷഫീഖ് സാഹിബിനെ ഹുസൂർ തിരുമനസ്സ് ജാമിഅയുടെ പ്രധാന അദ്ധ്യാപകനായി നിയമിച്ച സന്തോഷം അനുഭവിക്കുവാനുള്ള സൗഭാഗ്യം സിദ്ധിക്കുകയുണ്ടായി. അങ്ങനെ ജമാഅത്തിന്റെ പ്രവർത്തനത്തിന് വേണ്ടി തന്റെ ഒരു പിൻഗാമിയെ ഏർപ്പാട് ചെയ്തിട്ടാണ് ആ മഹാനുഭാവൻ നമ്മെ വിട്ടു പിരിഞ്ഞത്.

അല്ലാഹു മൗലവി സാഹിബിന് ജന്നത്തുൽ ഫിർദൗസിൽ ഇടം നൽകുകയും തന്റെ അനുഗ്രഹീതരിൽ ഉൾപ്പെടുത്തുകയും ചെയ്യുമാറാകട്ടെ. ആമീൻ. സംതപ്ത കുടുംബാംഗങ്ങൾക്ക് അദ്ദേഹത്തിന്റെ പാത പിന്തുടർന്നു കൊണ്ട് ജമാഅത്തിന് സേവനം ചെയ്യുവാനുള്ള സൗഭാഗ്യവും തൗഫീഖും അല്ലാഹു നൽകി അനുഗ്രഹിക്കുമാറാകട്ടെ.

---

**പേജ് 15 ൽ നിന്ന് തുടർച്ച**

സർവ്വീസുകാരൻ ഏണിയിൽ പിടിച്ചു കയറി കുഞ്ഞിനെ കൈയിൽ വാങ്ങി ഭാര്യ ധൈര്യമവലംബിച്ച് ഏണിയിലൂടെ ഇറങ്ങി താഴെ വന്നു. പിറ്റേന്ന് പത്രത്തിൽ ഈ രംഗം പടത്തോടു കൂടി ഒരമ്മയുടെയും കുഞ്ഞിന്റെയും മുഅ്ജിസത്തെന്നോളമുള്ള രക്ഷപ്പെടൽ എന്ന ശീർഷകത്തിൽ വാർത്ത വന്നിരുന്നു. അങ്ങനെ അല്ലാഹു അത്ഭുതകരമായ രീതിയിൽ തന്റെ അനുഗ്രഹവും കാരുണ്യവും പ്രകടിപ്പിച്ച് സന്ദർഭം എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാൻ സാദ്ധ്യമല്ല.

**ചോദ്യം:** ***സത്യദൂതൻ വായനക്കാരോട് താങ്കൾക്കുള്ള സന്ദേശമെന്താണ്?***

**ഉത്തരം** :സത്യദൂതൻ കേരളത്തിലെ ഏറ്റവും പഴക്കമുള്ള മുസ്‌ലിം മാസികയാണ്. അല്ലാഹു അയച്ച ഒരു ദിവ്യാത്മാവിന്റെ സന്ദേശം മലയാളക്കരയിൽ പ്രചരിപ്പിക്കുന്ന ദിവ്യദൗത്യം ഏറ്റെടുത്ത് ഒരു പ്രസിദ്ധീകരണമാണ് സത്യദൂതൻ. മറ്റുള്ള മാസിക പ്രസിദ്ധീകരണങ്ങളിൽ നിന്നും തീർച്ചയായും സത്യദൂതൻ വേറിട്ടു നിൽക്കുന്നു. സത്യദൂതൻ ഇന്ന് വിപിപുലമായ വൃത്തത്തിൽ ഗൗരവപൂർവ്വം വായിക്കപ്പെടുന്നുണ്ട്. ഇതിൽ വരുന്ന ലേഖനങ്ങളിൽ സ്ഫുരിക്കുന്ന ആത്മീയവും സത്യത്തോടുള്ള നിഷ്ക്കളങ്കമായ സമർപ്പണവും വായനക്കാർക്ക് തീർച്ചയായും അനുഭവഭേദ്യമായിട്ടുണ്ടാവും. സത്യദൂതൻ എളിയ നിലയിൽ പറയാൻ ശ്രമിക്കുന്ന കാര്യങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ചറിയണമെന്നാണ് വായനക്കാരോടുള്ള എന്റെ വിനീതമായ അഭ്യർത്ഥന. മനുഷ്യ ജീവിതം ക്ഷണഭംഗുരമാണ്. സന്തോഷങ്ങളും ദുഖങ്ങളും നേട്ടങ്ങളും കോട്ടങ്ങളും സമ്മിശ്രമായി അതിവേഗം ജീവിച്ചു തീർക്കുന്ന മനുഷ്യൻ ജീവിതത്തിൽ സഹനവും ക്ഷമയും കൈകൊള്ളുകയും പ്രാർത്ഥനയോടെ ദൈവത്തിലേക്ക് എപ്പോഴും തിരിഞ്ഞു കൊണ്ട് സത്യാന്വേഷിയായിരിക്കണമെന്നാണ് എന്റെ അപേക്ഷ. .

---

**പേജ് 37 ൽ നിന്ന് തുടർച്ച**

വധിച്ചതുമെല്ലാം അന്തർദേശീയ മര്യാദക്കും നീതിക്കും നിരക്കാത്ത കാര്യങ്ങളാണ്. കഴിഞ്ഞ 4 വർഷമായി അമേരിക്കയിൽ നാം കണ്ടു കൊണ്ടിരുന്നത് ഈ നീതിരാഹിത്യമാണ്. ലോകത്തിലെ ഒരു വൻ ശക്തിതന്നെ ഈ വിധം നീതിയും സത്യവുമില്ലാതെ പ്രവർത്തിക്കുമ്പോൾ ലോകത്തിന്റെ ധാർമികത അവതാളത്തിലാവും. അതിൽ നിന്ന് ബൈഡൻ എന്ത് മാറ്റമാണ് കൊണ്ട് വരിക എന്നതാണ് ലോകം ഉറ്റു നോക്കുന്നത്.

# കെ അബ്ദുർ റസാക്ക് സാഹിബ്

ബി. മൻസൂർ അഹ്മദ്
മാത്തോട്ടം.



മാത്തോട്ടം ജമാഅത്തിലെ കെ അബ്ദുർറസാക്ക് സാഹിബ് (78) ജനുവരി 24 ന്ന് സ്വവസതിയിൽ വഫാത്തായി. ഇന്നാ ലില്ലാഹി........

മനുഷ്യന്റെ മതജീവിതത്തിലെ പരിവർത്തനത്തിന്റെ നാൾവഴികൾ വിചിത്രം എന്നതിനേക്കാൾ വിസ്മയകരം കൂടിയാണ്. ചില ആത്മീയ പ്രഭാവമുള്ള വ്യക്തികളുമായുള്ള യാദൃച്ഛിക സമാഗമങ്ങൾ മനുഷ്യ ജീവിതത്തിന്റെ ഭാഗധേയം തന്നെ മാറ്റിമറിക്കുന്നു. അങ്ങനെയൊരു സമാഗമമായിരുന്നു മൗലാനാ അബ്ദുല്ലാഹ് സഹിബ് എച്ച് എ യുമായി കെ അബ്ദുർ റസ്സാക്ക് സാഹിബിന്റെ കണ്ടുമുട്ടൽ. അഹ്മദിയ്യാ മിഷണറിയായിരുന്ന മൗലാനാ എച്ച് എ യുടെ ജ്ഞാനത്തിന്റെ അത്യഗാധമായ പ്രസരണത്തിന്ന് മുന്നിൽ അദ്ദേഹം ആകൃഷ്ടനാകുകയായിരുന്നു.

തന്റെ പതിനേഴാമത്തെ വയസ്സിൽ അദ്ദേഹം ബൈഅത്ത് ചെയ്തു അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിൽ അംഗമായി ഇതിന് നിമിത്തമേകിയത് അങ്ങനെയൊരു യാദൃച്ഛിക സമാഗമമായിരുന്നു. കോഴിക്കോട് ബേപ്പൂർ ആയിരുന്നു അദ്ദേഹത്തിന്റെ സ്വദേശം. 1942 ൽ ആമു ബിച്ചീബി ദമ്പതിമാരുടെ കടിഞ്ഞൂൽ പുത്രനായാണ് അദ്ദേഹം ഭൂജാതനായത്. കൗമാരപ്രായത്തിൽ തന്നെ ബേപ്പൂരിലെ ഒരു പ്രിന്റിംഗ് പ്രസ്സിൽ അദ്ദേഹം ഉപജീവനാർത്ഥം ജീവനക്കാരനായി പ്രവേശിച്ചു. സഹപ്രവർത്തകരിൽ ഒരാൾ സൗഹൃദ സംഭാഷണ മധ്യേ അദ്ദേഹത്തെ ഉണർത്തിച്ചു. 'ഇന്ന് ഒരു ഔലിയ വരുന്നുണ്ട് കണ്ടു പരിചയപ്പെട്ടോളൂ'. അപ്പോഴത് നിസ്സാരസംഭവമായി അദ്ദേഹം ധരിച്ചു. പക്ഷേ ആ ധാരണ തിരുത്താൻ അധികസമയം വേണ്ടി വന്നില്ല. അത്ര പ്രതിഭയും പാണ്ഡിത്യവും വിനയവും ഉള്ള വ്യക്തിയെയായിരുന്നു അദ്ദേഹം കണ്ടു മുട്ടിയത്. മൗലാനാ എച്ച് എ എഴുതിയ ഒരു പുസ്തകത്തിന്റെ ആവശ്യാർഥമായിരുന്നു സന്ദർശനോദ്ദേശ്യം. അദ്ദേഹത്തിന്റെ ഭാഷണത്തിന്റെ ആന്തരിക സൗന്ദര്യത്തിൽ ഭ്രമിച്ചുപോയ റസാക്ക് സാഹിബ് തന്റെ വിവരമില്ലായ്മയിൽ ഒരു നിമിഷം കുറ്റബോധത്താൽ ലജ്ജിച്ചുപോയി. ആ പ്രതിഭയുടെ മാസ്മരിക വലയത്തിലകപ്പെട്ട റസാക്ക് സാഹിബ് അടിക്കടി ദാറുസ്സലാമിൽ മൗലാനയെ കാണാൻ വരുന്ന നിത്യസന്ദർശകനായി മാറി. അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശം ഹൃദിസ്ഥമാക്കി തന്റെ മനസ്സിനെ തന്നത്താൻ വിമലീകരിച്ചു. മൗലാനാ അബ്ദുല്ലാഹ് സാഹിബ് മുഖേന ബൈഅത്ത് ചെയ്തു അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ പ്രവേശിച്ചു. ആ പ്രസ്ഥാനത്തിന്റെ പ്രവർത്തകനും പ്രചാരകനും പ്രബോധകനുമായിരുന്നു. ദീർഘകാലം അദ്ദേഹം കോഴിക്കോട് ജമാഅത്തിന്റെ തബ്ലീഗ് സെക്രട്ടറിയായിരുന്നു. അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിറഞ്ഞ ആത്മാർത്ഥതയായിരുന്നു. വാർത്തകളുടെ പി.ആർ.ഒ. വർക്കുകൾ അദ്ദേഹം സ്വയമേവ കയ്യാളി. ഒട്ടെല്ലാ മാധ്യമ സ്ഥാപനങ്ങളിലും ഇതിനായി മുറതെറ്റാതെ അദ്ദേഹം കയറിയിറങ്ങി. അഹ്മദിയ്യാ ജമാഅത്തിന്റെ ഏതൊരു പരിപാടിയും വായനാലോകത്തിന്റെ മുന്നിൽ എത്തിക്കുന്ന വാതായനമായി അദ്ദേഹം നിലകൊണ്ടു. അതിൽ അദ്ദേഹം അഭിമാനിക്കുകയും ചെയ്തു.

പത്ര വാർത്താസ്ഥാപനങ്ങളിൽ ജമാഅത്തിന്റെ വാർത്തകളെത്തിക്കുക എന്നത് അദ്ദേഹത്തിന്റെ അദമ്യമായ അഭിലാഷമായിരുന്നു. എല്ലാ പത്രങ്ങളിലും ജമാഅത്തിന്റെ ന്യൂസ് എത്തിച്ചെങ്കിൽ മാത്രമേ അദ്ദേഹത്തിന് ഉറക്കം വരൂ. അതിന്നായി നിരവധി തവണ പത്ര ഓഫീസുകളിൽ പോകാനും അദ്ദേഹം മടിച്ചില്ല. ഏത് ചെറിയ പരിപാടിക്കുപോലും പത്രസമ്മേളനം വിളിച്ചു ചേർക്കലായിരുന്നു അദ്ദേഹത്തിന്റെ രീതി. അതുകൊണ്ട് വലിയ വൃത്തങ്ങളിൽ ജമാഅത്തിന്റെ വാർത്തകൾ നിരന്തരം സജീവമായി വന്നുകൊണ്ടിരുന്നു. അക്ഷരങ്ങളെ അത്രമേൽ സ്നേഹിച്ചിരുന്ന വ്യക്തി എന്ന നിലയിൽ പ്രസിദ്ധീകരണങ്ങൾ വരുത്തിവെക്കുന്ന അക്ഷരപ്പിശകുകളെ അദ്ദേഹം നിശിതമായി വിമർശിച്ചിരുന്നു. അദ്ദേഹത്തിന്റെ നിലപാടുകളിലെ ഈ കാർക്കശ്യം കാരണം സുഹൃത്തുക്കൾ പലരും പ്രസിദ്ധീകരണത്തിനു മുമ്പായി തന്നെ തങ്ങൾ എഴുതിയ ലേഖനങ്ങളുടെ പ്രൂഫുകൾ വായിച്ചുനോക്കി പിശകുകൾ തിരുത്തി നൽകാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയും ചെയ്യുമായി

രുന്നു. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സംസ്ഥാന സമ്മേളന വേദികളിൽ ഒക്കെ പ്രസ്ഥാനവുമായി ബന്ധപ്പെട്ട പത്രവാർത്തകളുടെ കട്ടിങ്ങുകൾ വലിയ വാർത്താ ബോർഡായി പ്രദർശിപ്പിക്കുന്നതിലും അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. വിശ്വാസി എന്ന നിലയിൽ നമസ്കാര വേളകളിൽ പ്രാർത്ഥനകളുമായി ബന്ധപ്പെട്ട ചിട്ടകളിൽ നിന്ന് അദ്ദേഹം അണുകിട വ്യതിചലിച്ചില്ല. വാർദ്ധക്യത്തിലും കാലിന് പരിക്ക് പറ്റിയപ്പോഴും തിരുനബി വചനത്തെ അതേപടി പിന്തുടർന്നുകൊണ്ട് അദ്ദേഹം നമസ്കാരത്തിന് യാതൊരു മുടക്കവും വരുത്തിയില്ല.

ഒരു യഥാർത്ഥ ദൈവവിശ്വാസി അവന്റെ വിനീത ദാസൻ ആയിരിക്കണം എന്ന ഉത്തമബോധം അദ്ദേഹത്തെ സദാ ഭരിച്ചിരുന്നു. പ്രായാധിക്യത്തിലും ഒരു യുവാവിന്റെ ഊർജ്ജസ്വലത അദ്ദേഹത്തിനുണ്ടായിരുന്നു. ഞങ്ങൾ തമ്മിൽ വിവരണാതീതമായ ഒരു ആത്മബന്ധം നിലനിന്നിരുന്നു. ഞാൻ ഖുദ്ദാം ആയിരിക്കുമ്പോൾ നാമ്പിട്ട ആ സൗഹൃദം അദ്ദേഹത്തിന്റെ മരണം വരെ യാതൊരു ഉലച്ചിലും സംഭവിക്കാതെ നിലനിർത്താനുമായി. ദുആയിൽ അമിതമായുള്ള വിശ്വാസം അദ്ദേഹം ചേർത്തുപിടിച്ചു. സഹധർമ്മിണിയുടെ മരണത്തിന് ശേഷം അദ്ദേഹം എന്നോട് ഇങ്ങനെ പറഞ്ഞു. 'എല്ലാ ദുആയിലും ഭാര്യയുടെ പരലോക സുഖത്തെക്കുറിച്ച് അല്ലാഹുവിനോട് ഞാൻ മനമുരുകി അപേക്ഷിക്കാറുണ്ടായിരുന്നു. അല്പ ദിവസം കഴിഞ്ഞു മകളുടെ ഒരു ഫോൺ സന്ദേശം ഉണ്ടായി. 'ഉമ്മയെ ഞാൻ പുഞ്ചിരിക്കുന്ന മുഖഭാവത്തോടെ ശുഭ്രവസ്ത്രധാരിണിയായി സ്വപ്നത്തിൽ ദർശിച്ചു.' മകളുടെ ഈ വെളിപ്പെടുത്തൽ അദ്ദേഹത്തിന്റെ മനസ്സിൽ കുളിർമഴ പെയ്യിച്ചു. അത് അല്ലാഹുവിന്റെ പക്കൽ നിന്നുള്ള ശുഭസൂചകമായ ആത്മീയ സന്ദേശമാണെന്ന് അദ്ദേഹം വിശ്വസിച്ചു. അബ്ദുർ റസാക്ക് സാഹിബിന് അല്ലാഹു ജന്നത്തും മഅഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

**ഭാര്യ**: പരേതയായ എ. പി സൈനബി. **മക്കൾ** ഡോ. കെ. വസീം (ഫാത്തിമ ഹോസ്പിറ്റൽ), കെ. മുഫ്‌ലിഹ, കെ. മുസ്‌ലിഹ, കെ. മുംതാസ്, **മരുമക്കൾ** കെ നാൻസി, എം. റഫീ അഹ്മദ്(മിഡ്‌ലണ്ട് പെയിൻസ് കോഴിക്കോട്), എം എച്ച് ഉനൈസ് (ആദിനാട്), കെ. പി കലീം അഹ്മദ്.

പേജ് 28 ൽ നിന്ന് തുടർച്ച

കൊണ്ടുമാവാം ഇത്. ധാർഷ്ട്യമോ അഹങ്കാരമോ ഇല്ലാത്ത ഒരു സമൂഹത്തെ ഞാനിവിടെ ജോർദ്ദാനിൽ കാണുന്നു. മതനിഷ്ഠ പുലർത്തുവാൻ ഇവർ പരമാവധി ശ്രമിക്കുന്നതും ശ്രദ്ധേയമാണ്. പർദ്ദ ധരിക്കാത്ത മുസ്ലീം വനിതകൾ താരതമ്യേന കുറവായിരുന്നു. തുണിപ്പീടികയ്ക്കു മുമ്പിൽ വച്ചിരുന്ന പെൺപ്രതിമകൾക്കുപോലും പർദ്ദയുടെ മുഖാവരണം കാണുന്നു.

ഇനി യാത്രാ വിശേഷങ്ങളിലേക്കു നമുക്കു മടങ്ങിപ്പോകാം.

പെട്രയ്ക്കു പോകും വഴി ഒരു വ്യൂപോയിന്റിനടുത്ത് കാറിൽ നിന്നിറങ്ങി നിൽക്കുകയാണല്ലോ ഞാൻ. മുസ്തഫ സിഗററ്റും പുകച്ചുകൊണ്ട് കാറിനടുത്തു നിൽപ്പുണ്ട്. വ്യൂപോയിന്റിൽ നിന്നും താഴേയ്ക്കു നോക്കുമ്പോൾ നൂറ്റാണ്ടുകണക്കിനു വർഷങ്ങൾ പിന്നിലേയ്ക്കുപോയ അനുഭവമാണ് ഉണ്ടാകുന്നത്. പഴയകാലത്തുള്ള വീടുകൾ തനതു രീതിയിൽ അതേപടി സംരക്ഷിച്ചുനിർത്തിയിരിക്കുന്നു താഴെ താഴ്‌വാരത്തിൽ. വാഡിമൂസ എന്നാണ് ഈ ചെറു നഗരം അറിയപ്പെടുന്നത്. മോസ്സസിന്റെ താഴ്‌വര എന്നർത്ഥം. അങ്ങു ദൂരെ ഒരു മലകാണാം. അതിനു കീഴെയാണ് പ്രസിദ്ധമായ പെട്രാവാലി. ജോർദ്ദാനിൽ വന്ന ശേഷം ഈ താഴ്‌വര നഗരത്തിലാണ് തഴച്ചു വളരുന്ന മരങ്ങൾ ആദ്യമായി കാണുന്നത്. ടൂറിസത്തിന്റെ പ്രാധാന്യവും അതിൽ നിന്നുള്ള ആദായവും തിരിച്ചറിഞ്ഞ ജോർദ്ദാൻ, സഞ്ചാരികൾക്കായി ഒരുക്കിയിരിക്കുന്ന സൗകര്യങ്ങളിൽ ഉൾപ്പെട്ടതാണ് ഈ വ്യൂപോയിന്റിലെ കൽമണ്ഡപവും മറ്റും.

ഞങ്ങൾ യാത്ര തുടരുകയാണ്.
(തുടരും)



മജ്‌ലിസ് അൻസാറുല്ലാഹ് എറണാകുളം ജില്ലയുടെ ആഭിമുഖ്യത്തിൽ ആർദ്രത ശിശുഭവൻ മണ്ണൂരിലെ അന്തേവാസികളായ കുട്ടികൾക്കുള്ള സ്കൂൾ ബാഗ് വിതരണോത്ഘാടനം എറണാകുളം ജില്ല അമീർ ടി.കെ. അബൂബക്കർ സാഹിബ് നിർവ്വഹിക്കുന്നു. പി.കെ. ശാഹുൽ ഹമീദ്, മുഹമ്മദ് ഇബ്രാഹിം, ജില്ലാ നാസിം മുഹമ്മദ് സഫ്‌വാൻ എന്നിവർ സമീപം.

Published on 07.02.2021
Pages 44
Vol: 93 Issue. 02
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly


## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ**
**ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**ഒരു കോപ്പിക്ക് 30 രൂപ**
**വാർഷിക വരിസംഖ്യ 300 രൂപ**

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com


Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim